# കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
## *21–ാം കോൺഗ്രസിനായുള്ള കരട് രാഷ്ട്രീയ പ്രമേയം*

***(2015 ജനുവരി 19–21 തീയതികളിൽ ഹൈദ്രാബാദിൽ ചേർന്ന കേന്ദ്രകമ്മിറ്റി യോഗം അംഗീകരിച്ചത്)***

## സാർവദേശീയ സാഹചര്യം

1.1 രാജ്യത്ത് വലിയ ഒരു രാഷ്ട്രീയമാറ്റം ഉണ്ടായിരിക്കുകയാണ്. മോഡി ഗവൺമെന്റിന്റെ അധികാരാരോഹണം ഇന്ത്യൻ രാഷ്ട്രീയത്തിലെ വലതുപക്ഷ വ്യതിയാനത്തിന്റെ ദൃഢീകരണത്തെ പ്രതിനിധാനം ചെയ്യുന്നു. നവലിബറൽ സാമ്രാജ്യത്വാനുകൂല ദിശാബോധത്തോടുകൂടിയ ഹിന്ദുത്വനീക്കത്തെയും അത് വിളക്കിച്ചേർക്കുന്നു. നഗ്നമായ വൻകിട ബിസിനസ് അനുകൂല നയങ്ങളിൽ ഇതിന്റെ ആഘാതം കാണാവുന്നതാണ്; സാമൂഹിക അസമത്വങ്ങളെ അതു കൂടുതൽ രൂക്ഷമാക്കും; അധ്വാനിക്കുന്ന ജനങ്ങളെ ചൂഷണം ചെയ്യുന്നത് കൂടുതൽ തീവ്രമാക്കുകയും ചെയ്യും. ഹിന്ദുത്വ ശക്തികളുടെ കടന്നാക്രമണവുമായി ഇത് കൂടിച്ചേരുമ്പോൾ, അധ്വാനിക്കുന്ന ജനങ്ങൾക്കനുകൂലമായി വർഗ ശക്തികളുടെ ബലാബലത്തെ മാറ്റുകയെന്ന നമ്മുടെ ലക്ഷ്യത്തിനുനേരെ പുതിയതും കടുത്തതുമായ വെല്ലുവിളികൾ ഉയർത്തുന്നു. സ്ഥിതിഗതികളെ കൃത്യമായി മനസിലാക്കുന്നതിന് ആദ്യമേ തന്നെ സാർവദേശീയ സ്ഥിതിഗതികളെ വിശകലനം ചെയ്യേണ്ടത് ആവശ്യമാണ്. ദേശീയ സ്ഥിതിഗതികൾക്കുമേൽ അതിന് നേരിട്ട് സ്വാധീനമുണ്ട്.

1.2 20–ാം കോൺഗ്രസിന് ശേഷമുള്ള സാർവദേശീയ സാഹചര്യങ്ങളുടെ സവിശേഷതകൾ ഇവയാണ്:

1. 2008 ലെ ആഗോള ധനപ്രതിസന്ധിയിൽ നിന്നുള്ള അനിശ്ചിതവും ദുർബലവുമായ വീണ്ടെടുപ്പ്.
2. സൈനിക ഇടപെടലുകളിലൂടെയും ധന–ബാങ്കിംഗ് വ്യവസ്ഥകളുടെ മേലുള്ള നിയന്ത്രണത്തിലൂടെ ലോകമുതലാളിത്ത വ്യവസ്ഥയിലുള്ള മേധാവിത്വപരമായ പങ്കിലൂടെയും കരുതൽ നാണയമെന്ന ഡോളറിന്റെ സ്വാധീനത്തിലൂടെയും മർമ്മ പ്രധാന സാങ്കേതിക വിദ്യയിലൂടെയും തങ്ങളുടെ ആഗോള അധീശത്വപരമായ പങ്കു നിലനിർത്താൻ അമേരിക്ക നിരന്തരം നടത്തുന്ന നീക്കങ്ങൾ.
3. പശ്ചിമേഷ്യയിൽ ഇറാഖിലും ലിബിയയിലും സിറിയയിലും അമേരിക്കൻ നേതൃത്വത്തിൽ നടത്തിയ ഇടപെടലുകളുടെ വിനാശകരമായ അനന്തര ഫലങ്ങൾ വലിയ തോതിലുള്ള ആൾനാശത്തിനും ഇസ്ലാമിക തീവ്രവാദത്തിന്റെ ഉയർന്നുവരവിനും ഇടയാക്കി.
4. കിഴക്കൻ പ്രദേശങ്ങളിലേക്ക്, വിശിഷ്യാ ഉക്രൈനിലേക്ക് അമേരിക്കയുടെയും നാറ്റോ ശക്തികളുടെയും വ്യാപനം ലക്ഷ്യമിട്ട് റഷ്യയുമായി പുതിയൊരുവട്ടം കൂടി ഏറ്റുമുട്ടൽ.
5. ഏഷ്യയിലെ അമേരിക്കൻ കേന്ദ്രീകരണവും അതേ തുടർന്ന് ചൈനയുടെ വർദ്ധിച്ചുവരുന്ന ശക്തിയും സ്വാധീനവും തടയുക എന്ന ലക്ഷ്യത്തോടുകൂടി അമേരിക്ക നടത്തുന്ന തന്ത്രപരവും സൈനികവുമായ കരുനീക്കങ്ങളും.
6. റഷ്യയും ചൈനയും തമ്മിൽ വർദ്ധിച്ചുവരുന്ന തന്ത്രപരമായ സഹകരണം; പരസ്പര സഹകരണം ശക്തിപ്പെടുത്തുന്നതിന് ബ്രിക്സ് രാജ്യങ്ങൾ കൈക്കൊള്ളുന്ന നടപടികൾ; ദക്ഷിണ–ലാറ്റിനമേരിക്കയിലെ മേഖലാ തല സഹകരണം; ഇതെല്ലാം ബഹുധ്രുവതയുടേതായ പ്രവണത ശക്തിപ്പെടാൻ ഇടയാക്കുന്നു.
7. യൂറോപ്പിൽ ചെലവ് ചുരുക്കൽ നടപടികൾക്കെതിരെ തൊഴിലാളി വർഗത്തിന്റെയും ജനകീയ പ്രസ്ഥാനങ്ങളുടെയും പോരാട്ടങ്ങളും പുത്തൻ ഇടതുപക്ഷത്തിന്റെയും ജനകീയ കക്ഷികളുടെയും പ്രസ്ഥാനങ്ങളുടെയും ഉയർച്ചയും.
8. സാമ്രാജ്യത്വ പിന്തുണയോടെ വർദ്ധിച്ചുവരുന്ന എതിർപ്പിനെ നേരിട്ടുകൊണ്ട് വെനസ്വേലയിലേതുപോലെ ഇടതുപക്ഷ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ തുടരുന്ന പോരാട്ടം. ബൊളീവിയ, ഉറുഗ്വേയ്, ഇക്വഡോർ എന്നിവയിലെപോലെ അവ ബദൽപാതയ്ക്ക് തങ്ങളുടേതായ പിന്തുണ ഉറപ്പാക്കുന്നുണ്ട്.

### ആഗോള സമ്പദ്ഘടന

1.3 ഇപ്പോൾ നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി ഒറ്റപ്പെട്ട ഒരു പ്രതിഭാസമല്ല. അത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട പ്രതിസന്ധിയാണ്; മുതലാളിത്ത വ്യവസ്ഥയുടെ ആന്തരിക നിയമങ്ങളിൽ ആഴത്തിൽ വേരുറപ്പിച്ചിട്ടുള്ളതാണത്. അനിയന്ത്രിതമായ വായ്പകളും ഊഹക്കച്ചവടവും മൂലം ഉയർന്നുവന്ന 2007–08 ധനപ്രതിസന്ധിയും തന്മൂലമുണ്ടായ സബ്പ്രൈം പ്രതിസന്ധിയും കോർപ്പറേറ്റുകൾ പാപ്പരാക്കുന്നതിനിടയാക്കി. ഇതിനടുത്ത ഘട്ടം ഭരണകൂടം ബാങ്കുകളെയും ധനകാര്യ കോർപ്പറേഷനുകളെയും വൻതോതിൽ രക്ഷപ്പെടുത്തിയതായിരുന്നു. ഇത് കോർപ്പറേറ്റ് കടങ്ങൾ രാഷ്ട്രങ്ങളുടെ കടം ആയി മാറ്റപ്പെടുന്നതിനിടയാക്കി; പ്രതിസന്ധിയുടെ മറ്റൊരു ഘട്ടത്തിന് അത് തുടക്കമിട്ടു. അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന പ്രതിസന്ധിയുടെ ഓരോ ഘട്ടത്തെയും അതിജീവിക്കുന്നതിന് ഭരണ വർഗങ്ങൾ കൈക്കൊണ്ട നടപടികൾ അധ്വാനിക്കുന്ന ജനങ്ങളെ ചൂഷണം ചെയ്യുന്നത് തീവ്രമാക്കുകയായിരുന്നു ; അവരുടെ ഉപജീവനമാർഗത്തിനും സാമൂഹിക ക്ഷേമത്തിനും മേലുള്ള ആക്രമണങ്ങളായിരുന്നു അവ.

1.4 'ചെലവ് ചുരുക്കൽ നടപടികൾ' അടിച്ചേൽപ്പിച്ചുകൊണ്ട് സർക്കാരിന്റെ ചെലവുകളിൽ കടുത്ത വെട്ടിക്കുറവ് വരുത്തിക്കൊണ്ടാണ് പ്രതിസന്ധിയുടെ ഇപ്പോഴത്തെ ഘട്ടം ഇതൾ വിടർത്തുന്നത്. അധ്വാനിക്കുന്ന ജനങ്ങൾ കടുത്ത പോരാട്ടം നടത്തി നേടിയ അവകാശങ്ങൾക്ക് മേലുള്ള നഗ്നമായ ആക്രമണമാണിത്. അവരുടെ സാമ്പത്തിക അവകാശങ്ങൾക്കുനേരെയുള്ള ഈ ആക്രമണത്തിനൊപ്പം അവരുടെ സാമൂഹികവും രാഷ്ട്രീയവുമായ അവകാശങ്ങൾക്കുമേലുള്ള ആക്രമണവും നടക്കുന്നു. ഭാവിയിലെ പ്രതിസന്ധിയുടെ വിത്തുകൾ ഇത് വിതയ്ക്കുന്നു. ജനങ്ങളുടെ വാങ്ങൽശേഷിയിൽ ഇടിവുണ്ടായത് ഇപ്പോൾ നിലവിലുള്ള പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കും.

1.5 ഈ പശ്ചാത്തലത്തിൽ, സാമ്പത്തിക വീണ്ടെടുപ്പ് എന്ന് വിളിക്കപ്പെടുന്നത്, അങ്ങനെയൊന്നുണ്ടെങ്കിൽ, പരിമിതമായ ഒരു ഭൂവിഭാഗത്തിൽ മാത്രമേ മുഖ്യമായി (അമേരിക്കയിൽ) ദൃശ്യമാകുന്നുള്ളു; അവിടെ പോലും അത് ഇപ്പോഴും ദുർബലവുമാണ്; അതും തൊഴിലവസര വളർച്ചയുടെ പ്രവണതയെന്നതിലുപരി ജി.ഡി.പിയുടെ വളർച്ചാസംഖ്യകളിലാണ് കൂടുതലായി കാണപ്പെടുന്നത്. നേരെ മറിച്ച് യൂറോപ്പ് ഇപ്പോഴും സാമ്പത്തിക മാന്ദ്യത്തിന്റെ നടുവിൽ തന്നെയാണ്. ജപ്പാനിലാകട്ടെ ദീർഘകാലമായി തുടരുന്ന മോശപ്പെട്ട വളർച്ചാ തോത് കൂടുതൽ വഷളായി വരുന്നതായാണ് കാണപ്പെടുന്നത്. സർവോപരി, മറ്റെല്ലായിടത്തും വളർച്ചയിലുണ്ടാകുന്ന കുറവ് പരിഹരിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്ന ''ഉയർന്നു വരുന്ന വിപണികൾ'' എന്ന് വിളിക്കപ്പെട്ടിരുന്നവയിലും വിശിഷ്യാ ചൈനയിലും ഇന്ത്യയിലും അടുത്ത കാലത്തായി വളർച്ചയിൽ പിന്നോട്ടടി അനുഭവപ്പെടുകയാണ്.

1.6 2009 നുശേഷമുള്ള ലോകവ്യാവസായിക ഉൽപാദന വളർച്ചയുടെ ശരാശരി സാമ്പത്തിക മാന്ദ്യത്തിനുമുൻപുണ്ടായിരുന്ന നിരക്കിന്റെ 40 ശതമാനം മാത്രമാണ്; ദീർഘകാല ശരാശരിയുടെ 60 ശതമാനം മാത്രമേ എത്തുന്നുമുള്ളൂ. ലോകമുതലാളിത്തത്തിന്റെ ഉൽപാദന മേഖലകൾ വളരെ മന്ദഗതിയിലാണ് വളരുന്നത്. 2014 ലെ അങ്ക്ടാഡ് റിപ്പോർട്ട് അനുസരിച്ച് 2012 ലും 2013 ലും ലോകസമ്പദ്ഘടന 2.3 ശതമാനപ്രകാരം മാത്രമേ വളർന്നുള്ളൂ. 2014 ലും ഇത് അൽപവും മെച്ചമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നില്ല. 2014 ലും 2015 ലും ചൈന മാത്രമേ 7 ശതമാനം വളർച്ചാനിരക്ക് കൈവരിക്കൂ എന്ന് പ്രതീക്ഷിക്കപ്പെടുന്നുള്ളൂ.

1.7 വീണ്ടെടുപ്പിന്റെ ദുർബലതയെ കൂടുതൽ ശക്തിപ്പെടുത്തുന്ന മറ്റു പല ഘടകങ്ങളുമുണ്ട്; അവയെല്ലാം സജീവമാവുകയാണ്. അമേരിക്കയിലെ 'അളവുപരമായ അയവു വരുത്തലി'ൽ (ഡോളർ വായ്പ അനായാസമാക്കൽ) കുറവ് വരുത്തിയത് ''ഉയർന്നുവരുന്ന'' സമ്പദ്ഘടനകളിലെ വളർച്ചയെയും അടവുശിഷ്ട സ്ഥിതിഗതിയെയും പ്രതികൂലമായി ബാധിക്കും. അന്താരാഷ്ട്ര എണ്ണ വില കുത്തനെ ഇടിഞ്ഞത് നിരവധി ഘടകങ്ങളുടെ കൂടിച്ചേരലിന്റെ ഫലമായാണ്. സാമ്പത്തിക മാന്ദ്യം മൂലം ആഗോള ചോദനത്തിലുണ്ടായ കുറവ്, ഷെയ്ൽ ഗ്യാസ് കുഴിച്ചെടുക്കാൻ തുടങ്ങിയതോടെ അമേരിക്കയിൽ എണ്ണ ഉൽപാദനം വർദ്ധിച്ചത്, അതനുസരിച്ച് എണ്ണ ഉൽപാദനം വെട്ടിക്കുറയ്ക്കാൻ സൗദി അറേബ്യ വിസമ്മതിച്ചത് എന്നിവയാണ് ആ ഘടകങ്ങൾ. എണ്ണ വില ഇടിവ് റഷ്യയേയും ഇറാനെയും വെനസ്വേലയെയും ഇതിനകം തന്നെ പ്രതികൂലമായി ബാധിച്ചു കഴിഞ്ഞു. എണ്ണ വിലയിലെ ഇടിവ് ആഗോളവീണ്ടെടുപ്പിൽ അനിശ്ചിതത്വത്തിന് ഇടയാക്കിയിട്ടുണ്ട്. ഉക്രൈൻ മുതൽ പശ്ചിമേഷ്യവരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതോടുകൂടി 2015 ലെ ലോകമുതലാളിത്ത സമ്പദ്ഘടനയുടെ വളർച്ചാ സാധ്യത വിരളമാണ്; അത് ഓരോ മേഖലയിലും വ്യത്യസ്ത തോതിലായിരിക്കുമെന്നേയുള്ളൂ.

1.8 നവലിബറൽ മുതലാളിത്തം ഏറ്റവും രൂക്ഷമായ അസമത്വങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. ആഗോള സമ്പത്തിനെ സംബന്ധിച്ച ഓക്സ്ഫാം റിപ്പോർട്ട് പ്രകാരം ലോകത്താകെയുള്ള സമ്പത്തിന്റെ ഏറെക്കുറെ പകുതിയും ജനസംഖ്യയിലെ വെറും ഒരു ശതമാനം പേരുടെ സ്വന്തമാണ്. ലോകത്തിലെ ഏറ്റവും സമ്പന്നരായ ഒരു ശതമാനം പേരുടെ സമ്പത്ത് 110 ലക്ഷം കോടി ഡോളർ വരും. അതാകട്ടെ ലോകജനസംഖ്യയിലെ താഴെ തട്ടിലുള്ള പകുതിപേരുടെ മൊത്തം സ്വത്തിന്റെ 65 ഇരട്ടിയാണ്. സാമ്പത്തിക സഹകരണത്തിനും വികസനത്തിനുമായുള്ള സംഘടന (ഒ.ഇ.സി.ഡി)യുടെ റിപ്പോർട്ട് പ്രകാരം അമേരിക്കയിൽ ഏറ്റവും സമ്പന്നരായ 10 ശതമാനം പേരുടെ ശരാശരി വരുമാനം പരമ ദരിദ്രരായ 10 ശതമാനം പേരുടേതിന്റെ 16 ഇരട്ടിവരും. മിക്കവാറും എല്ലാ ഒ.ഇ.സി.ഡി രാജ്യങ്ങളിലും സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കഴിഞ്ഞ 30 വർഷങ്ങളായി ഏറ്റവും ഉയർന്ന നിലയിലാണ്.

1.9 പ്രതിസന്ധിയോടും മാന്ദ്യത്തോടുമുള്ള ഭരണവർഗത്തിന്റെ പ്രതികരണം തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് രൂക്ഷമാക്കുകയും പൊതുചെലവുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്യുക എന്നതാണ്. 1999 നും 2013 നും ഇടയ്ക്ക് ആഗോള യഥാർത്ഥ വേതനത്തിലെ വളർച്ച തൊഴിലാളികളുടെ ഉൽപാദനക്ഷമതയുടെ വളർച്ചയ്ക്ക് പിന്നിലാണെന്ന വസ്തുത സൂചിപ്പിക്കുന്നത് തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തീവ്രമാക്കിയിരിക്കുന്നതിനെയാണ്. യഥാർത്ഥ വേതനത്തിന്റെ ആഗോളവളർച്ചയിൽ വലിയ ഭാഗം സംഭാവന ചെയ്യുന്ന ചൈനയെ മാറ്റിനിർത്തിയാൽ, യഥാർത്ഥ വേതന വളർച്ച 2012 ൽ 1.3 ശതമാനവും 2013 ൽ ഒരു ശതമാനവും മാത്രമായിരുന്നു. (ആഗോള വേതന റിപ്പോർട്ട് 2014–15, ഐ.എൽ.ഒ)

1.10 ഐക്യരാഷ്ട്ര സഭയുടെ 'ലോകസാമ്പത്തിക പഠനങ്ങളും പ്രത്യാശകളും 2014' എന്ന റിപ്പോർട്ട് പ്രകാരം വികസിത മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലില്ലായ്മ 8.4 ശതമാനമെന്ന ഉയർന്ന നിരക്കിൽ തുടരുകയാണ്. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ തൊഴിലില്ലായ്മ അതിലും ഉയർന്ന നിരക്കായ 11 ശതമാനമാണ്. ഈ ഔദ്യോഗിക കണക്കുകളാകട്ടെ യഥാർത്ഥത്തിലുള്ളതിനെ വളരെ കുറച്ചു കാണിച്ചിരിക്കുന്നതുമാണ്. ഐ.എൽ.ഒയുടെ കണക്കനുസരിച്ച് യുവാക്കൾക്കിടയിലെ തൊഴി

ലില്ലായ്മ മൊത്തത്തിലുള്ള നിരക്കിന്റെ ഇരട്ടിയാണ്. 20–ാം കോൺഗ്രസിന് ശേഷമുള്ള മൂന്നു വർഷക്കാലം സ്ഥിരമായ ഉയർന്ന നിലയിലുള്ള തൊഴിലില്ലായ്മയ്ക്കാണ് നാം സാക്ഷ്യം വഹിച്ചത്; തൊഴിലില്ലായ്മയുടേതായ നീണ്ട ശരാശരി കാലഘട്ടവും ജോലിയിൽ നിന്നുള്ള വരുമാനം കുറയുന്നതും മുതലാളിത്ത ലോകത്തുടനീളം ഈ കാലത്ത് നാം കണ്ടു.

### അധീശാധിപത്യം നിലനിർത്തുന്നതിനുള്ള നീക്കങ്ങൾ

1.11 സാമ്പത്തികശക്തിയിൽ ദീർഘകാല ഇടിവുണ്ടായ പശ്ചാത്തലത്തിൽ, വിശിഷ്യാ 2008 ലെ ധനപ്രതിസന്ധിയുടെ വെളിച്ചത്തിൽ സാമ്രാജ്യത്വ ചേരിയുടെ നായകനായ അമേരിക്കയ്ക്ക് പുതിയ വെല്ലുവിളികളും വൈതരണികളും നേരിടേണ്ടതായി വന്നു. ഇറാഖിൽ തുടങ്ങിയ പശ്ചിമേഷ്യയിലെ അതിന്റെ സൈനിക ഇടപെടലുകൾ ആ മേഖലയെയാകെ സ്വന്തം നിയന്ത്രണത്തിൽ സുസ്ഥിരമായി നിർത്തുക എന്ന അതിന്റെ തന്ത്രപരമായ ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ടു; കിഴക്കോട്ടുള്ള അമേരിക്ക–നാറ്റോ മുന്നേറ്റത്തെ തടഞ്ഞ് റഷ്യ ഉറച്ചു തന്നെ നിന്നു. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സമ്പദ്ഘടന എന്ന നിലയിലും പ്രമുഖ ശക്തി എന്ന നിലയിലും ചൈന ഉയർന്നു വന്നത്, ഏഷ്യാ ശാന്തസമുദ്ര മേഖലയിലെ അമേരിക്കൻ അധീശാധിപത്യത്തിന് ഭീഷണിയായി മാറി. ലോക വ്യാപാര സംഘടന പോലുള്ള ബഹുരാഷ്ട്ര സംഘടനകളിൽ സ്വന്തം തീട്ടൂരങ്ങളിലൂടെ ഇടിച്ചു കയറുന്നത് അമേരിക്കയെ സംബന്ധിച്ചിടത്തോളം എളുപ്പമായിരുന്നില്ല.

1.12 ഏഷ്യയിലേക്കുള്ള തന്ത്രപ്രധാന മർമമായ പശ്ചിമേഷ്യയിലെ സൈനിക ഇടപെടൽ തുടർന്നു കൊണ്ടും ഉക്രൈനിനെ പോലെയുള്ള സോവിയറ്റ് യൂണിയനിലെ മുൻ റിപ്പബ്ലിക്കുകളിലേക്ക് പാശ്ചാത്യ സ്വാധീനം വ്യാപിപ്പിക്കുന്നതിനായി റഷ്യയുമായുള്ള ഏറ്റുമുട്ടൽ രൂക്ഷമാക്കി കൊണ്ടും അമേരിക്ക തങ്ങളുടെ അധീശാധിപത്യം നിലനിർത്താൻ ശ്രമിച്ചിരിക്കുകയാണ്. ലോകമുതലാളിത്ത വ്യവസ്ഥയിൽ തങ്ങളുടെ മേധാവിത്വപരമായ സ്ഥാനം നിലനിർത്താൻ അത് ശ്രമിക്കുകയാണ്. ചൈനയുടെ വർദ്ധിച്ചു വരുന്ന സാമ്പത്തിക സ്വാധീനത്തിന് തടയിടുകയും മറ്റു സമ്പദ്ഘടനകളിലേക്ക് കയ്യെത്തിപ്പിടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ അമേരിക്ക രണ്ടു പ്രധാന വ്യാപാര കരാറുകൾക്ക് തുടക്കം കുറിച്ചു; ലോകസമ്പദ്ഘടനയുടെ മൂന്നിൽ രണ്ടു ഭാഗം ഉൾക്കൊള്ളുന്നതാണ് ആ കരാറുകൾ–ഏഷ്യാ ശാന്തസമുദ്ര മേഖലയിലെ രാജ്യങ്ങളുമായും യൂറോപ്യൻ യൂണിയനുമായും.

1.13 കഴിഞ്ഞ രണ്ടു ദശകത്തിലേറെക്കാലം നീണ്ടുനിന്ന അമേരിക്ക–നാറ്റോ സൈനിക ഇടപെടലിന്റെ വിനാശകരമായ അനന്തര ഫലങ്ങൾക്ക് ഈ കാലഘട്ടം സാക്ഷ്യം വഹിച്ചു. അഫ്ഗാനിസ്ഥാനിലും ഇറാഖിലും ലിബിയയിലും സിറിയയിലും. ഇറാഖിലെയും ലിബിയയിലെയും സ്വേച്ഛാധിപത്യപരമെങ്കിലും മതനിരപേക്ഷമായ ഗവൺമെന്റുകളെ ബലം പ്രയോഗിച്ച് അട്ടിമറിച്ചത് അവയുടെ ദേശീയ പരമാധികാരം നഷ്ടപ്പെടുന്നതിനും വൻതോതിലുള്ള അക്രമങ്ങൾക്കും ഇസ്ലാമിക തീവ്രവാദ ശക്തികളുടെ വളർച്ചയ്ക്കും കാരണമായി. സിറിയയിൽ അമേരിക്കയുടെയും സഖ്യകക്ഷികളുടെയും ഇടപെടൽ ആഭ്യന്തര യുദ്ധത്തിലൂടെ വ്യാപകമായ നാശനഷ്ടങ്ങൾക്കും പ്രതിപക്ഷത്ത് ഇസ്ലാമിക തീവ്രവാദ ശക്തികൾ മേൽക്കൈ നേടുന്നതിനും ഇടയാക്കി. ഇറാഖിലെ അധിനിവേശത്തിലൂടെയും ലിബിയയിൽ ഗദ്ദാഫിക്കെതിരെ ഇസ്ലാമിക സായുധ സംഘങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ടും സിറിയയിൽ ഇസ്ലാമിക തീവ്രവാദികൾക്ക് പിന്തുണ വ്യാപിപ്പിച്ചുകൊണ്ടും (സൗദി അറേബ്യ, തുർക്കി, ഖത്തർ തുടങ്ങിയ അമേരിക്കൻ സഖ്യകക്ഷികളും അവർക്കും ഒപ്പമുണ്ട്.) ഐ.എസ്.ഐ.എസിനെ പോലെയുള്ള ശക്തികളുടെ വളർച്ചയ്ക്ക് വേണ്ട സാഹചര്യം അമേരിക്കൻ സാമ്രാജ്യത്വം സൃഷ്ടിച്ചു. അമേരിക്കയുടെ അറബ് സഖ്യശക്തികൾ സിറിയയിൽ ഇസ്ലാമിക ശക്തികൾക്ക് പിന്തുണ നൽകവെ തന്നെ ഇറാഖിലെയും സിറിയയിലെയും ഐ.എസ്.ഐ.എസ് കേന്ദ്രങ്ങളിൽ അമേരിക്ക ബോംബാക്രമണം നടത്താൻ തുടങ്ങിയതോടുകൂടി അമേരിക്കൻ നയത്തിലെ പരസ്പര വിരുദ്ധമായ വശങ്ങൾ കൂടുതൽ തെളിഞ്ഞു വന്നിരിക്കുന്നു.

1.14 ടുണീഷ്യയിലും ഈജിപ്തിലും ആരംഭിച്ച ജനകീയ പ്രക്ഷോഭങ്ങളുടെ വേലിയേറ്റത്തെ വഴിതിരിച്ചു വിടുകയും അടിച്ചമർത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെയും അമേരിക്കൻ ഇടപെടലുകളുണ്ടായി. അമേരിക്കയുടെയും സൗദി അറേബ്യയെയും ഖത്തറിനെയും പോലുള്ള അതിന്റെ സഖ്യകക്ഷികളുടെയും ലിബിയയിലെയും സിറിയയിലെയും ഇടപെടൽ മതമൗലികവാദശക്തികളുടെ കെട്ടഴിച്ചു വിടലിനിടയാക്കി. ജനകീയ കലാപം മുബാറക് വാഴ്ചയെ അധികാര ഭ്രഷ്ടമാക്കിയ ഈജിപ്തിലെ മുസ്ലീം ബ്രദർഹുഡ് ഗവൺമെന്റ് നീക്കം ചെയ്യപ്പെട്ടതിനെ തുടർന്ന് സൈനിക സ്വേച്ഛാധിപത്യ വാഴ്ചയിലേക്ക് തിരിച്ചു പോയിരിക്കുകയാണ്.

1.15 അഫ്ഗാനിസ്ഥാനിൽ നിന്ന് 2014 അവസാനത്തോടെ അമേരിക്കൻ സൈന്യത്തെ പിൻവലിക്കുമെന്ന് പ്രസിഡന്റ് ഒബാമ പ്രഖ്യാപിച്ചിരുന്നെങ്കിലും പിന്നീട് അവിടെ തങ്ങളുടെ സൈനിക സാന്നിധ്യം തുടരുന്നതിന് അമേരിക്ക തീരുമാനിച്ചു. ആ രാജ്യത്തുള്ള സൈനിക താവളങ്ങളിൽ 13,000 അമേരിക്കൻ–നാറ്റോ സൈനികരെ നിലനിർത്തുന്നതിന് പുതിയ അഫ്ഗാൻ ഗവൺമെന്റുമായി കരാർ ഉണ്ടാക്കിയിരിക്കുകയാണ്.

1.16 അമേരിക്ക ഇസ്രയേലിന് പരിപൂർണ പിന്തുണ നൽകുകയാണ്. അറബ് രാഷ്ട്രങ്ങളിലെ കലങ്ങിമറിഞ്ഞ അവസ്ഥ മുതലെടുത്ത് ഇസ്രയേലിലെ വലതുപക്ഷ ഗവൺമെന്റ് ഗാസയ്ക്കെതിരെ തുടർച്ചയായി രണ്ടുവട്ടം അതിനിഷ്ഠുരമായ ആക്രമണം അഴിച്ചുവിട്ടു; ഇതുമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും വൻതോതിൽ സാധാരണ പൗരരുടെ സ്വത്തുവകകൾ നശിപ്പിക്കപ്പെടുകയുമുണ്ടായി. വെസ്റ്റ് ബാങ്കിൽ (ജോർദാൻ നദിയുടെ പടിഞ്ഞാറെക്കര) കുടി

യേറ്റങ്ങൾ വ്യാപിപ്പിക്കപ്പെടുകയാണ്. ഒരു ജൂത രാഷ്ട്രം പ്രഖ്യാപിക്കുന്നതിനുള്ള നീക്കവും ആരംഭിച്ചിരിക്കുന്നു.

1.17 ഇൻർനെറ്റിലും വാർത്താവിനിമയ സംവിധാനങ്ങളിലും നിരീക്ഷണം ഏർപ്പെടുത്തിയും അവ ചോർത്തിയും അമേരിക്ക വ്യക്തികളുടെയും സംഘടനകളുടെയും ഗവൺമെന്റുകളുടെയും രാജ്യങ്ങളുടെയും മേൽ ചാര പ്രവർത്തനം നടത്തുന്ന ആഗോള രഹസ്യനിരീക്ഷണ സംവിധാനത്തിന് രൂപം നൽകിയിരിക്കുന്നു. ദേശീയ സുരക്ഷയുടെയും ഭീകരതയെ ചെറുക്കുന്നതിന്റെയും പേരിലാണ് ബ്രിട്ടന്റെ സഹായത്തോടെ അമേരിക്ക യാതൊരു മറയുമില്ലാതെ ഇത് ചെയ്യുന്നത്. ഇത് രാജ്യങ്ങളുടെ ദേശീയ പരമാധികാരത്തിന് നേരെയുള്ള പ്രത്യക്ഷമായ വെല്ലുവിളിയും വ്യക്തികളുടെ മൗലികാവകാശങ്ങളുടെ ലംഘനവുമാണ്.

**ഉക്രൈൻ**

1.18 നാറ്റോയെ കിഴക്കോട്ടേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമെന്ന നിലയിൽ ഉക്രൈനെ ആക്രമണ ലക്ഷ്യമാക്കിയിരിക്കുകയാണ്. ഉക്രൈനെ പാശ്ചാത്യ സ്വാധീന വലയത്തിനുള്ളിൽ കൊണ്ടുവരുന്നതിന് അവസരമൊരുക്കാനായി തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ പുറത്താക്കാനുള്ള പ്രക്ഷോഭത്തെ അമേരിക്കയും യൂറോപ്യൻ യൂണിയനും പിന്തുണച്ചു. നവ നാസി സായുധ കൂട്ടങ്ങൾക്ക് അവർ നിശ്ശബ്ദ അംഗീകാരം നൽകി. ഇത് കിഴക്കൻ ഉക്രൈനിലെ റഷ്യൻ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽ കലാപത്തിന് കാരണമായി. റഷ്യൻ സ്ഥാപനങ്ങൾക്കും പ്രമുഖ ബിസിനസുകാർക്കും രാഷ്ട്രീയ വ്യക്തിത്വങ്ങൾക്കും മേൽ അമേരിക്കയും യൂറോപ്യൻ യൂണിയനും ഉപരോധം അടിച്ചേൽപിച്ചു. യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നുമുള്ള ഭക്ഷ്യ ഇറക്കുമതി നിരോധിച്ചുകൊണ്ടാണ് റഷ്യ ഇതിനോട് പ്രതികരിച്ചത്. ഡോണത്സ്കിലെയും ലുഗാൻസ്കിലെയും ഗവൺമെന്റുകളെ അട്ടിമറിക്കാനുള്ള നീക്കം പരാജയപ്പെട്ടതിനെ തുടർന്ന് ഒരു വെടിനിർത്തലിന്റെ കാരണത്തിൽ യോജിപ്പുണ്ടായി. എന്നാലും അമേരിക്കയും നാറ്റോ ശക്തികളും റഷ്യയുമായുള്ള സംഘർഷത്തിന് ആക്കം കൂട്ടുകയാണ്. യൂറോപ്പിലെ പ്രമുഖ മുതലാളിത്ത ശക്തികൾ തമ്മിലുള്ള, ഒരു വശത്ത് അമേരിക്കയും യൂറോപ്യൻ യൂണിയനും മറുവശത്ത് റഷ്യയുമായുള്ള വൈരുധ്യങ്ങളാണ് ഉക്രൈൻ സംഘർഷത്തിൽ പ്രതിഫലിക്കുന്നത്.

**മർമസ്ഥാനം ഏഷ്യയിലാക്കൽ**

1.19 ഏഷ്യ ശാന്തസമുദ്ര മേഖലയിൽ കേന്ദ്രീകരിക്കുന്നതിനുള്ള ഒരു തന്ത്രപരമായ മാറ്റം ഒബാമ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. അമേരിക്കയുടെ ഉറ്റ സഖ്യകക്ഷികളുമായുള്ള സൈനിക കെട്ടുപാടുകൾ ശക്തിപ്പെടുത്തിക്കൊണ്ടും സ്വന്തം നാവിക സേനയുടെ വലിയ ഭാഗത്തെ ശാന്തസമുദ്രമേഖലയിൽ താവളമടിപ്പിച്ചുകൊണ്ടും ഏഷ്യയിലേക്കുള്ള കേന്ദ്രീകരണനയം നടപ്പാക്കുകയാണ്. ഇന്ത്യയുമായുള്ള സൈനിക സഖ്യം ശക്തിപ്പെടുത്താനും ചൈനയ്ക്കുള്ള എതിർശക്തിയെന്ന നിലയിൽ ജപ്പാന്റെ പുനർ സൈനികവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാനും അമേരിക്ക ഉദ്ദേശിക്കുന്നു.

**വ്യാപാര കരാറുകൾ**

1.20 ബഹുകക്ഷി കരാറുകളെ ആശ്രയിക്കുന്നതിന് പകരം തങ്ങളുടെ മേധാവിത്വം നിലനിർത്തുകയും ചൈനയെ തടയുകയുമെന്ന ഇരട്ടലക്ഷ്യത്തോടുകൂടി അമേരിക്ക ഉഭയകക്ഷി കരാറുകളിലും മേഖലാതല കരാറുകളിലും ഏർപ്പെടുകയാണ്.

1.21 അമേരിക്കയുടെയും അതിന്റെ ഏഷ്യാ-ശാന്ത സമുദ്ര സഖ്യകക്ഷികളുടെയും സാമ്പത്തികമായ ഉദ്ഗ്രഥനം കൂടുതൽ ആഴമേറിയതാക്കുന്നതിനും അതോടൊപ്പം തന്നെ ചൈനയെ ഒഴിവാക്കിക്കൊണ്ട് ചൈനയുടെ സാമ്പത്തിക സ്വാധീനത്തെ തടയുന്നതിനുമായി ഏറ്റവും വലിയ സ്വതന്ത്ര വ്യാപാര മേഖല സൃഷ്ടിക്കുന്നതിനുവേണ്ടി അമേരിക്ക അഖില ശാന്തസമുദ്ര പങ്കാളിത്തത്തിന് (ട്രാൻസ്-പെസഫിക് പാർട്ണർഷിപ്പിന്-ടി.പി.പി) മുൻകൈയെടുത്തു. ഔഷധങ്ങളുടെ വില വർദ്ധനവിനിടയാക്കുന്ന ചുങ്ക നിയന്ത്രണങ്ങൾ നീക്കം ചെയ്യുകയും ബൗദ്ധിക സ്വത്തവകാശം ഭേദഗതി ചെയ്യുകയും ധനകാര്യ സ്ഥാപനങ്ങളുടെ കരുത്ത് വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഈ കരാറിനുള്ളത്.

1.22 അതിന് സമാന്തരമായി തന്നെ യൂറോപ്യൻ യൂണിയനും അമേരിക്കയും തമ്മിലുള്ള അഖില അറ്റ്ലാന്റിക് വ്യാപാര നിക്ഷേപ പങ്കാളിത്തത്തിനും (ട്രാൻസ് അറ്റ്ലാന്റിക് ട്രേഡ് & ഇൻവെസ്റ്റ്മെന്റ് പാർട്ണർഷിപ്പ്-ടി.ടി.ഐ.പി) വേണ്ടിയുള്ള കൂടിയാലോചനകൾ നടക്കുകയുമാണ്; അമേരിക്ക ഇതിനെ ടി.പി.പിക്കുള്ള ഒരു സഹകരാർ എന്ന നിലയിലാണ് പരിഗണിക്കുന്നത്. കൂടിയാലോചനകൾ പൂർത്തിയായി കഴിയുമ്പോൾ ഈ യൂറോപ്യൻ യൂണിയൻ-അമേരിക്ക കരാർ ഇതേവരെ ചർച്ച ചെയ്ത് അംഗീകരിക്കപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ ഉഭയകക്ഷി വ്യാപാര കരാർ ആയി മാറും. ഈ കരാർ കോർപറേറ്റുകളുടെ അധികാര ശക്തി വർദ്ധിപ്പിക്കും; വിപണിയെ നിയന്ത്രിക്കുന്നതിന് ഗവൺമെന്റുകൾക്ക് കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരും.

**ജപ്പാൻ**

1.23 ഭരണഘടന പ്രകാരം സൈന്യത്തിന് നൽകിയിട്ടുള്ള പങ്കിനെ സംബന്ധിച്ച വ്യാഖ്യാനത്തിൽ മാറ്റം വരുത്തിക്കൊണ്ട് സായുധസേനയുടെ പങ്ക് വർദ്ധിപ്പിക്കാനുള്ള നടപടികളാണ് ഷിൻസൊ ആബെ ഗവൺമെന്റ് കൈക്കൊള്ളുന്നത്. അമേരിക്കയുടെ ഒത്താശയോടെ ആബെ ജപ്പാന്റെ പ്രതിരോധശേഷിയും ആയുധ ഉൽപാദനവും വർദ്ധിപ്പിക്കുകയാണ്. പൂർവ ചൈനാ സമുദ്രത്തിലെ ചില ദ്വീപുകളിന്മേൽ ചൈനയുമായുള്ള തർക്കങ്ങളിൽ ജപ്പാൻ കൂടുതൽ ആക്രമണപരമായ നിലപാട് സ്വീകരിക്കു

കയാണ്. ആബെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വിജയിച്ചതോടുകൂടി ആസ്ട്രേലിയുമായും ഇന്ത്യയുമായും കൂടുതൽ അടുത്ത സുരക്ഷാ സഖ്യം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്; അമേരിക്കയും ജപ്പാനും ആസ്ട്രേലിയയും ഇന്ത്യയും ഉൾപ്പെട്ട ചതുർകക്ഷി സഖ്യം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെയുള്ള നീക്കമാണിത്.

1.24 ഇതിനോടൊപ്പം ദക്ഷിണ കൊറിയയുമായുള്ള തന്ത്രപരമായ കൂട്ടുകെട്ട് അമേരിക്ക ശക്തിപ്പെടുത്തിയിരിക്കുകയാണ്; സംയുക്ത സൈനിക അഭ്യാസങ്ങളിൽ ഏർപ്പെടുകയും ചെയ്തു. ഇത് കൊറിയൻ ഉപദ്വീപിൽ സംഘർഷങ്ങൾ വർദ്ധിപ്പിക്കുകയുണ്ടായി. ദക്ഷിണകൊറിയയുടെ പ്രസിഡന്റ് പദവി യാഥാസ്ഥിതിക കക്ഷിക്ക് ലഭിച്ചതോടെ സംഘർഷങ്ങൾ ലഘൂകരിക്കാനും ഉത്തരകൊറിയയുമായി കൂടിയാലോചനകൾ പുനരാരംഭിക്കാനുമുള്ള യത്നങ്ങൾക്ക് തിരിച്ചടിയുണ്ടായി.

## വർദ്ധിച്ചു വരുന്ന ബഹുധ്രുവത

1.25 സ്ഥാപനപരമായ തലത്തിൽ തങ്ങളുടെ സഹകരണത്തിന് മൂർത്തമായ രൂപം നൽകാൻ ബ്രിക്സ് രാജ്യങ്ങൾ–ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക– കൂടുതൽ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ബ്രസീലിൽ ചേർന്ന ആറാമത് ബ്രിക്സ് ഉച്ചകോടി പുതിയ വികസന ബാങ്കിനും (എൻ.ഡി.ബി) താൽക്കാലികാവശ്യങ്ങൾക്കുള്ള കരുതൽ സംവിധാനത്തിനും (കണ്ടിൻജന്റ് റിസർവ് അറേഞ്ച്മെന്റ്) രൂപം നൽകി. ലോകബാങ്ക് ലൈനിനനുസരിച്ചല്ലാതെ പ്രവർത്തിപ്പിക്കുകയാണെങ്കിൽ അനുകൂലമായ സാധ്യത എൻ.ഡി.ബിക്കുണ്ട്. രാഷ്ട്രീയരംഗത്ത്, സിറിയ, ഇറാൻ എന്നിങ്ങനെയുള്ള സുപ്രധാന പ്രശ്നങ്ങളിൽ അമേരിക്കയുടെ നിലപാടിനോട് ബ്രിക്സ് വിയോജിക്കുന്നുണ്ട്; സൈനിക ഇടപെടലിനെ എതിർക്കുന്നുമുണ്ട്. ഈ രാജ്യങ്ങളിലെ മിക്കവാറും ഗവൺമെന്റുകളുടെയും സ്വഭാവം കണക്കിലെടുക്കുമ്പോൾ പരിമിതികളുണ്ടെങ്കിലും ബഹുധ്രുവതയിലേക്കുള്ള പ്രവണത വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ ബ്രിക്സ് വേദിയുടെ ദൃഢീകരണം സുപ്രധാനം തന്നെയാണ്.

1.26 ഷാങ്ഹായ് സഹകരണസംഘടനയെയും ലാറ്റിനമേരിക്കൻ–കരീബിയൻ രാഷ്ട്ര സമൂഹത്തെയും നമ്മുടെ അമേരിക്കൻ ജനതയുടെ ബൊളിവേറിയൻ സഖ്യത്തെയും ദക്ഷിണ അമേരിക്കൻ രാഷ്ട്ര യൂണിയനെയും പോലെയുള്ള നിലവിലുള്ള മേഖലാതല വേദികൾ അവയുടെ സഹകരണ മേഖലകൾ കൂടുതൽ വികസിപ്പിച്ചിരിക്കുകയാണ്. ബ്രിക്സിനൊപ്പം ചൈന മുൻകൈയെടുത്ത് രൂപം നൽകിയ ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് പോലെയുള്ള മറ്റു മേഖലാതല ബഹുകക്ഷി വേദികളുമുണ്ട്; ഇതിൽ ഇന്ത്യ ഉൾപ്പെടെ 21 ഏഷ്യൻ രാജ്യങ്ങൾ അംഗങ്ങളായുണ്ട്. മേഖലാതലങ്ങളിലുള്ള ഈ എല്ലാ വേദികളും സ്ഥാപനങ്ങളും ബഹുധ്രുവ പ്രവണതയെ ശക്തിപ്പെടുത്തുകയാണ്.

## ചെലവ് ചുരുക്കൽ നടപടികൾക്കെതിരെ ജനകീയ സമരങ്ങൾ

1.27 ആഗോളധനപ്രതിസന്ധിയുടെ അനന്തര ഫലമായി നിരവധി സമരങ്ങളും പ്രതിഷേധ പ്രസ്ഥാനങ്ങളും വികസിച്ചിട്ടുണ്ട്. വാൾസ്ട്രീറ്റ് പിടിച്ചടക്കൽ പ്രസ്ഥാനത്തിനുശേഷം പല രാജ്യങ്ങളിലും ചെലവ് ചുരുക്കൽ നടപടികൾക്കെതിരായ പ്രതിഷേധം തുടർന്നു. ഗ്രീസിൽ പാമേ (പി.എ.എം.ഇ) ട്രേഡ് യൂണിയൻ കോൺഫെഡറേഷന്റെ നേതൃത്വത്തിൽ വളരെ വലിയ തൊഴിലാളി വർഗ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ചെലവുചുരുക്കൽ നടപടികൾക്കും യൂറോപ്യൻ യൂണിയൻ ബെയിൽ ഔട്ട് പാക്കേജിനും എതിരായി സിറിസ എന്ന പുതിയ ഇടതുപക്ഷ സംഘടന ഉയർന്നുവന്നു. 2015 ജനുവരിയിൽ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ അതിന് 300 ൽ 149 സീറ്റ് ലഭിച്ചു; 36 ശതമാനം വോട്ടും ലഭിക്കുകയുണ്ടായി. ഇത് വളരെ ശ്രദ്ധേയമായ രാഷ്ട്രീയ സംഭവ വികാസമാണ്. സ്പെയിനിൽ, ഇൻഡിഗ്നഡോസ് പ്രക്ഷോഭം തുടർന്നു. (രോഷാകുലരുടെ പ്രക്ഷോഭം) മുഖ്യധാരാ കക്ഷികളെ വെല്ലുവിളിക്കുന്ന പോഡെമോസ് എന്ന രാഷ്ട്രീയ ശക്തിയും ഉയർന്നുവന്നു. പോർച്ചുഗലും തൊഴിലാളി വർഗത്തിന്റെ വമ്പൻ പ്രക്ഷോഭങ്ങൾക്കും പ്രതിഷേധ പ്രകടനങ്ങൾക്കും സാക്ഷ്യം വഹിക്കുകയുണ്ടായി. അതേപോലെ തന്നെ ബ്രിട്ടനിലും ഫ്രാൻസിലും ഇറ്റലിയിലും ഐസ്‌ലന്റിലും ബെൽജിയത്തിലുമെല്ലാം അതാതിടത്തെ ഗവൺമെന്റുകൾ ജനങ്ങൾക്കുനേരെ നടത്തുന്ന ആക്രമണങ്ങൾക്കെതിരെ തൊഴിലാളി വർഗത്തിന്റെ വളരെ വലിയ പ്രതിഷേധ പ്രക്ഷോഭങ്ങൾ നടന്നു. തൊഴിലാളികൾ ഉശിരൻ പണിമുടക്കുകളും പ്രക്ഷോഭങ്ങളും നടത്തുന്ന മറ്റൊരു പ്രദേശം ദക്ഷിണാഫ്രിക്കയാണ്; വിശിഷ്യാ പ്ലാറ്റിനം ഖനികളിലെയും മറ്റു ഖനികളിലെയും തൊഴിലാളികൾ നടത്തുന്ന പണിമുടക്ക്. അമേരിക്കയിൽ ഫെർഗുസൺ സംഭവത്തിനുശേഷം വ്യാപകമായ പ്രതിഷേധങ്ങളുണ്ടായി; അവിടെ പല നഗരങ്ങളിലും കറുത്തവരായ ചെറുപ്പക്കാരെ വംശീയമായി വെടിവെച്ചുകൊല്ലുന്ന സംഭവങ്ങളിലേക്ക് ഇത് വെളിച്ചം വീശി.

1.28 ചെലവ് ചുരുക്കൽ നടപടികൾക്കെതിരായ ജനകീയ അസംതൃപ്തി വർദ്ധിച്ചിരിക്കുകയാണ്; യൂറോപ്യൻ യൂണിയൻ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇത് പ്രതിഫലിച്ചിട്ടുണ്ട്; ചെലവ് ചുരുക്കൽ നയങ്ങൾ പിന്തുടരുന്ന ദേശീയ ഗവൺമെന്റുകൾക്കെതിരെയാണ് പ്രതിഷേധം പ്രകടിപ്പിക്കപ്പെടുന്നത്. അതേസമയം തന്നെ, തീവ്രവലതുപക്ഷ പാർടികൾ സജീവമായിരിക്കുകയുമാണ്; അവരുടെ വിദേശികളോടുള്ള വിദ്വേഷം, പ്രവാസി വിരുദ്ധ വേദി, യൂറോപ്യൻ യൂണിയനെതിരായ വാചകമടി എന്നിവയെല്ലാം നേട്ടമുണ്ടാക്കുന്നുമുണ്ട്. ഗ്രീസിലും ഇറ്റലിയിലും നെതർലാൻസിലും ഫ്രാൻസിലും ഇത്തരം ശക്തികൾ വളർന്നിരിക്കുകയാണ്.

## പിന്തിരിപ്പൻ പ്രസ്ഥാനങ്ങളുടെ ഉയർച്ച

1.29 ലോകത്തുടനീളം മതമൗലിക വാദത്തിന്റെയും വിദേശി വിദ്വേഷത്തിന്റെയും വിഭാഗീയമായ സങ്കുചിത വാദത്തിന്റെയും വിഷമയമായ രൂപങ്ങൾ വളർന്നു വരികയാണ്. പശ്ചിമേഷ്യയിൽ ഐ.എസ്. ഐ.എസും മറ്റു തീവ്രവാദ ശക്തികളും നൈജീരിയയിൽ ബോക്കോ ഹറാമും സോമാലിയയിലും ഉത്തരാഫ്രിക്കയിലും ഇസ്ലാമിക മതമൗലിക വാദികളും ശ്രീലങ്കയിലും മ്യാൻമറിലും ബുദ്ധമത സങ്കുചിത വാദ ഗ്രൂപ്പുകളും യൂറോപ്പിൽ തീവ്രവലതുപക്ഷ നവനാസി പാർടികളും ഉയർന്നുവരുന്നത് സമീപകാലത്ത് കണ്ടതാണ്. ഇവ ഒരേസമയം സാമ്രാജ്യത്വ ഇടപെടലിന്റെ ഉൽപന്നവും സോഷ്യലിസത്തിന് തിരിച്ചടി ഏറ്റതിനെ തുടർന്നുണ്ടായ സാർവത്രിക പുരോഗമന മൂല്യങ്ങളിൽ നിന്നുള്ള പിന്നോട്ടുപോക്കിന്റെ ഫലവും കൂടിയാണ്.

**കാലാവസ്ഥാ വ്യതിയാനം**

1.30 ലിമയിൽ ചേർന്ന അവസാനത്തേതിന്റെ മുമ്പിലത്തെ കാലാവസ്ഥാ ഉച്ചകോടിയുടെ, അമേരിക്കൻ നേതൃത്വത്തിൽ വികസിത രാജ്യങ്ങൾ ബോധപൂർവം ആസൂത്രണം ചെയ്തതനുസരിച്ചുള്ള ദുർബലമായ അനന്തര ഫലത്തെ തുടർന്ന് 2015 ഡിസംബറിൽ പാരീസ് ഉച്ചകോടിക്ക് അരങ്ങൊരുങ്ങിയിരിക്കുകയാണ്. അവിടെ ക്യോട്ടൊ പ്രോട്ടോക്കോളിന് പകരം വെയ്ക്കാൻ ഒരു പുതിയ ആഗോള കരാറിന് ശാശ്വത രൂപം നൽകേണ്ടതുണ്ട്. അമേരിക്കയും മറ്റു വികസിത മുതലാളിത്ത രാജ്യങ്ങളും വികസ്വര രാജ്യങ്ങളുടെ വളർച്ചയ്ക്കും അവയിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അൽപവും അവസരം നൽകാതെ അന്തരീക്ഷത്തിലെ പൊതുഇടമാകെ തട്ടിയെടുക്കുന്നതിൽ കലാശിക്കും അത് എന്ന് ഇപ്പോൾ വ്യക്തമായി കഴിഞ്ഞു. വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിൽ തുല്യത വേണമെന്ന തത്വത്തെ ''പൊതുവായതെങ്കിലും വേറിട്ടതായ ഉത്തരവാദിത്വം'' എന്നതിൽ ഗണ്യമായി വെള്ളം ചേർത്തുകൊണ്ട് കർക്കശമായി തള്ളിക്കളഞ്ഞിരിക്കുകയാണ്. അമേരിക്ക മുന്നോട്ട് വെച്ച സ്വന്തം ഇഷ്ടപ്രകാരമുള്ള വാഗ്ദാനത്തെ അടിസ്ഥാനമാക്കിയുള്ള ഉത്സർജന നിയന്ത്രണ രൂപ മാതൃകയായിരിക്കും 2020 മുതൽ നടപ്പിലാകേണ്ട പാരീസ് കരാറിന്റെ അടിസ്ഥാനമെന്ന് ഇപ്പോൾ ഏറെക്കുറെ വ്യക്തമായിരിക്കുന്നു. അമേരിക്കയും വികസിത രാജ്യങ്ങളും ഇപ്പോൾ നടത്തിയിട്ടുള്ള ചെറിയ വാഗ്ദാനങ്ങൾ ഈ ഭൂഗോളത്തിന്റെ താപനില 3–4 ഡിഗ്രി സെൽഷ്യസ് കണ്ട് ഉയരാനിടയാക്കും. എന്നാൽ സമ്മതിക്കപ്പെട്ട ലക്ഷ്യമാകട്ടെ ആഗോളതാപനം 2 ഡിഗ്രി സെൽഷ്യസിൽ പരിമിതപ്പെടുത്തുകയെന്നതാണ്; ഈ നീക്കം വിനാശകരമായ പ്രത്യാഘാതങ്ങൾക്കിടയാക്കും, വിശിഷ്യാ വികസ്വര രാജ്യങ്ങൾക്കും ലോകമാസകലമുള്ള ദരിദ്രർക്കും.

**ലാറ്റിനമേരിക്ക: ഇടതുപക്ഷ മുന്നേറ്റം**

1.31 പ്രസിഡന്റ് ഹ്യൂഗോ ഷാവേസിന്റെ മരണം മൂലം തിരിച്ചടി ഉണ്ടായെങ്കിലും, വെനസ്വേലയും ലാറ്റിനമേരിക്കയിലെ ഇടതുപക്ഷ ഗവൺമെന്റുകളും നവലിബറലിസത്തെയും സാമ്രാജ്യത്വത്തെയും വെല്ലുവിളിച്ചുകൊണ്ട് ബദൽ പാതയുമായി മുന്നേറുന്നതിനുള്ള പോരാട്ടത്തിലാണ്. വെനസ്വേല സാമ്പത്തികമായും അമേരിക്കൻ പിന്തുണയുള്ള വലതുപക്ഷത്തിന്റെ വിഷലിപ്തമായ എതിർപ്പ്മൂലവും പ്രയാസകരമായ വെല്ലുവിളികൾ നേരിടുകയാണ്. ഇതൊക്കെയായിട്ടും വെനസ്വേല സബ്സിഡിയോടെയുള്ള ഭക്ഷ്യവിതരണ സ്റ്റോറുകൾ, സൗജന്യമായി ഭക്ഷണം നൽകുന്ന കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റികളിൽ സൗജന്യ ആരോഗ്യകേന്ദ്രങ്ങളുടെ ശൃംഖലയ്ക്ക് രൂപം നൽകൽ, സൗജന്യ വിദ്യാഭ്യാസവും വൈദ്യുതിയെയും കുടിവെള്ളത്തെയും പോലുള്ള അടിസ്ഥാന സേവനങ്ങളും ലഭ്യമാക്കുന്നത് വർദ്ധിപ്പിക്കൽ തുടങ്ങിയ നയങ്ങൾ പിന്തുടരുകയാണ്.

1.32 ബൊളീവിയയിൽ മൊറേത്സ് ഗവൺമെന്റ് എണ്ണ–ഗ്യാസ് മേഖലകൾ ദേശസാൽക്കരിച്ചത് ഗ്യാസിൽ നിന്നുള്ള അവരുടെ വരുമാനം കുത്തനെ ഉയരുന്നതിനിടയാക്കി; ഗവൺമെന്റിന്റെ വരുമാനം 82 ശതമാനം കണ്ട് വർദ്ധിച്ചു. വാർത്താവിനിമയവും വൈദ്യുതിയും സർക്കാർ മേഖലയിലേക്ക് ഏറ്റെടുത്തിരിക്കുകയാണ്. ലാറ്റിനമേരിക്കയിൽ ദാരിദ്ര്യം കുറയ്ക്കുന്നതിൽ ഏറ്റവും ഉയർന്ന നിരക്ക് ബൊളീവിയ കൈവരിച്ചിരിക്കുകയാണ്. 2012 മുതൽ 32.2 ശതമാനത്തിന്റെ കുറവ്. ഇക്വഡോറിൽ വിദ്യാഭ്യാസത്തിനായുള്ള ചെലവ് ജി.ഡി.പിയുടെ 2.6 ശതമാനത്തിൽ നിന്ന് 5.2 ശതമനമായി ഇരട്ടിയാക്കിയിരിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ യഥാർത്ഥ മിനിമം വേതനം 40 ശതമാനം വർദ്ധിച്ചിരിക്കുന്നു. 2009 നുശേഷം ദാരിദ്ര്യം വളരെ വേഗം കുറഞ്ഞുവരികയാണ്– കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് ഏകദേശം നാലിലൊന്നിലധികം കുറവ്.

1.33 കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ഗവൺമെന്റുകൾ വീണ്ടും ജനവിധി നേടി അധികാരത്തിൽ തിരിച്ചെത്തുകയുണ്ടായി. ബൊളീവിയയിൽ പ്രസിഡന്റ് ഇവോ മൊറേത്സ് 61.6 ശതമാനം വോട്ട് നേടി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഇക്വഡോർ, ഉറുഗ്വേയ്, നിക്കരാഗ്വ എന്നിവിടങ്ങളിലും ഇടതുപക്ഷ ഗവൺമെന്റുകൾ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ദക്ഷിണ അമേരിക്കയിലെ ഏറ്റവും വലിയ രാജ്യമായ ബ്രസീലിൽ വലതുപക്ഷ ശക്തികളിൽ നിന്നുള്ള ആസൂത്രിതമായ വെല്ലുവിളിയെ തകർത്തുകൊണ്ട് ദിൽമ റൂസെഫ് പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

1.34 മൊത്തത്തിൽ ലാറ്റിനമേരിക്കയിൽ ഇടതുപക്ഷമുന്നേറ്റം നിലനിർത്തപ്പെട്ടിരിക്കുകയാണ്. അമേരിക്കയും ക്യൂബയും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാക്കാനുള്ള നടപടികൾ സംബന്ധിച്ച സമീപകാലത്തെ പ്രഖ്യാപനം, ക്യൂബയെ ഒറ്റപ്പെടുത്താൻ പാടില്ലെന്ന ദക്ഷിണ അമേരിക്കയിലെ രാജ്യങ്ങളുടെ ഏകകണ്ഠമായ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിലാണ് കാണേണ്ടത്; അമേരിക്കയ്ക്ക് ആ അഭിപ്രായങ്ങളെ അവഗണിക്കാനാവില്ല.

**സോഷ്യലിസ്റ്റ് രാജ്യങ്ങൾ**

1.35 കഴിഞ്ഞ പാർടി കോൺഗ്രസിന്റെ സമയത്ത് ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സമ്പദ്ഘടനയായി ഉയർന്നു വന്നിരുന്ന ചൈന പുരോഗതി തുടരുകയാണ്. 2012 മുതൽ സ്വീകരിക്കപ്പെട്ടിരിക്കുന്ന പ്രവർത്തന പന്ഥാവ്, ജി.ഡി.പി വളർച്ച എന്നതിലുപരി സുസ്ഥിര വികസനത്തിലും വളർച്ചയുടെ ഗുണനിലവാരത്തിലും ഊന്നിയുള്ളതാണ്. സാമ്പത്തികവും സാമൂഹ്യവുമായ പുനഃസംഘടന നടക്കുന്നുവെന്നിരിക്കെ 2014 ലെ ചൈനീസ് സാമ്പത്തിക വളർച്ച 7.4 ശതമാനമായിരുന്നത് ശ്രദ്ധേയമാണ്. കഴിഞ്ഞ മൂന്ന് വർഷവും വിയറ്റ്നാം സാമ്പത്തിക വളർച്ച രേഖപ്പെടുത്തുകയുണ്ടായി; കയറ്റുമതിയിൽ ഗണനീയമായ വർദ്ധനവുണ്ടായതായാണ് അടയാളപ്പെടുത്തപ്പെട്ടത്. ദാരിദ്ര്യ ലഘൂകരണത്തിലെ വിജയവും ശ്രദ്ധേയമാണ്. ദേശീയ ദാരിദ്ര്യനിരക്ക് 2005 ലെ 22 ശതമാനത്തിൽ നിന്നും 2013 ൽ 7.8 ശതമാനമായി കുറഞ്ഞു; എന്നിരുന്നാലും അസമത്വം ഇപ്പോഴും വർദ്ധിക്കുകയാണ്. കൊറിയൻ ജനകീയ ജനാധിപത്യ റിപ്പബ്ലിക് (ഡി.പി.ആർ.കെ) അതിനുമേൽ അടിച്ചേൽപിക്കപ്പെട്ട ഉപരോധങ്ങളെ അതിജീവിച്ചു നിൽക്കുകയാണ്; അമേരിക്കയുടെയും ദക്ഷിണ കൊറിയൻ ഗവൺമെന്റിന്റെയും പ്രകോപനപരമായ നീക്കങ്ങളെ വിജയകരമായി നേരിടുകയും ചെയ്തു. ക്യൂബ അതിന്റെ സാമ്പത്തിക സംവിധാനത്തെ കാലോചിതമാക്കുകയാണ്; 2011 മുതൽ പരിഷ്കരണങ്ങൾ നടപ്പിലാക്കുകയാണ്. ക്യൂബയിലെ അഞ്ചു പോരാളികളെ ജയിൽ മോചിതരാക്കുന്നതിലും ക്യൂബയും അമേരിക്കയും തമ്മിൽ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനത്തിലും ക്യൂബ വൻവിജയം കൈവരിച്ചിരിക്കുന്നു. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളായി തുടരുന്ന ക്യൂബയെ ഒറ്റപ്പെടുത്തൽ നയത്തിന്റെ പരാജയം പ്രസിഡന്റ് ഒബാമ പരസ്യമായി സമ്മതിച്ചിരിക്കുന്നു.

**ദക്ഷിണേഷ്യ**

1.36 വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകൾ പിന്തുടരുന്ന നവലിബറൽ നയങ്ങൾ മൂലം അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിത നിലവാരം തകരുന്നതാണ് ദക്ഷിണ ഏഷ്യയിലെ ശ്രദ്ധേയമായ അവസ്ഥ. 2012 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിനെ തുടർന്ന് പാകിസ്ഥാനിൽ നവാസ് ഷെരീഫ് ഗവൺമെന്റ് രൂപീകരിക്കപ്പെട്ടു. മതമൗലിക വാദികളും തീവ്രവാദികളുമായ ശക്തികളിൽ നിന്നുള്ള ഭീഷണി തുടരുന്നത് ഈ കാലഘട്ടത്തിൽ കണ്ടു; പെഷവാറിൽ സ്കൂൾ വിദ്യാർത്ഥികളെ അതിഭീകരമായി കൂട്ടക്കൊല നടത്തിയത് ഈ വിപത്തിന്റെ ദൃഷ്ടാന്തമാണ്. നേപ്പാളിൽ ഒരു പുതിയ ഭരണഘടനയ്ക്ക് രൂപം നൽകാനുള്ള ശ്രമങ്ങൾ 2013 ൽ രണ്ടാം കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി രൂപീകരിക്കപ്പെട്ടതിനുശേഷം പോലും സഫലീകരിക്കപ്പെട്ടില്ല. 2015 ജനുവരിക്കകം കരട് ഭരണഘടന അംഗീകരിക്കണമെന്ന ലക്ഷ്മണരേഖയും കടന്നു പോയിരിക്കുന്നു. ബംഗ്ലാദേശിൽ, യുദ്ധ കുറ്റങ്ങൾ സംബന്ധിച്ച ട്രിബ്യൂണൽ ജമാഅത്തെ ഇസ്ലാമിയുടെ ഉന്നത നേതാക്കളിൽ ചിലരെ ശിക്ഷിച്ചതിനെ തുടർന്ന് ജമാഅത്തെ ഇസ്ലാമിയും മതമൗലിക വാദശക്തികളും അക്രമാസക്തമായ പ്രതിഷേധങ്ങൾ അഴിച്ചുവിട്ടിരിക്കുകയാണ്. വലതുപക്ഷ മതമൗലികവാദശക്തികൾ ഉയർത്തുന്ന ഭീഷണിക്കെതിരെ, ഷാഹ്ബാഗ് പ്രസ്ഥാനത്തിൽ സാക്ഷ്യം വഹിച്ചതുപോലെ പുരോഗമന ജനാധിപത്യ ശക്തികൾ അണിനിരക്കുകയാണ്. ശ്രീലങ്കയിൽ 2015 ജനുവരിയിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായി പരാജയപ്പെട്ടതോടെ രാജപക്സെയുടെ പ്രസിഡന്റ് പദവിക്ക് അന്ത്യം കുറിച്ചിരിക്കുകയാണ്. സംയുക്ത പ്രതിപക്ഷ സ്ഥാനാർത്ഥിയായ മൈത്രിപാല സിരിസേന, എക്സിക്യൂട്ടീവ് പ്രസിഡന്റ് പദവി അവസാനിപ്പിക്കുമെന്ന വാഗ്ദാനത്തോടെ അധികാരം ഏറ്റെടുത്തിരിക്കുകയാണ്. പുതിയ ഗവൺമെന്റിന്റെ വരവ്, ആഭ്യന്തര യുദ്ധം അവസാനിച്ചശേഷവും കഴിഞ്ഞ ആറുവർഷമായി പരിഹരിക്കപ്പെടാതെ തുടരുന്ന തമിഴ് പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരമുണ്ടാകുമെന്ന പ്രതീക്ഷ ഉണർത്തിയിരിക്കുന്നു.

1.37 ഇന്ത്യ–പാകിസ്ഥാൻ ബന്ധത്തിലെ സ്തംഭനാവസ്ഥ മൂലം സാമ്പത്തിക സഹകരണത്തിനും വ്യാപാരത്തിനുമുള്ള സാർക്കിന്റെ സാധ്യതകൾ സാക്ഷാത്കരിക്കാൻ കഴിയുന്നില്ല. 2014 നവംബറിൽ കാഠ്മണ്ഡുവിൽ ചേർന്ന സാർക് ഉച്ചകോടിയിൽ ഇത് പ്രകടമായിരുന്നു.

**സാമ്രാജ്യത്വ വിരുദ്ധ ഐക്യദാർഢ്യം**

1.38 ദക്ഷിണേഷ്യയിലെ സ്വാധീനവും തന്ത്രപരമായ കൂട്ടുകെട്ടുകളും ശക്തിപ്പെടുത്താൻ അമേരിക്ക നടത്തുന്ന എല്ലാ ഗൂഢനീക്കങ്ങളെയും സി.പി.ഐ (എം) ശക്തിയായി എതിർക്കും. ദക്ഷിണേഷ്യയിലെ എല്ലാ ഇടതുപക്ഷ, പുരോഗമന, സാമ്രാജ്യത്വ വിരുദ്ധ ശക്തികളുമായും പാർടി സഹകരിക്കും; അവയുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തും.

1.39 ഇസ്രയേലിന്റെ അധിനിവേശത്തിനെതിരെയും ഒരു സ്വതന്ത്ര രാഷ്ട്രത്തിനായും പലസ്തീൻ ജനത നടത്തുന്ന പോരാട്ടത്തിന് പാർടി പൂർണ പിന്തുണ നൽകും. ഇസ്രയേലുമായുള്ള ഇന്ത്യാ ഗവൺമെന്റിന്റെ സുരക്ഷാ സൈനിക സഹകരണത്തിന് പാർടി എതിരാണ്.

1.40 ചൈന, വിയറ്റ്നാം, ക്യൂബ, ഡി.പി.ആർ.കെ, ലാവോസ് എന്നീ സോഷ്യലിസ്റ്റ് രാജ്യങ്ങളോടുള്ള ഐക്യദാർഢ്യം പാർടി പ്രകടിപ്പിക്കുന്നു. അമേരിക്കൻ നേതൃത്വത്തിലുള്ള ഉപരോധം അവസാനിപ്പിക്കുന്നതിന് ക്യൂബൻ ഗവൺമെന്റും ജനങ്ങളും നടത്തുന്ന പോരാട്ടത്തിന് പാർടി പരിപൂർണ പിന്തുണ നൽകുന്നു.

1.41 ലാറ്റിനമേരിക്കയിലെ ഇടതുപക്ഷവുമായും വിപ്ലവ പ്രസ്ഥാനങ്ങളുമായും, വിശിഷ്യാ അമേരിക്ക പിന്തുണ നൽകുന്ന വലതുപക്ഷ പ്രതിപക്ഷത്തിനെതിരെ പൊരുതുന്ന വെനസ്വേലയിലെ വിപ്ലവ ശക്തികളുമായുള്ള ഐക്യദാർഢ്യം കെട്ടിപ്പടുക്കുന്നതിന് പാർടി സജീവമായി പ്രവർത്തിക്കും.

1.42 സാമ്രാജ്യത്വ ആക്രമണങ്ങൾക്കെതിരായ പോരാട്ടങ്ങളെയും സാമ്രാജ്യത്വ ആഗോളവൽക്കരണം അടിച്ചേൽപിച്ചുകൊണ്ടിരുന്ന നവലിബറൽ വ്യവസ്ഥയ്ക്കെതിരായ നാനാവിധ പോരാട്ടങ്ങളെയും പരിസ്ഥിതി സംരക്ഷിക്കുന്നതിനും കാലാവസ്ഥാ നീതിക്കുവേണ്ടിയുമുള്ള പ്രസ്ഥാനത്തെയുമെല്ലാം ഒരുമിച്ച് കൂട്ടി യോജിപ്പിച്ച് അതിശക്തമായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തിന് രൂപം നൽകണം.

## ദേശീയ സ്ഥിതിഗതികൾ

2.1 2014 മെയ് മാസത്തിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പ് രാഷ്ട്രീയ സ്ഥിതിഗതികളിൽ വലിയ മാറ്റം വരുത്തി. 31 ശതമാനം മാത്രം വോട്ടുനേടി ഇതാദ്യമായി ഭാരതീയ ജനതാ പാർടിക്ക് ലോക്സഭയിൽ കേവല ഭൂരിപക്ഷം കിട്ടി. നവലിബറൽ നയങ്ങൾ അക്രമണോത്സുകമാം വിധം പിന്തുടരുന്നതും, ആർ.എസ്.എസ് നയിക്കുന്ന ഹിന്ദുത്വ ശക്തികൾക്ക് അവരുടെ വർഗീയ അജണ്ട പൂർണതോതിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ശ്രമിക്കുന്നതുമായ വലതുപക്ഷ കടന്നാക്രമണത്തിന് ഇത് വേദിയൊരുക്കികൊടുത്തു. ഈയൊരു ദുർഘടസന്ധി അമിതാധികാരവാദത്തിന്റെ വളർച്ചയ്ക്ക് നിമിത്തമാകുന്നു.

2.2 2012 ഏപ്രിലിൽ നടന്ന 20-ാം കോൺഗ്രസ് യു.പി.എ ഗവൺമെന്റ് അതിന്റെ രണ്ടാം ഘട്ടത്തിൽ നവലിബറൽ അജണ്ട കൂടുതൽ ശക്തിയായി പിന്തുടരുകയാണെന്ന കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. വൻതോതിൽ അഴിമതി തുറന്നുകാട്ടപ്പെട്ടതും നിരന്തരമായി വിലക്കയറ്റവും വർധിച്ചു വരുന്ന തൊഴിലില്ലായ്മയും ജനങ്ങളിൽ വലിയൊരു വിഭാഗത്തെ വിശേഷിച്ച് ഇടത്തരക്കാരെയും യുവാക്കളെയും അന്യവൽക്കരിക്കുകയായിരുന്നു. ആർ.എസ്.എസും അതിന്റെ രാഷ്ട്രീയ വിഭാഗമായ ബി.ജെ.പിയും അവരുടെ വർഗീയ അജൻഡ മുന്നോട്ട് കൊണ്ടുപോകാൻ തക്കം പാർത്തിരിക്കുകയാണെന്നതിനാൽ വർഗീയ രാഷ്ട്രീയം ആപത്ത് ഉളവാക്കുന്നതായി രാഷ്ട്രീയ പ്രമേയം ചൂണ്ടിക്കാണിച്ചിരുന്നു. അതിനാൽ കോൺഗ്രസിനും ബി.ജെ.പിക്കുമെതിരായി പോരാടുവാൻ പ്രമേയം ആഹ്വാനം ചെയ്തു. അമേരിക്കയുമായുള്ള തന്ത്രപരമായ സഖ്യം എല്ലാതലങ്ങളിലും ശക്തിപ്പെടുത്താനാണ് യു.പി.എ ഗവൺമെന്റ് ശ്രമിച്ചുവരുന്നതെന്ന് പ്രമേയം ചൂണ്ടിക്കാട്ടി. പശ്ചിമബംഗാളിൽ സി.പി.ഐ (എം) കടുത്ത ആക്രമണത്തെയാണ് അഭിമുഖീകരിച്ചുകൊണ്ടിരുന്നത്. ഇടതുപക്ഷത്തെ പൊതുവിൽ ഒറ്റപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. പാർടിയുടെ സ്വതന്ത്രപങ്ക് വിപുലമാക്കാനും ഇടതുപക്ഷഐക്യം ശക്തിപ്പെടുത്താനും ഇടതുപക്ഷ ജനാധിപത്യവേദിയുടെ അടിസ്ഥാനത്തിൽ തൊഴിലാളി വർഗം, കൃഷിക്കാർ, മറ്റു വിഭാഗങ്ങൾ എന്നിവരെ അണിനിരത്താനും 20-ാം പാർടി കോൺഗ്രസ് ആഹ്വാനം ചെയ്തു.

2.3 കഴിഞ്ഞ പാർടി കോൺഗ്രസിന് ശേഷമുള്ള പ്രധാനപ്പെട്ട സംഭവഗതികളും സവിശേഷതകളും താഴെ പറയുന്നു.

**പൊതുവായ സവിശേഷതകൾ**

1. ഉന്നതതലത്തിലെ വൻ അഴിമതി, മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വൻവിലക്കയറ്റം, വർധിച്ചുവരുന്ന തൊഴിലില്ലായ്മ എന്നിവയുടെ ലജ്ജാവഹമായ ചരിത്രത്തോടുകൂടിയാണ് രണ്ടാം യു.പി.എ ഗവൺമെന്റിന്റെ ഭരണകാലാവധി അവസാനിച്ചത്. ചില്ലറ വ്യാപാരത്തിൽ എന്ന പോലെ കൂടുതൽ മേഖലകളിൽ വിദേശ പ്രത്യക്ഷ മൂലധനത്തിന് തുറന്നു കൊടുത്തും കൂടുതൽ സ്വകാര്യവൽക്കരണം ഏർപ്പെടുത്തിയും മൻമോഹൻ സിംഗ് ഗവൺമെന്റ് നവലിബറൽ നയങ്ങൾ മുന്നോട്ട് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത് ഈ കാലം കണ്ടു.

2. കഴിഞ്ഞ രണ്ടു തിരഞ്ഞെടുപ്പിലും പരാജയപ്പെട്ട ബി.ജെ.പി ഈ സ്ഥിതി മുതലാക്കുന്നതിൽ പൂർണമായും വിജയിച്ചു. വൻകിട ബൂർഷ്വാസിയുടെ പിന്തുണയോടെയും, ആർ.എസ്.എസിന്റെ പൂർണ ശക്തി ഉപയോഗപ്പെടുത്തിയും കോർപ്പറേറ്റ് മാധ്യമങ്ങളുടെ സഹായത്തോടെ നരേന്ദ്രമോഡി നന്നായി ഭരിക്കാനറിയുന്നവനും കാര്യങ്ങൾ നിറവേറ്റുന്നവനുമായി ഫലപ്രദമായി ഉയർത്തിക്കാണിക്കപ്പെട്ടു.

3. അതേസമയം തന്നെ ആർ.എസ്.എസും അതിന്റെ പരിവാരവും തിരഞ്ഞെടുപ്പിന് ഒരു വർഷം മുമ്പ് തന്നെ വർഗീയ സംഘർഷങ്ങൾ ഉണ്ടാക്കുകയും വർഗീയ ധ്രുവീകരണത്തിലൂടെ ജനപിന്തുണയാർജിക്കുകയും ചെയ്തു. വർഗീയസംഭവങ്ങളുടെ കാര്യത്തിൽ നിർണായകമായ വർദ്ധനവുണ്ടാകുന്നതിനാണ് രാജ്യം സാക്ഷ്യം വഹിച്ചത്. ഉത്തർപ്രദേശിൽ വർഗീയ അതിക്രമങ്ങളിലുണ്ടായ കുതിച്ചുകയറ്റം ഇതിന്റെ മുഴച്ചുനിൽക്കുന്ന ഒരു ഉദാഹരണമാണ്.

4. ബി.ജെ.പിയുടെ വിജയവും മോഡി ഗവൺമെന്റിന്റെ അധികാരാരോഹണവും വലതുപക്ഷ കടന്നാക്രമണം അഴിച്ചു വിട്ടിരിക്കുന്നു. കോർപ്പറേറ്റ് ശക്തികളും ഹിന്ദുത്വവും എന്ന ഇരട്ട ശക്തികളാണ് വലതുപക്ഷനീക്കത്തിന് ഊർജം പകരുന്നത്.

5. സാമ്പത്തിക വ്യവസ്ഥയുടെ എല്ലാ മേഖലകളിലും വിദേശ മൂലധന വർധനക്ക് ഊന്നൽ നൽകുന്ന നവലിബറൽ നയങ്ങൾ ആക്രമണോത്സുകമായി നടപ്പാക്കുന്നതാണ്, മോഡി ഗവൺമെന്റിന്റെ ഒമ്പതുമാസത്തെ ഭരണത്തിന്റെ മുഖമുദ്ര. വർധിതമായ സ്വകാര്യവൽക്കരണം തൊഴിൽ നിയമങ്ങളിലും ഭൂമി ഏറ്റെടുക്കൽ നിയമങ്ങളിലും വെള്ളം ചേർക്കൽ-റിപ്പബ്ലിക്കിന്റെ മതനിരപേക്ഷ ജനാധിപത്യ അടിത്തറയ്ക്ക് വെല്ലുവിളി ഉയർത്തുംവിധം ഹിന്ദുത്വ അജണ്ടയെ മൊത്തമായി പിന്തുടരുന്നതായും കാണാനാവും.

6. രണ്ടാം യു.പി.എ ഗവൺമെന്റിന്റെ വിദേശനയത്തിന്റെ ദിശ അമേരിക്കയുമായി തന്ത്രപരമായ ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നത് തുടർന്നു. അങ്ങനെ അത് സ്വതന്ത്രവിദേശ നയത്തിന് ഹാനികരമായി തീർന്നു. മോഡി ഗവൺമെന്റ് ഈ സമീപനത്തെ തീവ്രമാക്കിക്കൊണ്ടിരിക്കുകയാണ്.

7. യു.പി.എ ഗവൺമെന്റ് നിരവധി അഴിമതി ആരോപണങ്ങളിൽ കുടുങ്ങുകയും അത് ഉന്നതതല അഴിമതിയെന്ന വിഷയത്തെ മുൻപന്തിയിലേക്ക് കൊണ്ടുവരികയും ചെയ്തു. അത്തരം അഴിമതി നവലിബറൽ ഭരണത്തിന്റെ വ്യവസ്ഥാപരമായ അനന്തര ഫലത്തിൽ നിന്നും വൻകിട ബിസിനസുകാർ, ഭരണപക്ഷ രാഷ്ട്രീയക്കാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ തമ്മിൽ വളർന്നുവരുന്ന അവിശുദ്ധ ബന്ധത്തിൽ നിന്നും ഉയർന്നു വരുന്നതാണ്.

8. സാമൂഹിക-സാമ്പത്തിക അസമത്വം കൂടുതൽ ത്വരിതപ്പെട്ടിരിക്കുന്നു. തൊഴിലാളി വർഗത്തേയും ദരിദ്ര കർഷകരേയും ചൂഷണം ചെയ്യുന്നത് കൂടുതൽ തീവ്രതരമാക്കിയിരിക്കുന്നു. ഇതിന്റെ ദുരന്തഫലം കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് ആദിവാസികൾ, ദളിതർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ എന്നീ ഇതിനകം അടിച്ചമർത്തപ്പെട്ടവരും നിസ്വരാക്കപ്പെട്ടവരുമായ ജനവിഭാഗമാണ്.

9. ആസാമിലെ ബി.ടി.എ.ഡി പ്രദേശത്തും ബി.ടി.എ.ഡിക്ക് പുറത്തുള്ള പ്രദേശത്തും ബോഡോ തീവ്രവാദികൾ  ബംഗാളി സംസാരിക്കുന്ന മുസ്ലീങ്ങളെ വൻതോതിൽ ആക്രമിക്കുന്നതിലും തുടർന്ന് ആദിവാസികളെ ആക്രമിക്കുന്നതിലും ഘടനവാദികളുടെ ശിഥിലീകരണ പ്രവർത്തനങ്ങൾ പ്രകടമാകുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വടക്കു കിഴക്കൻ പ്രദേശങ്ങളിൽ നിന്നുള്ളവർ ആക്രമണ വിധേയരാക്കപ്പെടുന്നു.

10. സ്ത്രീകൾക്കെതിരായ ആക്രമണങ്ങളുടെ വ്യാപ്തിയിലും സ്വഭാവത്തിലും ഭീകരമായവിധം വളർച്ചയുണ്ടായിട്ടുണ്ട്. സ്ത്രീകൾ, പെൺകുട്ടികൾ, ശിശുക്കൾ എന്നിവർക്കെതിരായ ലൈംഗികാതിക്രമങ്ങളും വലിയ തോതിൽ വർധിച്ചിട്ടുണ്ട്. പുരുഷാധിപത്യപരവും വിപണി അധിഷ്ഠിതവുമായ മൂല്യങ്ങളാണ് സ്ത്രീകൾക്കെതിരായ വൻതോതിലുള്ള ആക്രമണങ്ങൾക്ക് നിദാനമാവുന്നത്.

11. ഈ കാലയളവിൽ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും യോജിച്ചുള്ള സമരങ്ങൾ വർധിച്ചു വരികയും അത് 2013 ഫെബ്രുവരിയിലെ ദ്വിദിന പൊതുപണിമുടക്കിൽ പര്യവസാനിക്കുകയും ചെയ്തു. തൊഴിൽ നിയമത്തിൽ വെള്ളം ചേർക്കുന്നതിനെതിരായി ട്രേഡ് യൂണിയനുകളുടെ സംയ്കുത സമരം തുടർന്നുവരികയാണ്.

12. ഈ കാലയളവിൽ തന്നെയാണ് പശ്ചിമബംഗാളിൽ സി.പി.ഐ (എം) നും ഇടതുപക്ഷത്തിനുമെതിരെ തൃണമൂൽ കോൺഗ്രസിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും ആക്രമണം തുടർന്നുവരുന്നത് കണ്ടത്. സി.പി.ഐ (എം) നും ഇടതുപക്ഷത്തിനും ഇക്കാലയളവിൽ ഗുരുതരമായ തിരിച്ചടികൾ ലോക്സഭാ തിരഞ്ഞെടുപ്പിൽ നേരിട്ടുവെന്നത് സി.പി.ഐ (എം) നേയും ഇടതുപക്ഷത്തേയും മുൻഗണനാടിസ്ഥാനത്തിൽ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെയാണ് അടിവരയിടുന്നത്.

## സാമ്പത്തിക സ്ഥിതിഗതികൾ

2.4 കഴിഞ്ഞ രണ്ടു വർഷക്കാലത്തെ അനുഭവങ്ങൾ നവലിബറൽ വളർച്ചയുടെ പാത ഗുരുതരമായ പ്രതിസന്ധിയുടെ ഘട്ടത്തിൽ എത്തിയതായി ഉറപ്പായിരിക്കുകയാണ്. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് ആഗോള മുതലാളിത്തത്തിലെ ദീർഘകാല പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമെന്ന പ്രാഥമിക പ്രതീക്ഷ അസ്ഥാനത്തായി.

2.5 ആഗോള പ്രതിസന്ധിയുടെ തൊട്ടുപിന്നാലെയുള്ള കാലത്തൊഴികെ ഏതാണ്ട് ഒരു ദശകക്കാലമായി നിലനിർത്തപ്പെട്ടിരുന്ന ഉയർന്ന വളർച്ചാനിരക്ക് താഴേക്ക് പോയിക്കൊണ്ടിരുന്നത് ഈ പ്രതിസന്ധിയുടെ ഒരു നിർണായക സൂചനയാണ്. 2011–12 ന്റെ രണ്ടാം പകുതിയിൽ തന്നെ മെല്ലെപ്പോക്കിന്റെ സൂചനകൾ പ്രകടമായിരുന്നു. 2012–13 ലും 2013–14 ലും ജി.ഡി.പിയുടെ വാർഷിക വളർച്ചാനിരക്ക് 5 ശതമാനത്തിൽ താഴെയായിരുന്നു. 2014–15 ന്റെ ആദ്യ ആറുമാസക്കാലയളവിലെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത് ഈ വർഷം നാമമാത്ര വർധന മാത്രമേ ഉണ്ടാകാനിടയുള്ളൂ എന്ന കാര്യമാണ്. വളർച്ചയിൽ ഉണ്ടായ ഈ മന്ദഗതി നിരവധി സേവന മേഖലകളിലും നിർമാണ മേഖലയിലും അടക്കം പല മേഖലകളിലും വ്യാപകമാണെങ്കിലും ഇത് ഏറ്റവും മോശമായി ബാധിച്ചത് വ്യവസായ മേഖലയെയാണ്. 2011 ജൂലൈ മുതലുള്ള നാൽപത് മാസക്കാലമായി നിർമാണ രംഗത്തെ വളർച്ച ഏതാണ്ട് പൂജ്യത്തോടടുത്ത് നിൽക്കുന്നു.

2.6 യു.പി.എ ഗവൺമെന്റ് വിദേശമൂലധന താൽപര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതും ഇന്ത്യയിലെ വൻകിട ബിസിനസുകാരെ പ്രീണിപ്പിക്കുന്നതുമായ ഒരു പറ്റം നയങ്ങൾ നടപ്പാക്കി ഈ സ്ഥിതിഗതിയെ നേരിടാനാണ് ശ്രമിച്ചത്. നികുതി ഇളവുകളും നികുതി വ്യവസ്ഥകളിൽ ഇളവ് വരുത്തലും കൂടുതലായി നടത്തി വിദേശ കമ്പനികൾക്കും ഇന്ത്യയിലെ വൻകിട ബിസിനസുകാർക്കും നേട്ടങ്ങൾ ഉണ്ടാക്കി കൊടുത്തു. മൾട്ടി ബ്രാന്റ് ചില്ലറ വ്യാപാരത്തിൽ 51 ശതമാനം വിദേശ പ്രത്യക്ഷ മൂലധന നിക്ഷേപം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. മുമ്പ് ഇന്ത്യൻ ബാങ്കുകളിൽ വിദേശ നിക്ഷേപം നടത്തുന്ന വിദേശബാങ്കുകൾക്കുള്ള വോട്ടവകാശം 10 ശതമാനമായി പരിമിതപ്പെടുത്തിയിരുന്നെങ്കിൽ ബാങ്കിംഗ് നിയമത്തിൽ ഭേദഗതി വരുത്തി അത് 26 ശതമാനമാക്കി ഉയർത്തി. വ്യവസായ കുടുംബങ്ങൾക്ക് സ്വകാര്യ ബാങ്കുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വഴി തുറന്നു കൊടുത്തു; പെൻഷൻ ഫണ്ടുകൾ സ്വകാര്യവൽക്കരിക്കുന്നതിന് പെൻഷൻ ബിൽ അംഗീകരിക്കുകയും പെൻഷൻ ഫണ്ടിൽ 26 ശതമാനം വിദേശ പ്രത്യക്ഷനിക്ഷേപം അനുവദിക്കുകയും ചെയ്തു. ദേശീയ ഫാർമസ്യൂട്ടിക്കൽ

വില നയം പ്രഖ്യാപിക്കുകയും അതുവഴി മരുന്നുവില നിയന്ത്രണ സംവിധാനം കൊണ്ടുവന്ന് വിദേശ കുത്തകകൾ അടക്കമുള്ള വൻകിട ഫാർമസ്യൂട്ടിക്കൽ സ്ഥാപനങ്ങൾക്ക് വൻലാഭമുണ്ടാക്കുന്നതിന് അവസരം നൽകുകയും ചെയ്തു.

2.7 സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം നിർണായകമായ കൃഷിക്കും ഗ്രാമവികസനത്തിനും വളത്തിനും, ഭക്ഷ്യസബ്സിഡികൾക്കും, സാമൂഹ്യമേഖലാ ചെലവുകൾക്കും മേൽ മൂലധന ചെലവുകൾക്കൊപ്പം യു.പി.എ ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്തിയിരുന്നു. യഥാർത്ഥ കണക്കുകൾ നോക്കിയാൽ ഒന്നാം യു.പി.എ ഗവൺമെന്റിന്റെ അവസാന വർഷം ചെലവഴിച്ചതിനേക്കാൾ കുറഞ്ഞ തുകയായിരുന്നു രണ്ടാം യു.പി.എ ഗവൺമെന്റ് അഞ്ചുവർഷങ്ങളിൽ ഈ ഇനങ്ങളിൽ പ്രതിവർഷം ചെലവഴിച്ചത്. എം.എൻ.ആർ.ഇ.ജി.എ പദ്ധതിയിലും ആരോഗ്യബജറ്റിലും മറ്റുക്ഷേമപദ്ധതികളിലും ചെലവ് വെട്ടിക്കുറക്കുന്നതിനും പൊതുമേഖലാ ഓഹരി വിൽപന കൂട്ടുന്നതിനുമുള്ള മോദി ഗവൺമെന്റിന്റെ നടപടികളും ഒക്കെ നൽകുന്ന സൂചന വരും ദിവസങ്ങളിലും ഇത്തരം കൂടുതൽ നടപടികൾ പ്രതീക്ഷിക്കാമെന്നാണ്.

2.8 നവലിബറൽ നയങ്ങൾ മോദി ഗവൺമെന്റ് അക്രമോത്സുകതയോടെ പിന്തുടർന്നുകൊണ്ടിരിക്കുകയാണ്. റെയിൽവെയിൽ ബി.ജെ.പി ഗവൺമെന്റ് വിദേശ പ്രത്യക്ഷ നിക്ഷേപം പ്രഖ്യാപിച്ചു കഴിഞ്ഞു. പ്രതിരോധ ഉൽപാദന രംഗത്ത് വിദേശ പ്രത്യക്ഷനിക്ഷേപത്തിന്റെ പരിധി ഉയർത്തി. ഓർഡിനൻസ് മുഖാന്തരം ഇൻഷുറൻസിൽ വിദേശപ്രത്യക്ഷനിക്ഷേപം 49 ശതമാനമായി ഉയർത്തുകയും റിയൽ എസ്റ്റേറ്റ് രംഗത്ത് വിദേശപ്രത്യക്ഷ നിക്ഷേപത്തിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുകയും ചെയ്തു. ആസൂത്രണ കമ്മീഷന് പകരം പ്രധാനമന്ത്രിക്ക് കീഴിൽ നിതി ആയോഗ് എന്ന പേരിൽ ഒരു സമിതി രൂപപ്പെടുത്തി. ഇത് സംസ്ഥാനങ്ങൾക്കുള്ള പണം വകയിരുത്തൽ കൂടുതൽ കേന്ദ്രീകൃതമായ രീതിയിലാക്കും.

2.9 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കലിലൂടെ 2014–15 ലെ കേന്ദ്ര ബജറ്റിൽ പ്രതീക്ഷിക്കുന്നത് 43,425 കോടി രൂപയാണ്. കൽക്കരി ഖനികൾ ലേലം ചെയ്തു കൊടുക്കുന്നതിന് വേണ്ടി ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടുവരികയും അതോടൊപ്പം വാണിജ്യപരമായ സ്വകാര്യഖനനം അനുവദിക്കുന്നതിന് ഖനിദേശസാൽക്കരണ നിയമത്തിൽ ഒരു വകുപ്പ് കൂടി ചേർക്കുന്നതിലൂടെ സ്വകാര്യവൽക്കരണത്തിന് വഴി തുറക്കുകയും ചെയ്തു. ഡീസൽ വില നിയന്ത്രണം ഗവൺമെന്റ് എടുത്ത് കളഞ്ഞു. വനപ്രദേശങ്ങളിലെ ഖനനരംഗത്തും ഊർജരംഗത്തും നിരവധി പ്രോജക്ടുകൾക്ക് അത് പാരിസ്ഥിതികാനുമതി നൽകി. ഇത് ഗോത്രവർഗ ജനതയുടെ അവകാശങ്ങളെയും പരിസ്ഥിതിയേയും ദോഷകരമായി ബാധിക്കും. മോദി ഗവൺമെന്റ് അധികാരത്തിൽവന്നതിന് ശേഷവും സമ്പദ് വ്യവസ്ഥയുടെ വളർച്ച മന്ദഗതിയിൽ തന്നെയാണ്. വ്യാവസായിക ഉൽപാദന സൂചിക 2.5 ശതമാനത്തിന് അപ്പുറം എത്തുമെന്ന് കരുതുന്നില്ല. ഇക്കൊല്ലത്തെ വർഷപാതം സാധാരണയിൽ താഴെയാകും എന്ന് പ്രതീക്ഷിക്കുന്നതിനാൽ 2014–15 ൽ കാർഷികോൽപാദനം കുറയും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

2.10 വിലക്കയറ്റ പ്രക്രിയ ഏറ്റവും അധികം കേന്ദ്രീകരിച്ചിരിക്കുന്നത് ഭക്ഷ്യവസ്തുക്കളിലാണ്. കഴിഞ്ഞ ഒരു ദശകക്കാലമായി ഭക്ഷ്യവിലവർധന ഒരു നിർണായക പ്രവണതയായി മാറുകയും ഈ കാലയളവിൽ മിക്ക ഭക്ഷ്യ പദാർത്ഥങ്ങളുടെയും വില ഇരട്ടിയിലേറെയായി വർധിക്കുകയും ചെയ്തു. വളർച്ച പരിമിതമായി തുടരുമ്പോൾ തന്നെ പണപ്പെരുപ്പ തോത് സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്തതായി തുടരുന്നു. മൊത്തവില സൂചിക കുറയുന്നതായി ഗവൺമെന്റ് ചൂണ്ടിക്കാണിക്കുമ്പോൾ തന്നെ 2014–15 ൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം ഉയർന്ന തോതായ 8.63 ആയി തുടരുന്നു. അസംസ്കൃത എണ്ണയുടെ ഇറക്കുമതി വില ഗണ്യമായി ഇടിയുകയും സ്വാഭാവികമായി അത് ഊർജവിലയിലും പണപ്പെരുപ്പ നിരക്കിലും ഉള്ള കുറവായി മാറുകയും ചെയ്യേണ്ട പരിതഃസ്ഥിതിയിൽ ആണ് ഇങ്ങനെ സംഭവിക്കുന്നത്. 2014 ജൂണിന് ശേഷം അന്തർദേശീയ എണ്ണവിലയിൽ 55 ശതമാനം വരുന്ന, കുത്തനെയുള്ള ഇടിവാണ് ഉണ്ടായത്. എന്നാൽ മോദി ഗവൺമെന്റ് ഇക്കാലയളവിൽ ഇറക്കുമതി എണ്ണക്കുമേലുള്ള ചുങ്കം നാലുതവണ വർധിപ്പിക്കുകയും അതുവഴി ഡീസൽ, പെട്രോൾ എന്നിവയുടെ വിലയിലുണ്ടായ കുറവിന്റെ ആനുകൂല്യം ജനങ്ങളിലെത്തുന്നത് തടയുകയും ചെയ്തു.

2.11 കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തൊഴിലില്ലായ്മ വർധിച്ചു. തൊഴിൽ വളർച്ചാ നിരക്ക് ഒരു ശതമാനത്തിൽ താഴെയാണെന്നത് ഗ്രാമങ്ങളിലും നഗരങ്ങളിലും തൊഴിൽരഹിതരുടെ അണികൾ കുമിഞ്ഞു കൂടാൻ ഇടയാക്കുന്നു. 30 കോടി വരുന്ന 15 വയസിനും 29 വയസിനും ഇടയിലുള്ളവരിലെ തൊഴിലില്ലായ്മാ നിരക്ക് 13.3 ശതമാനമാണ്. വ്യാവസായിക രംഗത്തും സമ്പദ്വ്യവസ്ഥയിലും ഉണ്ടായ മന്ദഗതി എഞ്ചിനീയർമാർക്കും സാങ്കേതിക പ്രവർത്തകർക്കും ഇടയിൽ തൊഴിൽ രാഹിത്യമുണ്ടാക്കുന്നതിന് ഇടയാക്കുന്നു. സ്ത്രീ തൊഴിലാളികളുടെ എണ്ണത്തിൽ വൻതോതിൽ കുറവുണ്ടായിരിക്കുന്നു. ലഭ്യമാവുന്ന തൊഴിലുകളാവട്ടെ കുറഞ്ഞ കൂലി മാത്രം നൽകുന്നതും തൊഴിൽ സുരക്ഷയില്ലാത്തതുമാണ്. നവലിബറൽ ഭരണത്തിന്റെ ഒരു സവിശേഷ പ്രതിഭാസമാണിത്.

2.12 വളർച്ച ത്വരിതപ്പെടുത്തുന്നതിനായി പൊതു നിക്ഷേപത്തെയോ പൊതു ചെലവിനെയോ ഉപയോഗിക്കുന്ന നയത്തിന്റെ അഭാവത്തിൽ സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കാനും ലാഭം വർധിപ്പിക്കാനുമുള്ള നടപടികൾ നിർബന്ധിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രധാന സവിശേഷതകൾ ഇനി പറയുന്നവ ഉൾക്കൊള്ളുന്നു. (എ) തൊഴിലിനെ അപേക്ഷിച്ച് മൂലധനത്തിന്റെ ശക്തി തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തി 'വഴക്കം' കൂട്ടുന്ന തരത്തിൽ വർദ്ധിപ്പിക്കുക; (ബി) കർഷകരുടെയും

ഗോത്രവർഗ ജനതയുടെയും ചെലവിൽ വൻകിട ബിസിനസ്സുകാർക്ക് കെട്ടിടനിർമാണം, പശ്ചാത്തല സൗകര്യങ്ങൾ, ഖനനം, വ്യവസായ പദ്ധതികൾ എന്നിവക്കായി കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമാക്കുക– അതിനായി ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ ഓർഡിനൻസ് വഴി ഭേദഗതി വരുത്തുക; (സി) ദേശീയ വിഭവങ്ങൾ കോർപ്പറേറ്റ് കുടുംബങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെയും സ്വകാര്യവൽക്കരണത്തിലൂടെ വർധിച്ച തോതിൽ കൈമാറുക – യു.പി.എ ഭരണകാലത്ത് അഴിമതി തഴച്ചുവളരാൻ ഇടയാക്കിയത് ഈ പ്രക്രിയയായിരുന്നു; (ഡി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ കുറവു വരുത്തുക വഴി കൂടുതൽ പ്രോജക്ടുകൾക്ക് അനുമതി ലഭ്യമാക്കുക; (ഇ) ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് പണം കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാക്കും വിധം നികുതി ഇളവുകൾ നൽകലും വായ്പകൾ എഴുതിത്തള്ളലും; (എഫ്) സാമൂഹ്യ മേഖലാ ചെലവുകളിൽ ഗണ്യമായ കുറവുകൾ വരുത്തുക.

2.13 പ്രതിസന്ധിയോടുള്ള ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രതികരണം പ്രതിഫലിപ്പിക്കുന്നത് ബൂർഷ്വാസിയുടെ സങ്കുചിതമായ വർഗ കാഴ്ചപ്പാടാണ്. അത് തീർച്ചയായും പ്രതിസന്ധി ഉണ്ടാക്കിയ അതേ പ്രക്രിയ പുനരുൽപ്പാദിപ്പിക്കുന്നതിനുള്ള ശ്രമമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നവലിബറൽ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഒരു പ്രതിവിധിക്കായി അന്വേഷിക്കുന്നത് നിലനിൽക്കുന്ന തൊഴിൽ–വരുമാന പ്രതിസന്ധികളെ തീവ്രതരമാക്കുക മാത്രമേ ചെയ്യൂ. വാസ്തവത്തിൽ അത് ഭരണവർഗങ്ങളുടെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും – തൊഴിലാളികളുടെയും കർഷകരുടെയും – താൽപ്പര്യങ്ങൾ തമ്മിലുള്ള വൈരുധ്യം രൂക്ഷതരമാക്കിത്തീർക്കുന്നു. ജനങ്ങൾക്കെതിരായി നടക്കുന്ന രണ്ടും കൽപിച്ചുള്ള ഈ ആക്രമണം ഇന്നത്തെ പരിതഃസ്ഥിതിയിൽ ഭരണവർഗത്തിന് വർധിച്ച അമിതാധികാര പ്രവണത അവശ്യഘടകമാക്കി തീർക്കുകയും ചെയ്യുന്നു.

**കർഷകരംഗത്തെ സ്ഥിതി**

2.14 കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ദരിദ്ര–ഇടത്തരം കർഷകർ, ഗ്രാമീണ കാർഷിക തൊഴിലാളികൾ എന്നിവരടങ്ങുന്ന ജനസാമാന്യത്തിന്റെ സ്ഥിതി കൂടുതൽ വഷളാകാൻ ഗ്രാമീണ ഇന്ത്യയിലെ കാർഷിക സ്ഥിതിഗതികൾ കാരണമായി. കാർഷികരംഗത്തെ വളർച്ചയുടെ ദീർഘകാലമായുള്ള മന്ദഗതി തുടരുകയും ആളോഹരി ഭക്ഷ്യധാന്യലഭ്യത മരവിച്ചു നിൽക്കുകയും ചെയ്തു. കാർഷിക ജി.ഡി.പിയുടെ പങ്ക് കുറഞ്ഞതിന്റെ ഭാഗമായി കാർഷികരംഗത്തെ മൂലധന രൂപീകരണത്തിനുള്ള പൊതുനിക്ഷേപം കുറഞ്ഞു. മഹാരാഷ്ട്ര, തെലങ്കാന, പശ്ചിമബംഗാൾ മുതലായ സംസ്ഥാനങ്ങളിൽ കർഷക ആത്മഹത്യ തുടരുകയാണ്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2013–ൽ കാർഷിക മേഖലയിലുള്ള 11,772 പേർ ആത്മഹത്യ ചെയ്തു. ചെറുകിട–നാമമാത്ര കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിയുടെ വർധിച്ചുവരുന്ന നഷ്ടമാണ് കാർഷികരംഗത്തെ ഈ ദുസ്ഥിതിക്കുള്ള ശരിയായ കാരണം. ചെറുകിട കാർഷിക സമ്പദ്‌വ്യവസ്ഥയിലെ ഈ പ്രതിസന്ധിയാവട്ടെ, ഉൽപാദനത്തിനുള്ള വസ്തുക്കളുടെ വിലയിൽ വർധനവുണ്ടാവുകയും അതിന് ആനുപാതികമായി ഉൽപന്ന വിലയിൽ വർദ്ധനവുണ്ടാവാതിരിക്കുകയും ചെയ്യുന്നതിനാൽ രൂക്ഷതരമായി.

2.15 മറുഭാഗത്താവട്ടെ, 2012 നു ശേഷം വിത്ത്, വളം, കീടനാശിനി, ഊർജം, ഇന്ധനം തുടങ്ങി കാർഷിക നിക്ഷേപവസ്തുക്കളുടെ വിലയിലെ വർധനവിന് കാരണം ഗവൺമെന്റിന്റെ തെറ്റായ നയങ്ങളാണ്. പൊതു കാർഷിക ഗവേഷണരംഗത്തെ താഴ്ത്തിക്കെട്ടിയത് വിത്തുൽപ്പാദന–വിതരണ കാര്യത്തിൽ ബഹുരാഷ്ട്ര–ആഭ്യന്തര കോർപ്പറേറ്റുകളുടെ വിപണിയിലെ കരുത്ത് വർധിക്കാൻ ഇടയാക്കി. കാർഷിക നിക്ഷേപ വസ്തുക്കളുടെ മേൽ കോർപ്പറേറ്റുകളുടെ നിയന്ത്രണം വർധിച്ചുവരികയാണ്. മറുവശത്താകട്ടെ, വിവിധയിനം ഉൽപാദന സാമഗ്രികളുടെ ചെലവിലുണ്ടാകുന്ന വർധനവ് ഉൽപ്പന്ന വിലയുടെ വളർച്ച കൊണ്ട് നികത്തപ്പെടുന്നില്ല. വാസ്തവത്തിൽ തേയില, റബ്ബർ, കുരുമുളക്, തേങ്ങ, പരുത്തി, പരിപ്പ്, ഉള്ളി എന്നിവയുടെ വില സ്ഥിരമായി നിൽക്കുകയോ കുറയുകയോ ചെയ്തു. അന്താരാഷ്ട്ര വിപണിയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞത് കർഷകരെ ദോഷകരമായി ബാധിച്ചു. ഇത്തരം സാഹചര്യത്തിൽ പൊതു സംഭരണ സംവിധാനമുണ്ടാക്കുകയാണ് ആശ്വാസത്തിനുള്ള ഒരു നടപടി. എന്നാൽ, പുതിയ ഗവൺമെന്റ് പൊതുസംഭരണ സംവിധാനത്തെ പൊളിച്ചടുക്കാനും ബഹുരാഷ്ട്ര കോർപ്പറേഷനുകളെയും ചെറുകിട വ്യാപാര ഭീമന്മാരെയും കൃഷിസ്ഥലത്തുനിന്ന് ഉൽപ്പന്നം വാങ്ങാൻ ക്ഷണിക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്. പഞ്ചസാരമില്ലുകളിൽ നിന്ന് കിട്ടേണ്ട 11000 കോടി രൂപ ലഭ്യമാക്കുന്നതിൽ ഭരണകൂടത്തിനുണ്ടായ വീഴ്ച കരിമ്പ് കർഷകരെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

2.16 കാർഷിക വായ്പയിലുണ്ടായ വർധനവ് ബഹുരാഷ്ട്ര കോർപ്പറേഷനുകൾക്കും അഗ്രിബിസിനസ് കുടുംബങ്ങൾക്കും വൻകിട കർഷകർക്കും അനുകൂലമായി അങ്ങേയറ്റം വളച്ചൊടിക്കപ്പെട്ടിരിക്കുന്നു. ചെറുകിട–നാമമാത്ര കർഷകർ സാധാരണ വായ്പാവ്യവസ്ഥയിൽനിന്ന് ഒഴിവാക്കപ്പെടുകയും അവർ പണമിടപാടുകാരെ ആശ്രയിക്കുന്നതിന് നിർബന്ധിതമാവുകയും ചെയ്തിരിക്കുന്നു. കർഷകരുടെ കടബാധ്യത വർധിച്ചുകൊണ്ടിരിക്കുകയാണ്.

2.17 സഹകരണ വായ്പാസംഘങ്ങളെ സംബന്ധിച്ചുള്ള പുതിയ നയങ്ങൾ ഇന്ത്യയുടെ പ്രാഥമിക കാർഷിക വായ്പാ സഹകരണപ്രസ്ഥാനത്തിന്റെ അടിത്തറ തകർക്കുംവിധം അവയെ വ്യാപാരബാങ്കുകളുടെ 'ബാങ്കിംഗ് ഏജന്റുമാർ' മാത്രമാക്കി മാറ്റുന്നതിന് ഉതകുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്നതിൽനിന്ന് അവയെ തടയുക വഴി വ്യാപാര ബാങ്കുകൾക്കും ഉപഭോക്താക്കൾക്കും ഇടയിലുള്ള ഇടനിലക്കാർ മാത്രമാക്കി അവയെ മാറ്റുന്നതിനാണ് അത് ഇടയാക്കുക.

2.18 ഉദാരവൽക്കരണത്തിനു കീഴിൽ ഗ്രാമീണരംഗത്തുണ്ടായ മാറ്റത്തിന്റെ ഗുണഭോക്താക്കൾ ഭൂപ്രഭുക്കളും വൻകിട മുതലാളിത്ത കർഷകരും ആണ്. കാർഷിക-കാർഷികേതര രംഗത്ത് പ്രവർത്തിച്ചുവരുന്ന കൂലിത്തൊഴിലാളികളുടെ കൂലി യഥാർഥത്തിൽ വളരെ താഴ്ന്നതുതന്നെയാണെന്നു മാത്രമല്ല, പ്രാദേശിക വൈജാത്യങ്ങളുള്ളതും കടുത്ത ലിംഗാധിഷ്ഠിത വിവേചനമുള്ളതുമാണ്. ഇതിനു പുറമെ, ഗ്രാമീണ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശരാശരി തൊഴിൽദിനങ്ങൾ ഏറെ പരിമിതമാണ്, വിശേഷിച്ചും സ്ത്രീകൾക്ക്. പ്രവാസി തൊഴിലാളികളുടെ ജീവിതസ്ഥിതി വളരെ മോശമാണെന്നു മാത്രമല്ല, അവരുടെ സ്വന്തം ഗ്രാമങ്ങളിലും അവരുടെ കുടുംബങ്ങളുടെ സ്ഥിതി ഏറെ ദുഷ്കരമാണ്.

2.19 മുൻ പാർലമെന്റ് അംഗീകരിച്ച ഭൂമി ഏറ്റെടുക്കൽ നിയമം ബി.ജെ.പി ഗവൺമെന്റ് ജനാധിപത്യവിരുദ്ധമായ രീതിയിൽ ഒരു ഓർഡിനൻസിലൂടെ ഭേദഗതി വരുത്തി. കോർപ്പറേറ്റുകൾക്കും ഭൂമാഫിയകൾക്കും ഊഹക്കച്ചവടവും ലാഭവും വർധിപ്പിക്കാനായിരുന്നു ഇത്. ഈ ഓർഡിനൻസ് സാധാരണ കർഷകരുടെയും ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങളുടെയും ഉത്കണ്ഠകളെ അവഗണിക്കുന്നു. വാസ്തവത്തിൽ അത് 1894 ലെ കൊളോണിയൽ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ ഏറ്റവും രാക്ഷസീയമായ വ്യവസ്ഥകളെ പുനഃസ്ഥാപിക്കുന്നു.

### അസമത്വം മൂർച്ഛിക്കുന്നു

2.20 നവ കൊളോണിയൽ നയങ്ങൾ മൂലം സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ മൂർച്ഛിക്കുന്നതിന് ഈ കാലഘട്ടം സാക്ഷ്യംവഹിച്ചു. 2014 ലെ '*ഫോർബ്സ്*' മാസികയുടെ പട്ടിക പ്രകാരം ഇന്ത്യയിലെ ഏറ്റവും ധനികരായ 100 പേർ എല്ലാവരുംതന്നെ ശതകോടീശ്വർ ആണ്. (100 കോടി ഡോളർ = 6200 കോടി രൂപ). 2011ൽ ഇത് 55 പേരായിരുന്നു. 45 പേരുടെ വർധനവാണ് ഉണ്ടായത്. ഈ 100 ശതകോടീശ്വരന്മാരുടെ മൊത്തം സമ്പത്ത് 34,000 കോടി ഡോളറാണ്. മൊത്തം കുടുംബങ്ങളിൽ ഒരു ശതമാനം വരുന്നവരുടെ 2000-ത്തിലെ സമ്പത്ത് 36.8 ശതമാനമായിരുന്നത് 2014ൽ 49 ശതമാനമായി വർദ്ധിച്ചു. (ക്രെഡിറ്റ് സൂയിസെ, ഗ്ലോബൽ വെൽത്ത് റിപ്പോർട്ട്).

2.21 ഒരു ഭാഗത്ത് ഇങ്ങനെ പ്രകടമായി സമ്പത്ത് കുന്നുകൂടുമ്പോൾ തന്നെ 2011-12ൽ ഇന്ത്യയിലെ 80 ശതമാനം വരുന്ന ഗ്രാമങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പ്രതിശീർഷ പ്രതിദിന ഉപഭോഗ ചെലവ് അമ്പത് രൂപ മാത്രമാണ്. മൊത്തം നഗരകുടുംബങ്ങളുടെ 45 ശതമാനം വരുന്ന കുടുംബങ്ങളിലെയും സ്ഥിതി ഇത് തന്നെയാണ്. 2012 ൽ പ്രതിവർഷ ആളോഹരി ഭക്ഷ്യധാന്യലഭ്യത 164 കിലോ മാത്രമായിരുന്നു. 1991 ലെ പ്രതിവർഷ ആളോഹരി ലഭ്യതയായ 186 കിലോയിയേക്കാൾ കുറവാണിത്.

2.22 വൻകിട മുതലാളിമാരുടെ കുന്നുകൂടുന്ന സമ്പത്തും ലാഭവും തൊഴിലാളികളെ തീവ്രമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായാണുണ്ടായത്. വ്യവസായ ശാലകളിൽ അറ്റമൂല്യവർധനയിൽ കൂലിയുടെ ഓഹരി 1990-91 ൽ 25.6 ശതമാനം ആയിരുന്നതിൽ നിന്ന് 2011-12 ൽ 11.9 ശതമാനമായി കുറഞ്ഞു.

2.23 കോർപ്പറേറ്റ് മേഖലയും സമ്പന്ന വിഭാഗവും ഭരണകൂട ഇടപെടലിന്റെ ഗുണഭോക്താക്കൾ തന്നെയാണ്. 2008-09 നും 2012-13 നും ഇടയിലുള്ള 4 വർഷക്കാലത്തിനിടയിൽ ഒഴിവാക്കപ്പെട്ട നികുതി വരുമാനം 23.84 ലക്ഷം കോടി രൂപയാണ്.

### തൊഴിലാളികളുടെ സ്ഥിതി

2.24 നവലിബറൽ കാലത്ത് തൊഴിലാളികളുടെ തൊഴിലിന്റെ സ്വഭാവത്തിൽ വന്നിട്ടുള്ള മാറ്റം ചൂഷണം തീവ്രമാക്കുന്നതിനെ ത്വരിതപ്പെടുത്തുന്നു. സംഘടിത വ്യവസായ മേഖലയിൽ തൊഴിലാളികളുടെ ആളോഹരി യഥാർത്ഥ വേതനം കുറഞ്ഞു. 1990-91 ൽ 108.41 രൂപയായിരുന്നത് 2010-11 ൽ 103.76 രൂപയായാണ് കുറഞ്ഞത്. കരാർവൽക്കരണം, താൽക്കാലികവൽക്കരണം, പണി പുറത്തുകൊടുക്കൽ എന്നിവയാണ് തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന രീതികൾ. മൊത്തം സംഘടിത തൊഴിലുകളിൽ കരാർ തൊഴിലിന്റെ പങ്ക് 1995-96 ൽ 10.54 ശതമാനമായിരുന്നത് 2009-10 ൽ 25.7 ശതമാനമായി വർധിച്ചു. വീട്ടിലിരുന്ന് തൊഴിലെടുക്കുന്ന, മുഖ്യമായും സ്ത്രീകളായ തൊഴിലാളികൾക്ക്, പീസ് റേറ്റ് കൂലി എന്ന പേരിൽ വളരെ കുറഞ്ഞ പ്രതിഫലമാണ് പുറത്തു പണികൊടുക്കുന്ന കമ്പനികൾ കൊടുത്തു വരുന്നത്. ''സ്കീം' തൊഴിലാളികൾ എന്ന പേരിൽ ഗവൺമെന്റിന്റെ വിവിധ സ്കീമുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾക്ക് നാമമാത്രമായ ഒരു പ്രതിഫലം മാത്രം നൽകുകയും മറ്റു നിയമപരമായ ആനുകൂല്യങ്ങളൊക്കെ നിഷേധിക്കുകയുമാണ് ഗവൺമെന്റ് ചെയ്യുന്നത്. അസംഘടിത മേഖലയിലെ വലിയൊരു വിഭാഗം, പ്രവാസികളായ തൊഴിലാളികളാണ്. അവരുടെ ജീവിതം, തൊഴിൽ പരിതസ്ഥിതി എന്നിവയൊക്കെ ദിവസക്കൂലിക്കാർ എന്ന നിലയിൽ വളരെ മോശമാണ്. അവർക്ക് സാമൂഹിക സുരക്ഷാ പദ്ധതികളൊന്നും തന്നെ ലഭ്യവുമല്ല.

### അഴിമതിയും കള്ളപ്പണവും

2.25 രണ്ടാം യു.പി.എ ഭരണകാലത്ത് തുറന്നു കാട്ടപ്പെട്ട അഴിമതി ആരോപണങ്ങൾ ഇന്നേവരെ ഉണ്ടാകാത്ത വിധത്തിലുള്ളവയായിരുന്നു. നവലിബറൽ വാഴ്ചയ്ക്ക് കീഴിൽ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുന്നതിനെ ത്വരിതപ്പെടുത്തുന്നതിനായി അഴിമതിയെ എങ്ങനെ ഉപയോഗിക്കാനാവും എന്ന് തുറന്നു കാട്ടുന്നതായിരുന്നു അവ. തുടക്കത്തിൽ 2 ജി സ്പെക്ട്രം കേസ് വൻകിട ബിസിനസുകാരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥ പ്രമാണിമാരും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ് തുറന്ന് കാണിച്ചത്. തുടർന്ന് 2012 ൽ കൽക്കരി ഖനികൾ സ്വകാര്യകമ്പനികൾക്ക് ഖനനത്തിനായി അനുവദിച്ചുകൊടുക്കുന്നതിലൂടെ സ്വകാര്യകമ്പനികൾ 1.86 ലക്ഷം കോടി രൂപ സ്വയം സമ്പന്നമാവുന്നതിന് എങ്ങനെയാണ് തട്ടിയെടുത്തതെന്ന കാര്യം സി.എ.ജി റിപ്പോർട്ട് വ്യക്തമാക്കി. ഇതിനെ തുടർന്ന് അഗസ്റ്റ-വെസ്റ്റ്ലാന്റ്

ഹെലികോപ്റ്റർ വ്യാപാരവും റെയിൽവേ മന്ത്രാലയത്തിലെ കൈക്കൂലി കേസുമാണുണ്ടായത്. തുടർന്ന് പശ്ചിമബംഗാളിൽ ശാരദാ ചിട്ടി ഫണ്ട് അഴിമതികേസും ഒഡീഷയിൽ ചിട്ടിഫണ്ട് അഴിമതി ആരോപണവും കേരളത്തിൽ സൗരോർജ്ജ പാനൽ അഴിമതി കേസും പുറത്തുവന്നു.

2.26 കോർപ്പറേറ്റ് മാധ്യമങ്ങളും ഇത്തരം അഴിമതികളെ കുറിച്ചുള്ള ജനങ്ങളുടെ ധാരണയും അഴിമതിക്കാരായ രാഷ്ട്രീയക്കാരിലും ഉദ്യോഗസ്ഥരിലും മാത്രമാണ് ഊന്നിയതെന്നതുകൊണ്ട് നവലിബറൽ വാഴ്ചയാണ് അഴിമതിയുടെ പ്രഭവ കേന്ദ്രം എന്നത് പുറത്ത് വന്നില്ല. ഇതാണ് വൻകിട ബിസിനസുകാരെ അഴിമതി ചെയ്തികൾ നടത്തുന്നതിന് പ്രാപ്തമാക്കിയത്. 2013 ൽ പാർലമെന്റ് പാസാക്കിയ ലോക്പാൽ നിയമം അഴിമതി നിരോധനനിയമത്തിൽ പറയുന്ന അഴിമതി സംബന്ധമായ കാര്യങ്ങൾ നോക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്തൊക്കെയായാലും സി.പി.ഐ എമ്മും ഇടതുപാർടികളും അഴിമതിക്കെതിരായി നടത്തുന്ന പോരാട്ടം നവലിബറൽ വാഴ്ച അവസാനിപ്പിക്കുന്നതിനും അഴിമതി നിറഞ്ഞ അവിശുദ്ധബന്ധം അവസാനിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ളതായിരിക്കും.

2.27 സ്വാതന്ത്ര്യാനന്തര കാലത്ത് വിദേശത്തേക്ക് അവിഹിതമായി ഒഴുകിയ പണത്തിന്റെ രൂപത്തിൽ 20.92 ലക്ഷം കോടി രൂപ നഷ്ടം വന്നതായി ഗവൺമെന്റ് തന്നെ സമ്മതിച്ചിട്ടുണ്ട്. ഇതിൽ തന്നെ 11.28 ലക്ഷം കോടി രൂപ നഷ്ടമായത് 2008 നും 2010 നും ഇടയിലായിരുന്നു. എന്നാൽ പുറത്തേക്കൊഴുകിയ പണം തിരിച്ചുകൊണ്ടുവരുന്നതിനായി യു.പി.എ ഗവൺമെന്റ് യാതൊന്നും തന്നെ ചെയ്തില്ല. അധികാരത്തിൽ വന്ന് 100 ദിവസത്തിനകം ഈ കള്ളപ്പണം തിരിച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞ മോഡി ഗവൺമെന്റും അതേപാത തന്നെയാണ് പിന്തുടരുന്നത്. ബി.ജെ.പിയോ കോൺഗ്രസ്സോ കള്ളപ്പണം രൂപപ്പെടുന്നത് തടയുന്നതിനോ കള്ളപ്പണം പുറത്തുകൊണ്ടുവരുന്നതിനോ രാജ്യത്തിനകത്ത് കൈക്കൊള്ളേണ്ട നടപടികളെ കുറിച്ച് ഒന്നും പറയുന്നില്ല.

**ഹിന്ദുത്വ പദ്ധതി: മതനിരപേക്ഷ ജനാധിപത്യത്തിന് ഭീഷണി**

2.28 ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്കുണ്ടായ വിജയത്തിനുമുന്നോടിയായി ആർ.എസ്.എസും അതിന്റെ പരിവാര സംഘടനകളും ചേർന്ന് വർഗീയ അജൻഡ വെച്ചുകൊണ്ടുള്ള ഒരു ചിട്ടപ്പെടുത്തിയ പ്രചാരണം നടത്തുകയുണ്ടായി. ഗോഹത്യ, മുസ്ലീം യുവാക്കൾ ഹിന്ദു പെൺകുട്ടികളെ ആകർഷിച്ച് കൊണ്ടുപോകുന്നത്, ബംഗ്ലാദേശുകാരുടെ കടന്നുകയറ്റം, വോട്ടുപിടിക്കാനായി മുസ്ലീങ്ങളെ പ്രീണിപ്പിക്കൽ എന്നൊക്കെയുള്ള പ്രചരണം വർഗീയ സംഘർഷമുണ്ടാക്കാനും അതുവഴി വർഗീയ ധ്രുവീകരണമുണ്ടാക്കാനും ഉപയോഗിച്ചത്. 2013 ൽ വർഗീയ സംഘർഷങ്ങളിൽ നിർണായകമായ വർദ്ധനവുണ്ടായി. അതിൽ ഭൂരിഭാഗവും കേന്ദ്രീകരിച്ചത് ഉത്തർപ്രദേശിലായിരുന്നു. 2013 സെപ്തംബറിൽ മുസാഫർ നഗറിൽ നടന്ന വർഗീയ ആക്രമണം പശ്ചിമഉത്തർപ്രദേശിൽ വർഗീയ ധ്രുവീകരണമുണ്ടാക്കുന്നതിന് സഹായകമായി. ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിലും വർഗീയ സംഭവങ്ങളുണ്ടായി. തിരഞ്ഞെടുപ്പ് ഫലം വരികയും മോഡി ഗവൺമെന്റിന്റെ അധികാരാരോഹണം നടക്കുകയും ചെയ്തതോടെ വിവിധ സംസ്ഥാനങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. ബി.ജെ.പി ഭരണത്തിൻ കീഴിൽ ന്യൂനപക്ഷങ്ങൾ കീഴാളരെന്ന നിലയിൽ ജീവിച്ചുകൊള്ളണമെന്ന ഒരു സൂചന നൽകുന്നതിനായാണിങ്ങനെ ചെയ്യുന്നത്.

2.29 ബി.ജെ.പി ഗവൺമെന്റ് അധികാരത്തിൽ വരികയും ആർ.എസ്.എസിന്റെ ലക്ഷ്യാധിഷ്ഠിത പദ്ധതി പ്രാവർത്തികമാക്കാൻ ആരംഭിക്കുകയും ചെയ്തതോടെ സ്ഥിതിഗതികളിൽ ഗുണപരമായിത്തന്നെ മാറ്റം വന്നിരിക്കുന്നു. പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ആർ.എസ്.എസും തമ്മിൽ വളരെ അടുത്ത ഏകോപനം ഉണ്ടാക്കപ്പെട്ടിരിക്കുന്നു. ഇത് ത്വരിതപ്പെടുത്തുന്നതിനായി ആർ.എസ്.എസ് ആറ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വ്യവസ്ഥയാണ് ആദ്യമായി ലക്ഷ്യം വെച്ചിരിക്കുന്നത്. കരിക്കുലത്തിൽ മാറ്റം വരുത്തിയും വർഗീയ ഉള്ളടക്കമുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കിയും ഉള്ള പുതിയ വിദ്യാഭ്യാസ നയം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ചരിത്രം പുനരെഴുതപ്പെടുകയും മറ്റു ഭാഷകളുടെ ചെലവിൽ സംസ്കൃതത്തിനെ ഉയർത്തിക്കൊണ്ടുവരികയും ചെയ്യാനാണ് ശ്രമം. ഉന്നത വിദ്യാഭ്യാസരംഗത്ത് ഗവേഷണത്തിലും ഉന്നതതല നയരൂപീകരണത്തിലും നേതൃത്വം കൊടുക്കേണ്ട ചുമതലക്കാരനെ നിയോഗിച്ചു കഴിഞ്ഞു. പ്രധാനമന്ത്രിമുതൽ താഴോട്ടുള്ളവരൊക്കെ വിജ്ഞാന വിരുദ്ധ മൂല്യങ്ങൾ പ്രചരിപ്പിക്കുകയും ശാസ്ത്രീയ ബോധത്തിനെ തുരങ്കം വെക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

2.30 റിപ്പബ്ലിക്കിന്റെ മതനിരപേക്ഷ ജനാധിപത്യ അടിത്തറയ്ക്ക് വെല്ലുവിളി ഉയർത്തുന്ന വിനാശകരമായ ഒരു ഹിന്ദുത്വ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിനാവശ്യമായ ഒരു ബഹുമുഖ പദ്ധതിയാണിപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഹിന്ദുത്വ ആശയങ്ങളോട് യോജിക്കാത്തവരെ ഭീഷണിപ്പെടുത്തുന്നു; ബി.ജെ.പി നേതാക്കളുടെയും എം.പിമാരുടെയും പ്രസ്താവനകൾ നാഥുറാം ഗോഡ്സെയെ മഹത്വവൽക്കരിക്കുന്നു; ഹിന്ദുയിസത്തിലേക്ക് മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും ''പുനഃപരിവർത്തനം'' ചെയ്യിക്കുന്നു; അയോധ്യയിൽ രാമക്ഷേത്രം പണിയണമെന്ന് ആവശ്യമുയർത്തുന്നു. ഇതൊക്കെ ആർ.എസ്.എസ് നിയന്ത്രിക്കുന്ന ഈ പദ്ധതിയുടെ ഭാഗമാണ്. ഹിന്ദു പാരമ്പര്യത്തിന്റെ പേരിൽ നിലനിൽക്കുന്ന ജാതി വ്യവസ്ഥയെ ഹിന്ദുത്വം പ്രതിരോധിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. സ്ത്രീകളെ സമുദായത്തിന്റെയും കുടുംബ മഹിമയുടെയും കലവറകളായി കാണുന്ന പിന്തിരിപ്പൻ പുരുഷാധിപത്യസങ്കൽപങ്ങൾക്കുവേണ്ടി വാദിക്കുന്നു. പാരമ്പര്യം എന്നു പറയപ്പെടുന്നതിനെ ഉയർത്തിപ്പിടിക്കുന്ന കീഴാള പദവിക്ക് അവർ വഴങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ ഏറ്റവും ഒടുവിലത്തെ കൽപന ഹിന്ദു സ്ത്രീകൾ കൂടുതൽ കുട്ടികളെ ഉൽപാദിപ്പിക്കണമെന്നാണ്.

2.31 ഗവൺമെന്റിന്റെ രക്ഷാകർതൃത്വത്തോടെ രംഗത്തുള്ള ആർ.എസ്.എസ് സംഘടനകളുടെ ശൃംഖലയ്ക്ക് ഭരണകൂട പിന്തുണയും പണവും നൽകപ്പെടുന്നു. ആർ.എസ്.എസ് സംഘടനകൾ ദളിത്–ആദിവാസി സമുദായങ്ങളെ വിശാല ഹിന്ദു പ്രത്യയശാസ്ത്രത്തിന്റേയും വ്യവസ്ഥയുടേയും ചട്ടക്കൂടിനുള്ളിൽ ഉൾക്കൊള്ളുന്നതിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

### വർഗീയതയ്ക്കെതിരായ പോരാട്ടത്തിന്റെ വഴി

2.32 ഹിന്ദുത്വശക്തികൾക്കും മറ്റിതര വർഗീയ രൂപങ്ങൾക്കും എതിരായ പോരാട്ടത്തെ നവലിബറൽ നയങ്ങൾക്കും അധ്വാനിക്കുന്ന ജനങ്ങൾക്ക് മേൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾക്കും എതിരായ പോരാട്ടവുമായി കണ്ണി ചേർക്കുകയും സംയോജിപ്പിക്കുകയും വേണം. ജനങ്ങളെ അവരുടെ ജീവിത സാഹചര്യങ്ങൾ സംരക്ഷിക്കുന്നതിനും അതിനെതിരായി മോഡി ഗവൺമെന്റും മറ്റ് ബി.ജെ.പി സംസ്ഥാന ഗവൺമെന്റുകളും അടിച്ചേൽപിക്കുന്ന ഭാരങ്ങൾക്കും എതിരായി അണിനിരത്തുന്നതിലൂടെ മാത്രമേ ആർ.എസ്.എസ് നേതൃത്വം നൽകുന്ന വർഗീയ ശക്തികൾക്കെതിരായ പ്രചാരണത്തിന് ജനകീയ പിന്തുണ ആർജിക്കാനാവൂ.

2.33 ഹിന്ദുത്വശക്തികളുടെ കടന്നാക്രമണവും ന്യൂനപക്ഷങ്ങൾക്കെതിരായി അവർ നടത്തിവരുന്ന ആക്രമണങ്ങളും ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ തീവ്രവാദശക്തികൾ ഉയർന്നുവരുന്നതിനുള്ള സാഹചര്യം ഒരുക്കുന്നുണ്ട്. അതിനാൽ ന്യൂനപക്ഷ വർഗീയത തടയുന്നതിനുള്ള ശ്രമങ്ങളിൽ ശ്രദ്ധ ചെലുത്തണം. അല്ലെങ്കിൽ അത് ഭൂരിപക്ഷ വർഗീയ ശക്തികളെ ശക്തിപ്പെടുത്തുന്നതിന് സഹായിക്കും.

2.34 വർഗീയശക്തികൾ ഉയർത്തിയിട്ടുള്ള ആപത്ത് യാഥാർത്ഥ്യമായിരിക്കെ ഏറ്റവും വിശാലമായ അടിസ്ഥാനത്തിൽ മതനിരപേക്ഷ ജനാധിപത്യശക്തികളെ അണിനിരത്തുന്നതിനായി പരിശ്രമിക്കണം. വർഗീയതക്കെതിരായ കൂടുതൽ വിശാലമായ ഐക്യപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് ഏകോപിച്ച വേദികൾ ആവശ്യമാണ്.

2.35 ആർ.എസ്.എസ്–ബി.ജെ.പി സംയുക്തത്തിനെതിരായി പോരാടുന്നതിനുള്ള അടവിന് രാഷ്ട്രീയരംഗത്ത് മാത്രമല്ല സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിലും മൂർത്തമായ രൂപം നൽകണം. ഈ മേഖലകളിലാണ് വർഗീയ പ്രത്യയശാസ്ത്രവും മൂല്യങ്ങളും പ്രചരിപ്പിക്കപ്പെടുകയും സ്വാധീനം നേടുകയും ചെയ്യുന്നത്. രാഷ്ട്രീയ സമരത്തോടൊപ്പം തന്നെ പാർടിയും ബഹുജന സംഘടനകളും താഴെ പറയുന്ന കാര്യങ്ങൾ കൂടി ഏറ്റെടുക്കണം.

1. ഹിന്ദുത്വത്തിന്റെയും മറ്റുരൂപങ്ങളിലുള്ള വർഗീയതകളുടേയും വിഘടന സ്വഭാവവും പിന്തിരിപ്പത്തവും തുറന്നു കാണിക്കുന്ന പ്രചാരണത്തിന് ഉതകുന്ന രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ജനകീയ പ്രചാരണ ഉപാധികൾ തയ്യാറാക്കണം. വർഗീയ ശക്തികൾക്ക് എതിരായ പ്രത്യയശാസ്ത്ര സമരത്തിന് ഉതകുന്ന വിധം ബുദ്ധിജീവികൾ, ചരിത്രകാരന്മാർ, സാസ്കാരിക വ്യക്തിത്വങ്ങൾ എന്നിവരെ പാർടി നടത്തുന്ന ഗവേഷണ കേന്ദ്രങ്ങളും ബൗദ്ധിക കേന്ദ്രങ്ങളും ഒന്നിച്ച് അണിനിരത്തണം.
2. വിദ്യാഭ്യാസരംഗത്ത് പ്രീസ്കൂൾ തലത്തിലും സ്കൂൾ തലത്തിലും അധ്യാപകർക്കും സാമൂഹിക സംഘടനകൾക്കും സഹായം നൽകുന്നതിന് അണിനിരക്കണം.
3. പാർടിയും ട്രേഡ് യൂണിയനുകളും തൊഴിലാളിവർഗത്തിനിടയിലും തൊഴിലാളിവർഗത്തിൻെറ പാർപ്പിട പ്രദേശങ്ങളിലും മതനിരപേക്ഷവും ശാസ്ത്രീയവുമായ നിലപാട് പ്രചരിപ്പിക്കുന്നതിന് സാമൂഹ്യവും സാംസ്കാരികവുമായ പ്രവർത്തനം സംഘടിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.
4. വർഗീയശക്തികൾ പ്രചരിപ്പിക്കുന്ന വിനാശകരവും ജാതീയവും വിജ്ഞാന വിരുദ്ധവുമായ മൂല്യങ്ങളെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക–സാമൂഹിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ജനകീയ ശാസ്ത്ര പ്രസ്ഥാനത്തെ ഇതിനായി ഉപയോഗപ്പെടുത്തണം.
5. ആർ.എസ്.എസ് പരിവാര സംഘടനകൾ ആദിവാസി മേഖലകളിലും ദളിതർക്കിടയിലും നടത്തിക്കൊണ്ടിരിക്കുന്ന ബഹുമുഖ പ്രവർത്തനങ്ങളെ എതിർക്കുന്നതിന് അവർക്കിടയിലുള്ള സംഘടനാ പ്രവർത്തനം വികസിപ്പിക്കണം.

### ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക

2.36 ഹിന്ദുത്വ ആക്രമണം പ്രത്യേകിച്ചും ലക്ഷ്യം വെക്കുന്നത് മുസ്ലീം ന്യൂനപക്ഷ സമുദായത്തെയാണ്. മതപുനഃപരിവർത്തന പ്രചാരണവും ‘ലൗ ജിഹാദി’ന്റെ പേരിലുള്ള പ്രചാരണവും ന്യൂനപക്ഷത്തിനിടയിൽ അരക്ഷിതത്വവും ഭയവും ഉണ്ടാക്കിയിട്ടുണ്ട്. മുസ്ലീം സമുദായത്തിന്റെ സാമൂഹിക–സാമ്പത്തിക ദുരിതമെന്ന യഥാർത്ഥ പ്രശ്നവും സച്ചാർ റിപ്പോർട്ടിലെ ശുപാർശകളും കേന്ദ്രത്തിൽ ബി.ജെ.പി അധികാരത്തിൽ വന്നതോടെ അജൻഡയിൽ നിന്ന് മാറ്റിവെക്കപ്പെട്ടിരിക്കുന്നു. ന്യൂനപക്ഷാവകാശ സംരക്ഷണവും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പുരോഗമനത്തിന് പ്രത്യേക നടപടികൾ സ്വീകരിക്കണം എന്ന ആവശ്യവും നിർണായക പ്രാധാന്യമുള്ള ഒന്നായി മാറിയിരിക്കുന്നു.

### ജമ്മു–കാശ്മീർ

2.37 ജമ്മു–കാശ്മീരിന്റെ രാഷ്ട്രീയ പ്രശ്നത്തെ അർത്ഥവത്തായ വിധത്തിൽ അഭിമുഖീകരിക്കുവാൻ രണ്ടാം യു.പി.എ ഗവൺമെന്റ് തയ്യാറായില്ല. ജമ്മു–കാശ്മീരിനെ കുറിച്ചുള്ള നിർണായക വിഷയങ്ങളി

ലൊന്നും തന്നെ യാതൊരു രാഷ്ട്രീയ സംവാദവും നടന്നില്ല. അതിന് പകരം ജമ്മുവിനും സമതലത്തിനുമിടയിലുള്ള വർഗീയവിഭജനം വളരുകയും കേന്ദ്രത്തിൽ ബി.ജെ.പി അധികാരത്തിൽ വരികയും സംസ്ഥാന ഭരണത്തിലേക്ക് പ്രവേശിക്കാനുള്ള സാധ്യത ഉണ്ടാവുകയും ചെയ്തതോടെ അത് ശക്തിപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന് പരമാവധി സ്വയംഭരണാധികാരവും സംസ്ഥാനത്തെ മൂന്ന് മേഖലകൾക്കും പ്രാദേശിക സ്വയംഭരണാധികാരവും എന്ന അടിസ്ഥാനത്തിൽ രാഷ്ട്രീയ പരിഹാരം വേണമെന്ന അടിസ്ഥാനപരമായ നിലപാട് സി.പി.ഐ (എം) ആവർത്തിക്കുന്നു.

### വിദേശനയത്തിന്റെ ദിശ

2.38 1990 കളിൽ ഉദാരവൽക്കരണ നയങ്ങളുടെ കടന്നുവരവോടെയാണ് അമേരിക്കൻ അനുകൂല വിദേശനയത്തോടുള്ള ആഭിമുഖ്യം ആരംഭിച്ചത്. യു.പി.എ ഗവൺമെന്റ് രൂപപ്പെടുത്തിയ അമേരിക്കയുമായുള്ള തന്ത്രപരസഖ്യത്തിന് തുടക്കം കുറിച്ചത് വാജ്പേയി ഗവൺമെന്റായിരുന്നു. ഈ പാതയിലൂടെ മുന്നോട്ട് പോകാനാണ് മോഡി ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന കാര്യം വ്യക്തമാണ്. 2014 സെപ്തംബറിൽ പ്രധാനമന്ത്രി മോഡി വാഷിംഗ്ടൺ സന്ദർശിച്ചപ്പോൾ പത്ത് വർഷക്കാലത്തേക്കുകൂടി (2015 ജനുവരി മുതൽ) ഇന്തോ–അമേരിക്കൻ പ്രതിരോധ ചട്ടക്കൂട് കരാർ പുതുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. മോഡി ഗവൺമെന്റ് ജപ്പാനും ആസ്ട്രേലിയയുമായി തന്ത്രപരവും സൈനികവുമായ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയാണ്. ആസ്ട്രേലിയയുമായി ഒരു സുരക്ഷാസഹകരണ ചട്ടക്കൂട് കരാർ ഒപ്പുവെക്കുകയും ചെയ്തു. ഏഷ്യാപസഫിക്–ഇന്ത്യാസമുദ്ര മേഖല സംബന്ധിച്ച സംയുക്ത കാഴ്ചപ്പാട് പ്രസ്താവന 2015 ജനുവരിയിൽ ഒബാമയുടെ സന്ദർശനകാലത്ത് നടത്തി. അതുപ്രകാരം ഇതാദ്യമായി കിഴക്കോട്ട് പ്രവർത്തിക്കുക (ആക്ട് ഈസ്റ്റ്) എന്ന, ഇന്ത്യ അമേരിക്കയുമായി ചേർന്ന് ചൈനയെ ഒതുക്കാൻ കിഴക്കോട്ട് ഊന്നുന്ന നയം (ആദ്യമായി പ്രത്യക്ഷമായി അമേരിക്കയുമായി ഇന്ത്യ കൂട്ടുകൂടുന്ന നയം) അംഗീകരിക്കപ്പെട്ടു. അമേരിക്കയും ഇന്ത്യയും ജപ്പാനും ആസ്ട്രേലിയയുമടങ്ങുന്ന ഒരു ചതുർകക്ഷി സുരക്ഷാ സഖ്യം രൂപം കൊള്ളും എന്നതാണ് ഈ സമീപനത്തിന്റെ അനന്തരഫലം.

2.39 ബി.ജെ.പി ഗവൺമെന്റ് ഇസ്രയേലുമായുള്ള സുരക്ഷാ–തന്ത്രപ്രധാന സഹകരണം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം സെക്രട്ടറിതല ചർച്ചയിൽ നിന്ന് വിദേശ സെക്രട്ടറിയെ പിൻവലിച്ചതിന് ശേഷം പാകിസ്ഥാനുമായി ഒരു ഏറ്റുമുട്ടൽ നിലപാടാണ് സ്വീകരിച്ചത്. റഷ്യയുമായുള്ള ബന്ധം പരിപോഷിപ്പിക്കുമ്പോൾ തന്നെ ചൈനയുമായുള്ള ബന്ധം മെച്ചപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് മോഡി ഗവൺമെന്റ് അതിന്റെ പ്രത്യയശാസ്ത്രപരമായ ഇഷ്ടാനിഷ്ടങ്ങളെ വിലങ്ങുതടിയാക്കാൻ അനുവദിച്ചുകൂടാ.

2.40 അമേരിക്കയുമായി തന്ത്രപരബന്ധമുണ്ടാക്കുന്നതിനെതിരായും രാജ്യതാൽപര്യത്തിനു വേണ്ടിയും ഒരു സ്വതന്ത്ര വിദേശനയത്തിനു വേണ്ടിയും പാർടി നിരന്തരം പ്രചാരണം നടത്തണം. അതിനു മാത്രമേ രാജ്യത്തിന്റെ താൽപ്പര്യങ്ങളെ ശരിക്കും സേവിക്കാൻ കഴിയൂ.

### ഭരണകൂടവും നവലിബറൽ വാഴ്ചയും

2.41 നവലിബറൽ കാഴ്ചപ്പാട് ഭരണകൂടത്തെയും അതിന്റെ സ്ഥാപനങ്ങളെയും കാർന്നുതിന്നുകയും സ്വാധീനിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. പ്രകൃതി വിഭവങ്ങൾ കയ്യടക്കുന്നതിനും മൂലധന സഞ്ചയം നടത്തുന്നതിനുമായുള്ള വൻ മൂലധനത്തിന്റെ ഉപകരണമായി ഭരണകൂടം കൂടുതൽ കൂടുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഭരണകൂടം വിപണി ശക്തികളുടെ ഒരു സഹായിയായി പ്രവർത്തിക്കുകയും അതിനെ എതിർക്കുന്ന എല്ലാ പ്രതിബന്ധങ്ങളേയും നീക്കിമാറ്റുകയും ചെയ്യുന്നു. അതേസമയം തന്നെ ക്ഷേമനടപടികൾ നടപ്പാക്കുന്നതിലുള്ള ഭരണകൂടത്തിന്റെ പങ്ക് ആക്രമണവിധേയമാണ്. നവലിബറൽ നയങ്ങളുടെ ഫലമായി ബിസിനസും രാഷ്ട്രീയവും തമ്മിലുള്ള അവിശുദ്ധ ബന്ധം വർദ്ധിച്ചിരിക്കുന്നു. വൻ പണം തിരഞ്ഞെടുപ്പ് വ്യവസ്ഥയെ ആവേശിച്ചിരിക്കുന്നു. രാഷ്ട്രീയത്തിന്റെയും ബിസിനസിന്റെയും ലയിച്ചു ചേരൽ ജനാധിപത്യസ്ഥാപനങ്ങളെ ദ്രവിപ്പിച്ചിരിക്കുന്നു. ഇതിന്റെ ഫലമായി പാർലമെന്ററി ജനാധിപത്യം ക്ഷീണിതമായിക്കൊണ്ടിരിക്കുന്നു. പാർലമെന്റിനെയോ നിയമസഭകളെയോ അവഗണിച്ചുകൊണ്ടാണ് അടിസ്ഥാനപരമായ സാമ്പത്തിക നയങ്ങളെല്ലാം തീരുമാനിക്കപ്പെടുന്നത്. മോഡി ഗവൺമെന്റാവട്ടെ നയപരമായ പ്രധാന തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ഓർഡിനൻസുകളെ കൂടുതൽ കൂടുതൽ ആശ്രയിക്കുന്നതിനാൽ പാർലമെന്ററി ജനാധിപത്യം തന്നെ അട്ടിമറിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

2.42 ധനപരമായ കൈമാറ്റങ്ങൾ നടത്തുമ്പോഴും ലോകബാങ്കിൽ നിന്ന് വായ്പയെടുക്കുമ്പോഴും അടിച്ചേൽപ്പിക്കപ്പെടുന്ന വ്യവസ്ഥകൾ പ്രകാരം സ്വകാര്യവൽക്കരണനയങ്ങൾ നടപ്പിലാക്കുവാനും യൂസർ ചാർജുകൾ അടിച്ചേൽപ്പിക്കാനും കാർഷികവിപണി സ്വകാര്യവൽക്കരിക്കുന്നതിനും രാജ്യങ്ങൾ നിർബന്ധിതമായിത്തീർന്നിരിക്കുന്നു. ഇത്തരമൊരു സ്ഥിതിവിശേഷത്തിലാണ് ഭരണകൂടസ്ഥാപനങ്ങളെ വർഗീയവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ ബി.ജെ.പി ഭരണത്തിൻ കീഴിൽ നടക്കുന്നത്. ദേശീയ സുരക്ഷയുള്ള ഭരണകൂടം എന്ന സങ്കൽപനം പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഈ മുന്നറിയിപ്പുകളൊക്കെ കാണിക്കുന്നത് ഒരു അമിതാധികാരവാഴ്ച സ്ഥാപിക്കപ്പെടാനുള്ള സാധ്യതയാണ്.

### തിരഞ്ഞെടുപ്പ് പരിഷ്കരണത്തിനു വേണ്ടിയുള്ള സമരം

2.43 ''ഫസ്റ്റ് പാസ്റ്റ് ദ പോസ്റ്റ്'' തിരഞ്ഞെടുപ്പ് വ്യവസ്ഥയുടെ വളച്ചൊടിക്കലും പണാധിപത്യവും പാർലമെന്ററി ജനാധിപത്യത്തെ കാർന്നിരിക്കുന്നു. അത് അടിവരയിടുന്നത് അടിസ്ഥാനപരമായ തിരഞ്ഞെടുപ്പ് പരിഷ്കരണങ്ങളുടെ പ്രാധാന്യത്തിലേക്കാണ്. ഭാഗികമായ ലിസ്റ്റ് സംവിധാനത്തോടുകൂടിയ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥ നടപ്പിലാക്കുന്നതിനായി പാർടി പ്രചാരണം നടത്തണം. അതോടൊപ്പം

സാധനങ്ങളായി ഭരണകൂട ഫണ്ട് നൽകണം; നിയമവിരുദ്ധമായി തിരഞ്ഞെടുപ്പിൽ പണം ചെലവഴിക്കുന്നതിനെ കർശനമായി തടയുകയും വേണം. പാർടിക്ക് വരുന്ന ചെലവ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തുക എന്നത് അവശ്യം വേണ്ടതാണ്.

**ഭരണകൂട അടിച്ചമർത്തൽ, ജനാധിപത്യാവകാശങ്ങൾ വെട്ടിച്ചുരുക്കൽ**

2.44 ജനാധിപത്യവകാശങ്ങളിലേക്കുള്ള കടന്നുകയറ്റവും സിവിൽ സ്വാതന്ത്ര്യങ്ങൾക്ക് മേലുള്ള കടന്നാക്രമണങ്ങളും പ്രതിഫലിപ്പിക്കുന്നത് വളർന്നുവരുന്ന അമിതാധികാര പ്രവണതകളെയാണ്. പ്രതിഷേധിക്കുന്നതിനും പ്രകടനങ്ങൾ നടത്തുന്നതിനും പൊതുയോഗങ്ങൾ നടത്തുന്നതിനും ഉള്ള അവകാശങ്ങൾക്ക് മേൽ വിവിധ സംസ്ഥാന ഗവൺമെന്റുകൾ കൂടുതൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനായി ജുഡീഷ്യറിയെപോലും ഉപയോഗപ്പെടുത്തുന്നു.

2.45 കിരാത നിയമങ്ങളിലൂടെ ഭരണകൂട അടിച്ചമർത്തൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സായുധസേനകൾക്ക് പ്രത്യേകാധികാരങ്ങൾ നൽകുന്ന നിയമം (എ.എഫ്.എസ്.പി.എ) ജമ്മു–കാശ്മീരിലും മണിപ്പൂരിലും നടപ്പിലാക്കിയത് സായുധ സേനകൾ ശിക്ഷാഭയമില്ലാതെ സിവിലിയന്മാരെ കൊലപ്പെടുത്തുന്നതിലേക്ക് നയിച്ചിരിക്കുന്നു. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഉപയോഗപ്പെടുത്തി ഭീകരതയ്ക്കെതിരായ പോരാട്ടത്തിന്റെ പേരിൽ ഭരണസംവിധാനം മുസ്ലീം യുവജനങ്ങളെ ലക്ഷ്യം വയ്ക്കുന്നു. മുസ്ലീം യുവാക്കൾ ദീർഘകാലം ജയിലിലടയ്ക്കപ്പെടുകയും എന്നാൽ കോടതികൾ അവരെ എല്ലാ കുറ്റങ്ങളിലും നിർദോഷികളായി കണ്ട് വിട്ടയയ്ക്കുകയും ചെയ്തതിന്റെ നിരവധി ഉദാഹരണങ്ങൾ കഴിഞ്ഞ മൂന്ന് വർഷക്കാലത്തുണ്ട്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ കടുത്ത വ്യവസ്ഥകൾ ജനകീയ പ്രസ്ഥാനങ്ങൾക്കും സർക്കാർ നയങ്ങൾക്കെതിരെ പോരാടുന്നവർക്കുമെതിരായി വിവേചനരഹിതമായി ഉപയോഗിക്കപ്പെടുന്നു. ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും എതിർപ്പിന്റെ വീക്ഷണങ്ങളെ അടിച്ചമർത്തുന്നതിനായി ഐ.ടി നിയമത്തിലെ വകുപ്പ് 66 എ ഉപയോഗിക്കപ്പെടുന്നു. വർദ്ധിതമായ തോതിൽ പോലീസ് ഭരണകക്ഷിയുടെ താൽപര്യസംരക്ഷണത്തിനായി ഉപയോഗിക്കപ്പെടുകയും പോലീസ്, ഭരണകക്ഷിക്കാർ, മാഫിയാ സംഘങ്ങൾ എന്നിവ തമ്മിലുള്ള ഒരു അവിശുദ്ധ സഖ്യം പലേടത്തും രൂപം പ്രാപിക്കുകയും ചെയ്യുന്നു. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഹിന്ദുത്വ ശക്തികളുടെ നിയമവിരുദ്ധ ശാസനകൾ നടപ്പിലാക്കുന്നതിനായി പൊലീസിനെ ഉപയോഗപ്പെടുത്തുന്ന അപകടകരമായ പ്രവണത വളർന്നു വരുന്നു.

2.46 ജനാധിപത്യാവകാശങ്ങൾക്കും സിവിൽ സ്വാതന്ത്ര്യത്തിനും വേണ്ടി എല്ലാ ജനാധിപത്യശക്തികളെയും പൗരസംഘടനകളെയും അണിനിരത്തേണ്ടതിന്റെ പ്രാധാന്യമാണ് ഇതെല്ലാം അടിവരയിടുന്നത്.

# II

## സമകാലിക രാഷ്ട്രീയ സാഹചര്യം

**ബി.ജെ.പിയും കോൺഗ്രസും**

2.47 പ്രധാനപ്പെട്ട രണ്ട് ഭരണവർഗ പാർടികളുടെ ശാക്തിക ബലാബലത്തിൽ ഗണ്യമായ മാറ്റം വന്നിരിക്കുന്ന സമയമാണിത്. കോൺഗ്രസിന്റെ ചെലവിൽ ബി.ജെ.പി ശക്തിപ്രാപിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 31 ശതമാനം വോട്ടേ ലഭിച്ചുള്ളൂ വെങ്കിലും 282 സീറ്റുകൾ നേടാൻ ബി.ജെ.പിക്ക് കഴിഞ്ഞു. ഇടത്തരക്കാരുടെയും യുവാക്കളുടെയും ഇടയിൽനിന്നും ഗ്രാമീണ മേഖലകളിലെ മറ്റു പിന്നോക്ക ജനവിഭാഗങ്ങളുടെ ഇടയിൽനിന്നും കൂടുതൽ പിന്തുണ നേടാൻ ആ പാർടിക്ക് കഴിഞ്ഞു. ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ് എന്നീ സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്ക് വിജയിക്കാൻ കഴിഞ്ഞത് പുതിയ മേഖലകളിൽ അവർക്ക് സ്വാധീനം വർദ്ധിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ്. തൊട്ടുമുൻപ് നടന്ന രണ്ട് ലോക്സഭാ തിരഞ്ഞെടുപ്പകളിൽ അടുപ്പിച്ച് പരാജയപ്പെട്ടതോടെ ബി.ജെ.പി താറുമാറായിരുന്നു. ഒടുവിൽ ആർ.എസ്.എസ് ഇടപെട്ടാണ് ബി.ജെ.പിക്ക് പുതിയ നേതൃത്വത്തെ നിയോഗിച്ചത്. ബി.ജെ.പിക്കുമേലുള്ള ആർ.എസ്.എസിന്റെ പിടിയും നിയന്ത്രണവും കൂടുതൽ ശക്തിപ്പെടാൻ ഇതിടയാക്കി.

2.48 കോൺഗ്രസ് പാർടിയുടെ ദീർഘകാല അപചയത്തെ 2004 ലും 2009 ലും യു.പി.എയ്ക്കുണ്ടായ തിരഞ്ഞെടുപ്പ് വിജയം മറച്ചുവച്ചു. ആ അപചയം ഇപ്പോൾ ശരിക്കും മുമ്പോട്ടുവന്നിരിക്കുന്നു. രണ്ടാം യു.പി.എ സർക്കാരിന്റെ വിനാശകരമായ ജനവിരുദ്ധ നയങ്ങളുടെ റെക്കോർഡ് വ്യാപകമായ അതൃപ്തിയിലും കോൺഗ്രസിന്റെ ജനകീയ അടിത്തറ വ്യാപകമായി ചോർന്നു പോകുന്നതിലും കലാശിച്ചു. കോൺഗ്രസ് നടപ്പിലാക്കിയ നവ ഉദാരവൽക്കരണനയങ്ങളും അതിന്റെ ഫലമായുണ്ടായ ഭീമമായ അഴിമതിയുമാണ് അതിലേക്ക് നയിച്ചത്. മഹാരാഷ്ട്ര, ഹരിയാന, ജാർഖണ്ഡ്, ജമ്മു–കാശ്മീർ എന്നീ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് നേരിട്ട ദയനീയമായ പരാജയം വെളിവാക്കുന്നത് ആ പാർടി ഇനിയും കരകയറിയിട്ടില്ല എന്നാണ്. പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്നതിലും പ്രതിസന്ധി നേരിടുകയാണ് കോൺഗ്രസ്.

**പ്രാദേശിക പാർടികൾ**

2.49 കഴിഞ്ഞ ഒന്നര പതിറ്റാണ്ടു കാലമായി പ്രാദേശിക പാർടികളുടെ പങ്കിൽ ഉണ്ടായിട്ടുള്ള വ്യത്യാസം നമ്മുടെ പാർടി വിലയിരുത്തിയിട്ടുണ്ട്. വർഗപരമായി പ്രാദേശിക പാർടികൾ പ്രതിഫലിപ്പിക്കുന്നത് അ

തത് പ്രദേശങ്ങളിലെ ബൂർഷ്വാസിയുടെ ആഗ്രഹാഭിലാഷങ്ങളാണ്. ഇതവരെ നവഉദാരവൽക്കരണന യങ്ങളുമായി വലിയ തോതിൽ സമരസപ്പെട്ടുപോകുന്നതിലേക്ക് നയിച്ചു. എന്നുമാത്രമല്ല ബി.ജെ.പി യോടും കോൺഗ്രസിനോടുമുള്ള സമീപനത്തിന്റെ കാര്യത്തിൽ തങ്ങളുടെ സംസ്ഥാനത്തെ സ്വന്തം രാഷ്ട്രീയ താൽപര്യങ്ങൾക്കനുസൃതമായി അവസരവാദപരവും ചാഞ്ചാടുന്നതുമായ നിലപാടുകളാണ് അവർ സ്വീകരിക്കുന്നത്. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ തെലുങ്കുദേശം പാർടിയും ലോക്ജനശക്തി പാർടിയും ബി.ജെ.പിയുമായി സഖ്യത്തിലായി. മഹാരാഷ്ട്രയിൽ കോൺഗ്രസുമായി സഖ്യത്തിലായിരുന്ന എൻ.സി.പി നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് സഖ്യത്തിൽനിന്ന് വേർപിരിയുകയും തിരഞ്ഞെടുപ്പിനുശേഷം ബി.ജെ.പിയുമായി കൂട്ടുകൂടാൻ ശ്രമിക്കുകയും ചെയ്തു.

2.50 എ.ഐ.എ.ഡി.എം.കെയും ബിജു ജനതാദളും ഒറ്റയ്ക്ക് മത്സരിച്ച് നല്ല പ്രകടനം കാഴ്ചവെക്കുകയുണ്ടായി. എന്നാൽ തുടർന്ന് ഈ രണ്ടു പാർടികളും കേന്ദ്ര ബി.ജെ.പി ഗവൺമെന്റിന് അനുകൂലമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. ബി.ജെ.ഡി നേതൃത്വത്തിലുള്ള ഒഡീഷ ഗവൺമെന്റും എ.ഐ.എ.ഡി.എം.കെ നേതൃത്വത്തിലുള്ള തമിഴ്നാട് സർക്കാരും നവഉദാരവൽക്കരണ സാമ്പത്തിക നയങ്ങളാണ് പിന്തുടരുന്നത്. തമിഴ്നാട്ടിലെ എ.ഐ.എ.ഡി.എം.കെയും ഡി.എം.കെയും അവയുടെ സമുന്നത നേതാക്കൾ ഭാഗഭാക്കായ അഴിമതി കേസുകളിൽ കുഴഞ്ഞിരിക്കുകയാണ്.

2.51 പ്രാദേശിക പാർടികൾ നേതൃത്വം കൊടുക്കുന്ന സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധവും തൊഴിലാളിവർഗ വിരുദ്ധവുമായ നയങ്ങൾക്കെതിരെ പോരാടേണ്ടത് ആവശ്യമാണ്. പ്രമുഖ പ്രാദേശിക പാർടികളുടെ ബൂർഷ്വാ പ്രത്യയശാസ്ത്രത്തിനും രാഷ്ട്രീയത്തിനും എതിരെ അതിശക്തമായ രാഷ്ട്രീയ പ്രചാരണം നടത്തേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ അവരുടെ സ്വാധീനത്തിലകപ്പെട്ടുപോയ ജനസാമാന്യത്തെ പിന്തിരിപ്പിക്കാനാവൂ.

2.52 ജനതാദളിൽ നിന്ന് വിഭജിച്ച് വിവിധ പാർടികളായി വേർപിരിഞ്ഞവ ഇപ്പോൾ ഒന്നിക്കുന്നതിനുള്ള ശ്രമം നടത്തി വരുന്നു. എസ്.പി, ആർ.ജെ.ഡി, ജനതാദൾ (യു), ജനതാദൾ (എസ്), ഇന്ത്യൻ നാഷണൽ ലോക്ദൾ, എസ്.ജെ.പി എന്നീ പാർടികൾ ലയിച്ച് ഒറ്റപാർടിയാകാനുള്ള പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. അത് നടപ്പിലായാൽ ഉത്തർപ്രദേശിലും ബീഹാറിലും ഉത്തരേന്ത്യയിലെ ചില പോക്കറ്റുകളിലും അവർക്ക് വലിയ ശക്തിയായി മാറാൻ കഴിയും. ഒരു ജനാധിപത്യ-സാമൂഹിക-സാമ്പത്തിക ഉള്ളടക്കമുള്ള പ്രവർത്തന പരിപാടിക്ക് രൂപം നൽകാൻ അവർക്ക് കഴിയുമോ എന്നത് കണ്ടറിയേണ്ട കാര്യമാണ്.

2.53 കഴിഞ്ഞ പാർടി കോൺഗ്രസിനുശേഷം പുതിയ ഒരു രാഷ്ട്രീയ പാർടി കൂടി രൂപം കൊണ്ടിരിക്കുകയാണ് – ആംആദ്മി പാർടി. അണ്ണാഹസാരെ നേതൃത്വം നൽകിയ അഴിമതി വിരുദ്ധ പ്രസ്ഥാനത്തിൽ നിന്നാണ് ഈ പാർടി രൂപം കൊണ്ടത്. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിലും അതിനുശേഷം നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ പഞ്ചാബിലും എ.എ.പി ഒരു പ്രധാന രാഷ്ട്രീയ പാർടിയായി ഉയർന്നു. പല സ്ഥലങ്ങളിലും ഇടത്തരക്കാരെയും യുവാക്കളെയും ആകർഷിക്കാൻ എ.എ.പിക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയ പ്രശ്നങ്ങളിൽ പ്രക്ഷോഭങ്ങൾ നടത്തിയതല്ലാതെ അത് വ്യക്തമായ ഒരു പ്രവർത്തനപരിപാടിയും നയങ്ങളും പ്രഖ്യാപിച്ചിട്ടില്ല.

**ജനകീയ സമരങ്ങളും ജനകീയ പ്രസ്ഥാനങ്ങളും**

2.54 സി.പി.ഐ (എം) ഉം ഇടതുപക്ഷപാർടികളും ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി തുടർച്ചയായ ക്യാമ്പയിൻ നടത്തുകയുണ്ടായി. ബ്ലോക് തലത്തിൽ ആരംഭിച്ച് ഡൽഹിയിൽ അഞ്ചുദിവസം നീണ്ടുനിന്ന ജനകീയ പ്രക്ഷോഭമായി 2012 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ അത് വിപുലപ്പെടുത്തി. തുടർന്ന് ബഹുജനങ്ങളെ വ്യാപകമായി അണിനിരത്തിയുള്ള പിക്കറ്റിംഗുകൾ സെപ്തംബറിൽ സംഘടിപ്പിക്കപ്പെട്ടു. സാർവത്രികമായ പൊതുവിതരണ സമ്പ്രദായത്തിനുവേണ്ടി 3.5 കോടി ജനങ്ങളിൽ നിന്ന് ഒപ്പുകൾ സമാഹരിച്ച് വിപുലമായ ഒരു കയ്യൊപ്പ് ക്യാമ്പയിനാണ് ഇതിനുശേഷം നടത്തപ്പെട്ടത്. ചില്ലറ വ്യാപാരരംഗത്ത് പ്രത്യക്ഷ വിദേശ മൂലധനം അനുവദിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനും എതിരെ കോൺഗ്രസ്-ഇതര മതനിരപേക്ഷ കക്ഷികളെ കൂടി അണിനിരത്തുന്നതിന് സി.പി.ഐ (എം) ഉം ഇടതുപക്ഷ കക്ഷികളും മുൻകൈ എടുക്കുകയുണ്ടായി. 2012 സെപ്തംബർ 20 ന് നടത്തിയ രാജ്യവ്യാപകമായ പണിമുടക്കും പ്രതിഷേധവും അതിശക്തമായ പ്രതിഷേധ പ്രവർത്തനമായി മാറി. 2012 ഒക്ടോബർ 30 സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ പ്രതിഷേധദിനമായി പാർടി ആചരിക്കുകയും അതിക്രമങ്ങൾ തടയുന്നതിന് ഉറച്ച നടപടികൾ എടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു.

2.55 സംഘർഷ് സന്ദേശ് ജാഥകൾ സംഘടിപ്പിച്ചുകൊണ്ട് സമീപകാലത്തെ ഏറ്റവും വലിയ ജനകീയ ക്യാമ്പയിൻ പാർടി നടത്തുകയുണ്ടായി. ഈ നാല് ജാഥകൾ 2013 ൽ 11,000 കിലോമീറ്റർ താണ്ടി. മാർച്ച് 19 ന് നടത്തപ്പെട്ട വലിയ റാലിയോടെയാണ് ജാഥകൾ സമാപിച്ചത്. മെയ് 15 നും 31 നും ഇടയിൽ ആറിന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബഹുജനപിക്കറ്റിംഗുകൾ സംഘടിപ്പിക്കാൻ റാലി ആഹ്വാനം ചെയ്തു. 2013 ജൂലൈയിൽ ഒരുകൂട്ടം ബദൽ നയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഒരു കൺവെൻഷൻ ഇടതുപക്ഷ പാർടികൾ നടത്തി. അതിന്റെ പ്രചരണാർത്ഥം വിവിധ സംസ്ഥാനങ്ങളിൽ റാലികൾ സംഘടിപ്പിക്കപ്പെട്ടു.

2.56 വരാൻപോകുന്ന കാലത്ത് ബഹുജനങ്ങളുടേതായ സമരങ്ങളും പ്രസ്ഥാനങ്ങളും സംഘടിപ്പിക്കുന്നതിലായിരിക്കണം പാർടി ഊന്നൽ നൽകേണ്ടത്. വിവിധ ജനവിഭാഗങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെയും വിഷയങ്ങളെയും അടിസ്ഥാനമാക്കി പാർടിയും ബഹുജനമുന്നണികളും സമരങ്ങളും പ്രസ്ഥാന

ങ്ങളും നയിക്കണം. ശക്തമായ ബഹുജനസംഘടനകൾ കെട്ടിപ്പടുത്തുകൊണ്ട് മാത്രമേ പാർടിക്ക് മുന്നേറാനും ഇടതുപക്ഷ ജനാധിപത്യ ശക്തികളെ ശക്തിപ്പെടുത്താനും സാധിക്കൂ.

2.57 തൊഴിലാളിവർഗം, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, സ്ത്രീകൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, ആദിവാസികൾ, ദളിതർ എന്നിവരെല്ലാം ഉൾപ്പെടുന്ന ബഹുജനപ്രസ്ഥാനങ്ങളും വർഗ–ബഹുജനസംഘടനകളും വളർത്തേണ്ടത് നവഉദാരവൽക്കരണനയങ്ങൾക്കും വർഗീയതയ്ക്കും സാമൂഹിക അടിച്ചമർത്തലിനും എതിരായ സമരങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് അവശ്യം വേണ്ടതാണ്. ബഹുജനസംഘടനകളുടെ വളർച്ചയും അവയുടെ ബഹുജന സ്വാധീനവും പാർടിയുടെ സ്വതന്ത്ര ശക്തി വർദ്ധിപ്പിക്കാനും ഇടതുപക്ഷ ജനാധിപത്യ ശക്തികളെ അണിനിരത്താനും നിർണ്ണായകമാണ്.

**തൊഴിലാളിവർഗം**

2.58 എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും ദേശീയ ഫെഡറേഷനുകളുടെയും സംയുക്ത വേദിയിൻകീഴിൽ ഉണ്ടായ ഏകോപിച്ച സമരങ്ങൾ 2013 ഫെബ്രുവരിയിലെ ചരിത്രം സൃഷ്ടിച്ച ദ്വിദിന പണിമുടക്കിന് ഇടയാക്കി. ഈ ഏകോപിച്ച വേദി മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. കൽക്കരി തൊഴിലാളികൾ രണ്ടുദിവസം നടത്തിയ സംയുക്ത സമരം ട്രേഡ് യൂണിയനുകളുടെ ഐക്യത്തിന്റെ ഫലമാണ്.

2.59 പ്രധാന വ്യവസായങ്ങളിലെയും പുതിയ നിർമ്മാണ സ്ഥാപനങ്ങളിലെയും തൊഴിലാളികളെ സംഘടിപ്പിക്കാൻ തൊഴിലാളിവർഗ മുന്നണി ശ്രദ്ധ കേന്ദ്രീകരിക്കണം. ആ പ്രസ്ഥാനം കൂടുതൽ വളർത്താനും അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന വിപുലമായ വിഭാഗത്തെ സംഘടിപ്പിക്കാനും തൊഴിലാളിവർഗ മുന്നണി ശ്രദ്ധിക്കണം. സാമൂഹികവും വിദ്യാഭ്യാസപരവുമായ പ്രവർത്തനങ്ങൾ തൊഴിലാളിവർഗം അധിവസിക്കുന്ന പ്രദേശങ്ങളിൽ സംഘടിപ്പിക്കാനും സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുക്കാനും ട്രേഡ് യൂണിയനുകൾ പ്രത്യേകം ശ്രദ്ധിക്കണം തൊഴിലാളിവർഗത്തിന്റെ അധിവാസ മേഖലകളിൽ പ്രവർത്തിക്കാനും വർഗീയ സംഘടനകളുടെ പ്രവർത്തനങ്ങളെ ചെറുക്കാനും പാർടി ശ്രദ്ധിക്കണം.

**കർഷകർ**

2.60 പാവപ്പെട്ട കർഷകർ, കർഷകതൊഴിലാളികൾ, ഗ്രാമീണ ദരിദ്രർ എന്നിവരെ ലക്ഷ്യമാക്കിയായിരിക്കണം കർഷകമുന്നണിയിലെ സമരങ്ങളും പ്രക്ഷോഭങ്ങളും. കർഷകർക്കിടയിലെ വിവിധ വിഭാഗങ്ങൾ, കൃഷി ചെയ്യുന്ന പ്രദേശങ്ങൾ, വിളകൾ, കാലയളവുകൾ എന്നിവയ്ക്കിടയിൽ കാർഷിക പ്രതിസന്ധിയുടെ ആഘാതത്തിന്റെ വ്യത്യസ്ത സ്വഭാവം, ഭൂപ്രഭുക്കളുടെയും സമ്പന്ന വിഭാഗങ്ങളുടെയും ശക്തമായ പ്രത്യയശാസ്ത്ര സ്വാധീനം എന്നിവ പ്രക്ഷോഭസമരങ്ങൾ സംഘടിപ്പിക്കുന്നതിലും കർഷകവിരുദ്ധ നയങ്ങൾക്കെതിരായി കർഷക ജനസാമാന്യത്തെ അണിനിരത്തുന്നതിലും കണക്കിലെടുക്കേണ്ടതുണ്ട്. ആസൂത്രിതവും ഇച്ഛാശക്തിയോടുകൂടിയതുമായ സംഘടനാ പ്രവർത്തനങ്ങളിലൂടെയും ശരിയായ മുദ്രാവാക്യങ്ങൾ ഉന്നയിച്ചും ഭൂപ്രശ്നത്തിൽ (ഭൂമിക്കുമേലുള്ള അവകാശത്തിനു വേണ്ടിയും വകതിരിവില്ലാത്ത ഏറ്റെടുക്കലിനെതിരെയും) പ്രസ്ഥാനങ്ങൾ കെട്ടിപ്പെടുത്തും ഈ പ്രശ്നത്തെ മറികടക്കണം. വനാവകാശം, കുടികിടപ്പുകാരുടെ അവകാശങ്ങൾ, നവഉദാരവൽക്കരണ നയങ്ങളെയും സ്വതന്ത്ര വ്യാപാരത്തെയും ചെറുക്കുന്നതിനുള്ള പോരാട്ടം, കൃഷി ഭൂമിയും വെള്ളവും വനഭൂമിയും കോർപറേറ്റുകൾ കവർന്നെടുക്കുന്നതിനെതിരെ, കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും കർഷകർക്കുള്ള വായ്പാ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും വേണ്ടി – ഈ പ്രശ്നങ്ങളെല്ലാം മറികടക്കേണ്ടതുണ്ട്.

**കർഷകത്തൊഴിലാളികൾ**

2.61 തൊഴിലും വേതനവും, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽദാന പദ്ധതി, അന്യസംസ്ഥാന തൊഴിലാളികൾ, ഭൂമി, വനഭൂമി, വിലക്കയറ്റവും ഭക്ഷ്യസുരക്ഷയും, സാമൂഹിക സുരക്ഷ, ജാതീയമായ വിവേചനം, സ്ത്രീകളായ കർഷകത്തൊഴിലാളികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രക്ഷോഭങ്ങൾ കർഷകതൊഴിലാളി മുന്നണി തുടർന്നും ഏറ്റെടുക്കണം. പല സംസ്ഥാനങ്ങളിലും പ്രക്ഷോഭങ്ങളും സമരങ്ങളും നിരന്തരം നടത്തണം. കർഷകതൊഴിലാളികൾക്ക് ന്യായമായ വേതനവും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്താനാവശ്യമായ കേന്ദ്ര നിയമനിർമ്മാണം ആവശ്യപ്പെട്ടും നിരന്തരം പ്രക്ഷോഭങ്ങൾ കെട്ടിപ്പടുക്കണം. അതിശക്തമായ കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിന് മേൽപ്പറഞ്ഞ പ്രശ്നങ്ങൾ സംസ്ഥാന തലത്തിൽ ഏറ്റെടുക്കണം. ഗ്രാമീണ മേഖലകളിലെ കർഷകത്തൊഴിലാളികളുടെ ജോലിയുടെ സ്വഭാവത്തിൽ മാറ്റം പ്രകടമാണ്. ആ മാറ്റം സമഗ്രമായും ക്രിയാത്മകമായും പഠിക്കുകയും ഗ്രാമീണ കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുകയും വേണം.

**സ്ത്രീകൾ**

2.62 സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ ലൈംഗിക അതിക്രമങ്ങൾ പെരുകി വരികയാണ്. വനിതാ സംഘടനകളുടെയും ഗ്രൂപ്പുകളുടെയും ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ വിപുലമായ ചെറുത്തുനിൽപ് അതിനെതിരെ സംഘടിപ്പിക്കേണ്ടതുണ്ട്. വർഗീയശക്തികളുടെ കടന്നാക്രമണത്തോടെ വർഗീയവും സ്ത്രീ വിരുദ്ധവുമായ പ്രത്യയശാസ്ത്രത്തെയും പ്രയോഗത്തെയും സ്ത്രീകൾക്കിടയിൽ ഹിന്ദുത്വ ശക്തികൾ പ്രചരിപ്പിക്കുന്നതിനെ എങ്ങനെ നേരിടും എന്നതാണ് ഏറ്റവും നിർണായകമായ പ്രശ്നം. നവ ഉദാരവൽക്കരണനയങ്ങൾ സ്ത്രീകളുടെ, വിശേഷിച്ച് കൂടുതൽ പാവപ്പെട്ട സ്ത്രീകളുടെ ജീവിതത്തെയും ഉപജീവനമാർഗത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്രശ്നവുമായി ഇതിനെ കൂട്ടിയിണക്കണം. വനിതാ സംഘടനകൾ വരുംനാളുകളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന കൂടുതൽ തീക്ഷ്ണമായി വരുന്ന അതിക്രമങ്ങൾക്കെതിരായ സമരങ്ങൾ കൂടുതൽ വിപുലവും തീവ്രവും ആ

ക്കേണ്ടതുണ്ട്. പട്ടണപ്രദേശങ്ങളിലെ യുവതികളിൽ കൂടുതൽ വിപുലമായ വിഭാഗം ലൈംഗികമായ അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്നുണ്ട്. അവരെ അതിൽ നിന്ന് മോചിപ്പിക്കുന്നതിനും പോരാട്ടങ്ങളിൽ പങ്കാളികളാക്കുന്നതിനും ഫലപ്രദമായ മാർഗങ്ങൾ കണ്ടെത്താൻ വനിതാ സംഘടനകൾക്ക് വരുംനാളുകളിൽ കഴിയണം.

**യുവജനങ്ങൾ**

2.63 യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളായ തൊഴിലില്ലായ്മ, അവരുടെ പുരോഗതിക്കാവശ്യമായ അവസരങ്ങളുടെ അപര്യാപ്തത, കായിക-സാംസ്കാരിക രംഗങ്ങളിലെ സൗകര്യങ്ങളുടെ പരിമിതികൾ, യുവജനങ്ങളെ അരാഷ്ട്രീയവൽക്കരിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങൾ എന്നിവ ഏറ്റെടുത്തുകൊണ്ട് യുവജന പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ കഴിയണം. ജനാധിപത്യ മതനിരപേക്ഷ ആദർശങ്ങളെ പ്രചോദിപ്പിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ യുവജനമുന്നണി മുൻനിരയിൽ ഉണ്ടാവണം. വർഗീയ ശക്തികൾക്കെതിരായ വിപുലമായ പ്രചാരണത്തിൽ അതൊരു ഭാഗമാക്കണം.

**വിദ്യാർത്ഥികൾ**

2.64 രണ്ടാം യു.പി.എ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ മേഖലയിലെ വാണിജ്യവൽക്കരണത്തിനും കേന്ദ്രീകരണത്തിനും എതിരെ വിദ്യാർത്ഥി മുന്നണി സമരം ചെയ്തു വരികയാണ്. മോഡി ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരമേറ്റതോടെ വിദ്യാഭ്യാസമേഖലയെ വർഗീയവൽകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വിദ്യാഭ്യാസത്തിന് ബജറ്റിൽ വർദ്ധന ഇല്ലാത്തതിനാൽ വാണിജ്യവൽക്കരണം വർദ്ധിച്ചുവരികയാണ്. വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുന്നതിനും വർഗീയവൽക്കരിക്കുന്നതിനും എതിരായ പോരാട്ടങ്ങൾക്കാണ് വിദ്യാർത്ഥി പ്രസ്ഥാനം മുഖ്യ പ്രാധാന്യം നൽകേണ്ടത്. വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങൾക്ക് ഊന്നൽ നൽകപ്പെടണം. ഈ പ്രശ്നങ്ങളിൽ വിശാലമായ ഐക്യപ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കേണ്ടതുണ്ട്. സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിച്ചു വരികയാണ്. ആ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംഘടിപ്പിക്കുന്നതിനും നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ അണിനിരത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

**ആദിവാസികൾ**

2.65 ആദിവാസികൾക്കുവേണ്ടി പ്രത്യേകം സംഘടന രൂപീകരിക്കപ്പെട്ടത് വിവിധ സംസ്ഥാനങ്ങളിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും ഉന്നയിക്കുന്നതിനും ഊർജ്ജസ്വലത നൽകി. ആദിവാസികൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്. വനാവകാശ നിയമം നടപ്പാക്കൽ, ആവാസ സ്ഥലത്ത് നിന്നും പുറത്താക്കലും വിദ്യാഭ്യാസവും സംബന്ധിച്ച അവകാശങ്ങൾ, ചെറുകിട വനോൽപ്പന്നങ്ങൾ ശേഖരിക്കുന്നതും സുരക്ഷയും സംബന്ധിച്ച ആദിവാസി സ്ത്രീകളുടെ അവകാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ ഏറ്റെടുക്കപ്പെടണം. പ്രാദേശിക സമരങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ടും സംഘടന കെട്ടിപ്പടുത്തും ഈ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം. ആദിവാസി പ്രശ്നങ്ങളോടുള്ള വർഗസമീപനം സ്വീകരിക്കേണ്ടത് പരിപൂർണമായും സാമൂഹിക-സാംസ്കാരിക പ്രശ്നങ്ങളുമായി ബന്ധിപ്പിച്ചാണ്. ആദിവാസി മേഖലകളിലെ ആർ.എസ്.എസിന്റെ കടന്നാക്രമണത്തെ ഫലപ്രദമായി ചെറുക്കാൻ അതാവശ്യമാണ്.

**ദളിതർ**

2.66 ദളിതർക്കെതിരായ ജാതീയമായ അടിച്ചമർത്തലിനെതിരായ പോരാട്ടം ജനാധിപത്യ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. തൊട്ടുകൂടായ്മയ്ക്കും മറ്റു രൂപത്തിലുള്ള ജാതീയമായ വിവേചനത്തിനും എതിരായ പോരാട്ടം; ദളിതർക്കുള്ള സംവരണവും ക്ഷേമപദ്ധതികളും പൂർണമായും നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സമരം; പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി/പ്രത്യേക ഘടക പദ്ധതി നടപ്പാക്കുന്നതിന്റെ നിയമസാധുത ഉറപ്പാക്കൽ എന്നിവയ്ക്കൊപ്പം ജാതി വ്യവസ്ഥയ്ക്കെതിരെ മൊത്തത്തിലുള്ള സമരവും ഏറ്റെടുത്ത് മുമ്പോട്ട് കൊണ്ടുപോകണം. ദളിത് വേദിയുടെ രൂപീകരണം ദളിത് വിമോചന പ്രക്ഷോഭത്തിന് കുതിപ്പ് നൽകുന്നതാവണം.

**രാഷ്ട്രീയനയം**

2.67 ബി.ജെ.പിക്കെതിരായും മോഡി ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെയും പാർടിക്ക് പോരാടേണ്ടതുണ്ട്. പാർടിക്ക് ചെയ്തുതീർക്കേണ്ട ഏറ്റവും ശ്രമകരമായ ജോലി അതാണ്. മോഡി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾക്കും ഹിന്ദുത്വ ദിശയിലുള്ള സാമൂഹിക-വിദ്യാഭ്യാസ നയങ്ങൾക്കെതിരെയും ഊർജ്ജിതമായ എതിർപ്പ് ഉയർത്തിക്കൊണ്ടു വേണം ബി.ജെ.പി-ആർ.എസ്.സ് അച്ചുതണ്ടിനെതിരെ രാഷ്ട്രീയ-പ്രത്യയശാസ്ത്ര സമരം പാർടി നടത്തേണ്ടത്. വർഗീതയ്ക്കെതിരായ പോരാട്ടം ഒറ്റതിരിഞ്ഞ് നടത്തേണ്ടതല്ല. നവഉദാരവൽക്കരണനയങ്ങൾക്കെതിരായും ജനങ്ങളുടെ ഉപജീവനമാർഗം സംരക്ഷിക്കുന്നതിനുവേണ്ടിയുമുള്ള സമരത്തിനോട് അതിനെ കണ്ണി ചേർക്കണം.

2.68 സമരത്തിന്റെ മുഖ്യ ദിശ ബി.ജെ.പിക്കെതിരാണെങ്കിലും, പാർടിയുടെ കോൺഗ്രസ്സിനോടുള്ള എതിർപ്പ് തുടരും. കോൺഗ്രസ് പിന്തുടർന്ന നവഉദാരവൽക്കരണനയങ്ങളും കോൺഗ്രസ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളും അഴിമതിയുമാണ് ബി.ജെ.പിക്ക് ജനപിന്തുണ നേടിക്കൊടുത്തത്. കോൺഗ്രസുമായി ധാരണയോ തിരഞ്ഞെടുപ്പ് സഖ്യമോ പാർടിക്ക് ഉണ്ടാവില്ല.

2.69 നവഉദാരവൽക്കരണനയങ്ങൾക്കെതിരെയും, ഉദാരവൽക്കരണനയങ്ങൾ പിന്തുടരുന്ന പ്രദേശിക പാർടികൾ നേതൃത്വം നൽകുന്നവ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകൾക്കെതിരെയും പോരാട്ടം അവശ്യമാക്കിത്തീർക്കുന്നു. അധ്വാനിക്കുന്ന ജനവിഭാഗത്തെ സംഘടിപ്പിക്കുന്നതിനും അവരെ ഇടതുപക്ഷ ജനാധിപത്യ പരിപാടിക്കൊപ്പം അണിനിരത്തുന്നതിനും പ്രാദേശിക പാർടികളുടെ ബൂർഷ്വാ–ഭൂപ്രഭു രാഷ്ട്രീയത്തെയും നയങ്ങളെയും രാഷ്ട്രീയമായി എതിർക്കേണ്ടതും ആവശ്യമാണ്.

2.70 പാർടിയുടെ വളർച്ചയ്ക്കും സ്വതന്ത്രമായ ശക്തിപ്പെടുത്തലിനും ആയിരിക്കും പാർടി പ്രാഥമികമായ പരിഗണന നൽകുക. അതേ സമയം തന്നെ ജനകീയ പ്രശ്നങ്ങൾ, ദേശീയ പരമാധികാരം പ്രതിരോധിക്കൽ, സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കൽ എന്നീ വിഷയങ്ങളിലും സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളിലും മറ്റു ജനാധിപത്യശക്തികളെയും കോൺഗ്രസ് ഇതര മതനിരപേക്ഷ പാർടികളെയും യോജിപ്പിച്ചുകൊണ്ടുള്ള സംയുക്ത പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാൻ പാർടി മുൻകൈ എടുക്കും. ബഹുജന പ്രസ്ഥാനങ്ങളുടെ സംയുക്തവേദിയും സംയുക്ത സമരങ്ങളും പാർടിയുടെ സ്വാധീനവും കരുത്തും വർദ്ധിപ്പിക്കുന്നതിനൊപ്പം ആവശ്യമാണ്. ആ വർഗ–ബഹുജനസംഘടനകളുടെ ഏകോപിച്ച പ്രക്ഷോഭങ്ങൾ കോൺഗ്രസിനും ബി.ജെ.പിക്കും മറ്റു ബൂർഷ്വാ പാർടികൾക്കും ഒപ്പം നിൽക്കുന്ന ജനവിഭാഗങ്ങളെയും ആകർഷിക്കാൻ ശ്രമിക്കും.

2.71 ഇടതുപക്ഷ ജനാധിപത്യ ശക്തികളെ ഏകോപിപ്പിക്കുന്നതിന് പാർടി സജീവമായി പ്രവർത്തിക്കും. ഒരു ഇടതുപക്ഷ ജനാധിപത്യ മുന്നണി കെട്ടിപ്പടുക്കുന്നതിന് പടിപടിയായി അതിലൂടെ സാധിക്കും. ഏകോപിച്ച സമരങ്ങളിലൂടെയും സംയുക്ത പ്രക്ഷോഭങ്ങളിലൂടെയും മാത്രമേ അത് സാധ്യമാക്കാനാവൂ. പാർടി ശക്തിപ്പെടുത്തുക, ഇടതുപക്ഷ ജനാധിപത്യ ശക്തികളെ ഏകോപിപ്പിക്കുന്നതിന് സഹായകമാക്കുക എന്നിവയായിരിക്കും പാർടിയുടെ തിരഞ്ഞെടുപ്പ് അടവുകൾക്ക് മാർഗദർശകമാവുക.

**ഇടതുപക്ഷ ഐക്യവും പ്രക്ഷോഭങ്ങളും**

2.72 ഇടതുപക്ഷഐക്യം എന്നത് ദേശീയതലത്തിൽ കേവലം നാലു പാർടികളുടെ – സി.പി.ഐ (എം), സി.പി.ഐ, ഫോർവേഡ് ബ്ലോക്, ആർ.എസ്.പി എന്നിവയുടെ – ഐക്യം മാത്രമായി ഇതുവരെ പരിമിതപ്പെട്ടിരുന്നു. ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിനുശേഷം മുതൽ ഇടതുപക്ഷ ഐക്യം വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾക്ക് ഊന്നൽ നൽകി വരികയാണ്. ഈ വീക്ഷണത്തോടെയാണ് സി.പി.ഐ (എം.എൽ)– ലിബറേഷൻ, എസ്.യു.സി.ഐ എന്നിവ ഉൾപ്പെടെ ആറ് പാർടികൾ ഏകോപിപ്പിച്ച് 2014 ഡിസംബറിൽ ഒൻപത് ഇന ആവശ്യങ്ങൾ അടങ്ങുന്ന സംയുക്ത ക്യാമ്പയിന് രൂപം നൽകുകയും ചെയ്തത്. സംസ്ഥാനങ്ങളിലും ഇടതുപക്ഷ പാർടികളുടെ സംയുക്ത വേദികൾ ഉണ്ടായിട്ടുണ്ട്. പഞ്ചാബിൽ സി.പി.ഐ (എം), സി.പി.ഐ, സി.പി.ഐ (എം.എൽ)– ലിബറേഷൻ, സി.പി.എം (പഞ്ചാബ്) എന്നീ നാല് ഇടതുപക്ഷ പാർടികൾ ആവശ്യങ്ങളുടെ ചാർട്ടർ ഉന്നയിച്ച് സംയുക്ത പ്രസ്ഥാനം രൂപീകരിച്ചു. 2014 സെപ്തംബർ മുതൽ ഈ നാലു കക്ഷികളുടെ സംയുക്ത പ്രസ്ഥാനം പ്രവർത്തിച്ചുവരികയാണ്.

2.73 പശ്ചിമബംഗാളിൽ 17 ഇടതുപക്ഷ പാർടികളും ഗ്രൂപ്പുകളും സാമ്രാജ്യത്വത്തിനും വർഗീയതയ്ക്കും എതിരെ സംയുക്തമായി പോരാടാൻ ഒന്നിച്ചണിനിരന്നിരിക്കയാണ്. തെലങ്കാനയിലും ആന്ധ്രയിലും 11 ഇടതുപക്ഷ പാർടികൾ ഒന്നിച്ച് പ്രവർത്തിക്കുന്നു. മഹാരാഷ്ട്രയിൽ പെസന്റ്സ് ആന്റ് വർക്കേഴ്സ് പാർടി ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ (എം) നും സി.പി.ഐക്കുമൊപ്പം വീണ്ടും അണിനിരന്നു. ഇടതുപക്ഷ ഐക്യം വിപുലപ്പെടുത്തുന്നതിനും പാർടികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവ ഉൾപ്പെട്ട വിപുലമായ വേദിക്ക് രൂപം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ട് പോകേണ്ടതുണ്ട്.

**ഇടതുപക്ഷ താവളങ്ങൾ**

2.74 പശ്ചിമബംഗാളിലും കേരളത്തിലും പാർടിയും ഇടതുപക്ഷവും തിരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ടതും ഇതര സംസ്ഥാനങ്ങളിൽ കാര്യമായ മെച്ചമുണ്ടാക്കാൻ കഴിയാതെ പോയതുമാണ് അവയെ ദേശീയ തലത്തിൽ ദുർബലമാക്കിയതെന്ന് 20–ാം പാർടി കോൺഗ്രസിലെ രാഷ്ട്രീയ പ്രമേയം നിരീക്ഷിച്ചിട്ടുണ്ട്. അതിനുശേഷമുള്ള കാലയളവിൽ ഈ സ്ഥിതി മറികടക്കാൻ പാർടി പരിശ്രമിച്ചുവരികയാണ്. വിശേഷിച്ച് പാർടിക്ക് ശക്തിയുള്ള മൂന്ന് സംസ്ഥാനങ്ങളിൽ.

2.75 സി.പി.ഐ (എം) നും ഇടതുപക്ഷത്തിനും എതിരെ പശ്ചിമബംഗാളിൽ 2009 ൽ ആരംഭിച്ച സംഘടിതമായ ആക്രമണം ഇപ്പോഴും തുടരുകയാണ്. 1970 കളിൽ പാർടിക്കെതിരെ നടന്ന ആക്രമണങ്ങളെയും ഭീകരതകളെയും അളവിലും വ്യാപ്തിയിലും അത് കവച്ചുവയ്ക്കുന്നു. കഴിഞ്ഞ മൂന്ന് വർഷമായി പാർടി പ്രവർത്തനങ്ങളെ അടിച്ചമർത്തുന്നതിനും പാർടി കേഡർമാരെ ഭീഷണിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിരന്തരമായ ആക്രമണ പരമ്പരകളാണ് നടത്തപ്പെട്ടുകൊണ്ടിരിക്കുന്നത്. 2013 ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പ് വേളയിലും അതിനുശേഷവും 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം നടന്ന ആക്രമണങ്ങളിലും അതാണ് കണ്ടത്. പാർടി കേഡർമാരെയും പാർടിയെ പിന്തുണയ്ക്കുന്നവരെയും പാർടിക്ക് വോട്ട് ചെയ്തവരെ പോലും ലക്ഷ്യമിട്ടാണ് തുടർച്ചയായ ഈ ആക്രമണങ്ങൾ അഴിച്ചുവിടപ്പെട്ടത്. സ്ത്രീകൾ വിവിധ പ്രദേശങ്ങളിൽ അതിഭീകരമായ ആക്രമണങ്ങൾക്ക് വിധേയരായി. പല സ്ഥലങ്ങളിലും ആക്രമണകാരികളെ ധൈര്യപൂർവ്വം ചെറുക്കാൻ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. പാർടി പ്രവർത്തകർക്കുനേരെ കള്ളക്കേസുകൾ ഉണ്ടാക്കുന്നതിന് ഭരണസംവിധാനം നഗ്നമായി ദുരുപയോഗം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്. ആക്രമണങ്ങൾക്കും ബലാൽസംഗങ്ങൾക്കും കൊലപാതകങ്ങൾക്കും പ്രേരണ നൽകുന്ന പ്രസംഗങ്ങളാണ് തൃണമൂൽകോൺഗ്രസ് നേതാക്കളും

അവരുടെ എം.പിമാരും നടത്തുന്നത്. 2011 മെയ് മാസത്തിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിനുശേഷം പാർടി അംഗങ്ങളും അനുഭാവികളുമായ 163 സഖാക്കൾ കൊല്ലപ്പെട്ടിട്ടുണ്ട്.

2.76 തൃണമൂൽ കോൺഗ്രസ് ഗവൺമെന്റിന്റെ ദുർഭരണം, ശാരദാ ചിട്ടിഫണ്ട് കുംഭകോണവും മുതിർന്ന തൃണമൂൽ കോൺഗ്രസ് നേതാക്കളുടെ അതിലെ പങ്കും, തൊഴിലാളി വർഗത്തിന്റെയും കർഷകരുടെയും കൂടുതൽ മോശമായിക്കൊണ്ടിരിക്കുന്ന ദുരവസ്ഥ, സ്ത്രീകൾക്കെതിരായി വ്യാപകമായി നടത്തപ്പെടുന്ന കുറ്റങ്ങൾ, കൊള്ളയും പിടിച്ചുപറിയും എന്നിവയൊക്കെയാണ് ഇപ്പോഴത്തെ സ്ഥിതിഗതികളുടെ പ്രത്യേകതകൾ. തൃണമൂൽ കോൺഗ്രസിന്റെ അവസരവാദപരമായ രാഷ്ട്രീയവും ഫാസിസ സദൃശമായ പ്രവർത്തനങ്ങളും ബി.ജെ.പിക്ക് മുതലെടുക്കാനുള്ള അവസരം സൃഷ്ടിച്ചു. പ്രതികൂല സാഹചര്യത്തെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ പാർടി നടത്തിവരുന്നു. ജനാധിപത്യത്തിനും ജനാധിപത്യ അവകാശങ്ങൾക്കും വേണ്ടി പാർടി ക്യാമ്പയിൻ ചെയ്തുകൊണ്ടിരിക്കുന്നു. അതോടൊപ്പം ജനങ്ങളുടെ ജീവിത പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും ഏറ്റെടുത്ത് അവരെ പോരാട്ടങ്ങളിൽ അണിനിരത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. വർഗീയശക്തികളുടെ വർദ്ധിച്ചുവരുന്ന ഭീഷണിക്കെതിരെയും അത് പ്രചാരണം നടത്തുന്നു. അത്തരം പ്രചാരണങ്ങൾക്കും പോരാട്ടങ്ങൾക്കും ജനങ്ങളിൽ നിന്ന് കൂടുതൽ പിന്തുണ ലഭിച്ചുവരുന്നു.

2.77 കേരളത്തിൽ പാർടിയും ഇടതുപക്ഷ ജനാധിപത്യ മുന്നണി (എൽ.ഡി.എഫ്)യും യു.ഡി.എഫ് സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടം നടത്തിവരുന്നു. ഈ കാലയളവിൽ നിരവധി ജനകീയ പ്രക്ഷോഭങ്ങൾ നടത്തപ്പെട്ടു. സോളാർ പാനൽ തട്ടിപ്പിൽ മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് രണ്ടു ദിവസം നീണ്ടുനിന്ന ലക്ഷക്കണക്കിനാളുകൾ പങ്കെടുത്ത സെക്രട്ടറിയേറ്റ് ഉപരോധം അതിൽ ഏറ്റവും ശ്രദ്ധേയമാണ്. പാർടിയും എൽ.ഡി.എഫും വിലക്കയറ്റത്തിനെതിരെയും ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടിയും മന്ത്രിമാർ ഉൾപ്പെട്ട അഴിമതിക്കെതിരെയും പ്രക്ഷോഭങ്ങൾ നടത്തി. ലോക്സഭാ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞു. എങ്കിലും ആർ.എസ്.പിയുടെ ചേരിമാറ്റം തിരിച്ചടിയായി. എൽ.ഡി.എഫിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2.78 കഴിഞ്ഞ പാർടി കോൺഗ്രസിനെ തുടർന്ന് പാർടിയും ഇടത് അടിത്തറയും ഏറെ വിപുലീകരിക്കപ്പെട്ട സംസ്ഥാനമാണ് ത്രിപുര. 2013 ഫെബ്രുവരിയിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി നിർണായകമായ വിജയം നേടി, തുടർച്ചയായി അഞ്ചാം തവണയാണ് വിജയം ആവർത്തിക്കുന്നത്. 52.3 ശതമാനം വോട്ടോടെ 60 സീറ്റിൽ 50 സീറ്റും ഇടതുമുന്നണി നേടി. 2014 ജൂലൈയിൽ നടന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പാർടി തകർപ്പൻ വിജയം നേടി. 95 ശതമാനത്തിലകം ഗ്രാമപഞ്ചായത്തുകളിലും 98.3 ശതമാനം പഞ്ചായത്ത് സമിതികളിലും 99 ശതമാനം ജില്ലാ പരിഷത്ത് സീറ്റുകളിലും ഇടതുമുന്നണി ഭൂരിപക്ഷം നേടി. 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ രണ്ടു സീറ്റുകളിലും സി.പി.ഐ (എം) വിജയിച്ചു; മൊത്തം വോട്ടിന്റെ 64.4 ശതമാനം നേടി വലിയ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ഇടതുമുന്നണി ഗവൺമെന്റ് ചെയ്ത നല്ല പ്രവർത്തനങ്ങളും രാഷ്ട്രീയവും ജനകീയവുമായ എല്ലാ പ്രശ്നങ്ങളിലും പാർടി നടത്തിയ ഇടപെടലും പാർടി സ്വാധീനം വിപുലമാക്കുന്നതിന് സഹായകമായി. ഇതിനെ അരക്കിട്ടുറപ്പിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. കേന്ദ്രത്തിലെ ബി.ജെ.പി ഗവൺമെന്റിന്റെ ആക്രമണങ്ങളിൽ നിന്നും ഇടതുമുന്നണി ഗവൺമെന്റിനെ സംരക്ഷിക്കുന്നതിനുവേണ്ട ജാഗ്രതയും പുലർത്തേണ്ടതുണ്ട്.

## പാർടിയെ ശക്തിപ്പെടുത്തലും വിപുലീകരിക്കലും

2.79 20–ാം പാർടി കോൺഗ്രസിന്റെ രാഷ്ട്രീയ പ്രമേയം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:

*"ഇടതുപക്ഷത്തിന് ഗുരുതരമായ തിരഞ്ഞെടുപ്പ് തിരിച്ചടികൾ സഹിക്കേണ്ടി വരികയും പാർടിക്ക് ഏറ്റവും ശക്തമായ അടിത്തറയുള്ള പശ്ചിമബംഗാളിൽ പാർടി ആക്രമണത്തിന് വിധേയമാകുകയും ചെയ്യുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ, മറ്റു സംസ്ഥാനങ്ങളിൽ പാർടിയുടെ സ്വാധീനവും അടിത്തറയും വിപുലമാക്കേണ്ടത് പരമപ്രധാനമാണ്. ഇത് സാധിക്കുന്നതിന് പാർടിയുടെ സ്വതന്ത്രമായ പങ്ക് ശക്തിപ്പെടുത്തുകയും വിപുലമാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പാർടിയുടെ മുന്നേറ്റത്തിന് ഇത് നിർണ്ണായകമാണ്. പ്രക്ഷോഭങ്ങളിലും സമരങ്ങളിലും ചേരുന്നതിനും ജനങ്ങളുടെ ബോധനിലവാരം ഉയർത്തുന്നതിനും രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള പാർടിയുടെ സ്വതന്ത്രമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജനങ്ങളെ അണിനിരത്തുന്നതിനും അവരെ സംഘടിപ്പിക്കുന്നതിനും ബഹുജനപ്രസ്ഥാനങ്ങളുടെ സ്വാധീനത്തിന് പുറത്തുള്ളവരെ കൊണ്ടുവരുന്നതിനുതകുന്ന വിശാലാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾക്കും ബഹുജനസംഘടനകൾ വേദിയായി തീരണം.* (ഖണ്ഡിക 2.140)

2.80 ഇത് തുടർന്നും, പ്രത്യേകിച്ചും 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷം, സാധുവാണ്; നിലവിലെ സാഹചര്യത്തിൽ കൂടുതൽ പ്രസക്തവുമാണ്. പാർലമെന്റിൽ നമ്മുടെ ശക്തി തീരെ കുറഞ്ഞിരിക്കുന്നതും പാർടിയുടെ ജനകീയാടിത്തറ ക്ഷയിച്ചിരിക്കുന്നതുമായ ഈ സന്ദർഭത്തിൽ, പാർടിയുടെ സ്വതന്ത്രമായ പങ്കിനെ വിപുലപ്പെടുത്തേണ്ടതും അതിന്റെ ശക്തിയും ജനകീയാടിത്തറയും വർദ്ധിപ്പിക്കേണ്ടതും തികച്ചും നിർണ്ണായകമാണ്. വർഗ–ബഹുജന പ്രസ്ഥാനങ്ങൾ വികസിപ്പിക്കുന്നതിനായിരിക്കണം പാർടി ഊന്നൽ നൽകേണ്ടത്. നവലിബറൽ നയങ്ങൾക്കെതിരായ പോരാട്ടങ്ങളെ പ്രാദേശികമായ പ്രശ്നങ്ങളിൻമേൽ നടക്കുന്ന ഈടുറ്റ പോരാട്ടങ്ങളുമായി കണ്ണി ചേർത്തുകൊണ്ട് വികസിപ്പിക്കണം.

2.81 വിശാലാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങളും പോരാട്ടങ്ങളും ഉയർത്തിക്കൊണ്ടു വരുന്നതിന് വർഗ–ബഹുജനസംഘടനകളുടെ സ്വതന്ത്രമായ പ്രവർത്തനത്തെ വികസിപ്പിക്കുന്നതിന് പാർടി നേതൃത്വം നൽകണം.

2.82 ബൂർഷ്വാ–ഭൂപ്രഭു പാർടികളുടെ രാഷ്ട്രീയത്തിനും പ്രത്യയശാസ്ത്രത്തിനുമെതിരെ പാർടി ധീരമായ മുൻകൈയെടുത്തുകൊണ്ട് സി.പി.ഐ (എം)ന്റെ രാഷ്ട്രീയ ലൈനിന്റെയും ഇടതുജനാധിപത്യപരിപാടിയുടെയും അടിസ്ഥാനത്തിൽ അവയെ എതിർക്കേണ്ടതുമുണ്ട്.

2.83 ഭരണ വർഗങ്ങളുടെ പ്രത്യയശാസ്ത്രത്തെയും രാഷ്ട്രീയത്തെയും എതിർക്കുന്നതിനും രാഷ്ട്രീയ പോരാട്ടങ്ങൾ നടത്തുന്നതിനും പാർടി അതിന്റെ കേഡർമാരെ രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും സജ്ജരാക്കണം.

2.84 രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ കടമകൾ ഏറ്റെടുക്കുന്നതിനും ഉശിരൻ സമരങ്ങൾ സംഘടിപ്പിക്കുന്നതിനുമുള്ള പ്രാപ്തി നേടുന്നതിന് പാർടി സംഘടനയെ നവീകരിക്കുകയും പുനഃദിശാനിർണ്ണയം ചെയ്യുകയും വേണം.

## ഇടതുപക്ഷ ജനാധിപത്യമുന്നണി

2.85 ബി.ജെ.പിക്കും കോൺഗ്രസിനും മറ്റ് ബൂർഷ്വാ–ഭൂപ്രഭു ശക്തികൾക്കുമെതിരെയുള്ള യഥാർത്ഥ ബദൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. ജനകീയ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിനായി വർഗങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം ഈ മുന്നണി. അതിനാൽ ഈ മുന്നണിക്ക് തിരഞ്ഞെടുപ്പിനോ അല്ലെങ്കിൽ ഗവൺമെന്റ് രൂപീകരിക്കുന്നതിനോ ഉള്ള ഒരു സഖ്യം മാത്രമായിരിക്കാൻ കഴിയില്ല. മറിച്ച് തൊഴിലാളിവർഗം, കർഷക ജനസാമാന്യം, കർഷകത്തൊഴിലാളികൾ, ഇടത്തരക്കാർ, കൈത്തൊഴിലുകാർ, ചെറുകിട പീടികക്കാർ, കച്ചവടക്കാർ തുടങ്ങിയവരെ പ്രതിനിധാനം ചെയ്യുന്ന പോരാടുന്ന ശക്തികളുടെ മുന്നണിയായി ഉയർന്നു വരണം.

2.86 നിലവിൽ, ഇടതുപക്ഷ ജനാധിപത്യമുന്നണിയിലേക്ക് വലിച്ചടുപ്പിക്കാൻ കഴിയുന്ന ശക്തികേന്ദ്രങ്ങൾ ഇടതുപാർടികളും അവയുടെ വർഗ–ബഹുജന സംഘടനകളും; ഇടതു ഗ്രൂപ്പുകളും ബുദ്ധിജീവികളും ; വിവിധ പാർടികളിലായി ചിതറിക്കിടക്കുന്ന സോഷ്യലിസ്റ്റുകളും കോൺഗ്രസിതര മതനിരപേക്ഷ പാർടികൾക്കുള്ളിലെ ജനാധിപത്യ വിഭാഗങ്ങളും; ആദിവാസികൾ, ദളിതർ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ജനാധിപത്യസംഘടനകളും, അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന സാമൂഹ്യ പ്രസ്ഥാനങ്ങളും ആകുന്നു. ഈ ശക്തികളെയെല്ലാം ബൂർഷ്വാ–ഭൂപ്രഭു പാർടികളുടെ നയങ്ങളിൽ നിന്ന് വേറിട്ടതും അവയ്ക്കെതിരുമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരൊറ്റ പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവരുന്നതിലൂടെ മാത്രമേ ഇടതുപക്ഷ ജനാധിപത്യമുന്നണിയിലേക്കുള്ള പ്രസ്ഥാനത്തിന് മൂർത്തരൂപം നൽകാനാകു. ഒരു പൊതുഅവകാശ പത്രികയോടുകൂടി എല്ലാ വർഗ–ബഹുജനസംഘടനകളുടെയും പൊതുവേദി കെട്ടിപ്പടുക്കുന്നതിനായിരിക്കണം ഈ ദിശയിലേക്കുള്ള ചുവട്‌വെയ്പ്.

2.87 ഇടതു ജനാധിപത്യഐക്യം കെട്ടിപ്പടുക്കുന്നതിനായുള്ള പോരാട്ടം വിവിധ തരത്തിലായിരിക്കും, വിവിധ സംസ്ഥാനങ്ങളിൽ മുന്നേറുന്നത്. പല രീതിയിലുമുള്ള ഇടതുപക്ഷ ജനാധിപത്യകൂട്ടായ്മകൾ സംസ്ഥാനങ്ങളിൽ ഉയർന്നുവരും. എന്നാൽ ഇവ അഖിലേന്ത്യാതലത്തിൽ ഇടതുജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിനുള്ള പങ്ക് വഹിക്കും. പാർടി സ്വീകരിക്കുന്ന അടവുകളെല്ലാം കേന്ദ്രീകരിക്കേണ്ടത് ശക്തമായ ഒരു ഇടതുപക്ഷ ജനാധിപത്യമുന്നണി യാഥാർത്ഥ്യമാക്കുന്നതിലേക്കായിരിക്കണം.

## ഇടതു ജനാധിപത്യപരിപാടി

2.88 ബൂർഷ്വാ–ഭൂപ്രഭു–നവ ഉദാരവൽക്കരണചട്ടക്കൂടിനെതിരെയുള്ള ബദൽ നയങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് ഇടതുജനാധിപത്യപരിപാടി. തൊഴിലാളിവർഗം, കർഷക ജനസാമാന്യം, കർഷകത്തൊഴിലാളികൾ, ഗ്രാമീണ തൊഴിലാളികൾ, പീടിക കച്ചവടക്കാർ, ഇടത്തരക്കാർ, ബുദ്ധിജീവി വിഭാഗം എന്നിവരുടെ അടിയന്തിരാവശ്യങ്ങൾ ഉൾപ്പെടുന്നതുമാണിത്. ഈ പരിപാടിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ആവശ്യങ്ങളെയും വിഷയങ്ങളെയും ഇടതുപക്ഷ ജനാധിപത്യശക്തികളുടെ രാഷ്ട്രീയ ക്യാമ്പയിനുകളുടെയും സമരങ്ങളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും അടിത്തറയാക്കാൻ കഴിയും.

2.89 ഈ പരിപാടിയിൽ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളണം.

1. ആഗോള സമ്പദ്ഘടനയുമായി ബന്ധപ്പെടുമ്പോൾതന്നെ സ്വാശ്രയത്വത്തെ പ്രോത്സാഹിപ്പിക്കുന്നതും ഉൽപാദകശക്തികളെ വികസിപ്പിക്കുന്നതും തൊഴിലവസരങ്ങൾ പരമാവധിയാക്കുന്നതും സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങൾ കുറയ്ക്കുന്നതുമായ വികസന പാതയ്ക്കുവേണ്ടി വികേന്ദ്രീകരണത്തോടുകൂടിയ ആസൂത്രിത വികസനം ആവശ്യമാണ്.
2. സമഗ്രമായ ഭൂപരിഷ്കരണത്തിനും കാർഷിക ബന്ധങ്ങളുടെ ജനാധിപത്യപരമായ പരിവർത്തനത്തിനും വേണ്ടി; സഹകരണാത്മകമായ കൃഷിയുടെയും വിപണനത്തിന്റെയും വികസനം.
3. കുത്തകകളെ ചെറുക്കുക; മർമ്മപ്രധാന വ്യവസായങ്ങളിലും അടിസ്ഥാന സേവനങ്ങളിലും പൊതുമേഖലയെ പ്രോൽസാഹിപ്പിക്കുക; സമ്പത്തിന്റെ പുനർഘടനയ്ക്ക് ധനപരവും നികുതി സംബന്ധവുമായ നടപടികൾ കൈക്കൊള്ളുക.

4. മതത്തെയും ഭരണകൂടത്തെയും വേർതിരിക്കുന്നതിനെ മതനിരപേക്ഷതയുടെ അടിസ്ഥാനതത്വമായി ഭരണഘടനയിൽ ഉൾപ്പെടുത്തൽ, കേന്ദ്ര–സംസ്ഥാന ബന്ധങ്ങളെ പുനർഘടനയ്ക്ക് വിധേയമാക്കിക്കൊണ്ട് ജനാധിപത്യപരവും ഫെഡറലുമായ ഘടന.

5. **തൊഴിലാളിവർഗം:** 15000 രൂപയിൽ കുറയാത്ത നിയമാനുസൃത മിനിമം വേതനം തൊഴിലാളികൾക്ക് ഉറപ്പാക്കുകയും അത് ഉപഭോക്തൃ വില സൂചികയുമായി ബന്ധിപ്പിക്കുകയും വേണം, രഹസ്യ ബാലറ്റിലൂടെ ട്രേഡ് യൂണിയനുകളുടെ അംഗീകാരം ഉറപ്പാക്കുക; സാമൂഹ്യസുരക്ഷയും മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തവും ഉറപ്പ് വരുത്തുക; തൊഴിലവസരങ്ങളുടെ കരാർവൽക്കരണം അവസാനിപ്പിക്കുക.

6. **കർഷക ജനസാമാന്യം:** കൃഷിക്കാരൻ നടത്തുന്ന കൃഷിപ്പണിയെ പ്രയോഗക്ഷമമാക്കുന്നതിനും കൃഷിപ്പണിയെ ആദായകരമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക. കൃഷിഭൂമി കാർഷികേതര, വാണിജ്യാവശ്യങ്ങൾക്കായി ഏറ്റെടുക്കുന്നതിൽ നിന്നുള്ള സംരക്ഷണം നൽകുക, കൃഷിയുടെ കോർപറേറ്റുവൽക്കരണവും സ്വകാര്യവൽക്കരണവും ഇല്ലാതാക്കുക.

7. **കർഷകത്തൊഴിലാളികൾ:** കർഷകത്തൊഴിലാളികളുടെ വേതനവും സാമൂഹ്യസുരക്ഷയും സംബന്ധിച്ച് കേന്ദ്രനിയമം കൊണ്ടുവരിക; ഗ്രാമീണ തൊഴിലാളികൾക്ക് വാസസ്ഥലവും പാർപ്പിടവും ഉറപ്പാക്കുക.

8. **വിദ്യാഭ്യാസവും വിദ്യാർത്ഥികളും:** വിദ്യാഭ്യാസത്തിനായുള്ള സർക്കാർ ചെലവഴിക്കൽ ജി.ഡി.പിയുടെ 6 ശതമാനമാക്കുക; സെക്കൻഡറി തലം വരെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം വ്യവസ്ഥ ചെയ്യുക; പൊതുവിദ്യാഭ്യാസത്തെ ഗുണത്തിന്റെയും വൈപുല്യത്തിന്റെയും അടിസ്ഥാനത്തിൽ ശാക്തീകരിക്കുക; സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസും കരിക്കുലവും ക്രമീകരിക്കുക.

9. **യുവജനങ്ങൾ:** തൊഴിലെടുക്കുന്നതിനുള്ള അവകാശം ഭരണഘടനയിലെ മൗലിക അവകാശമാക്കുക. യുവാക്കളുടെ സാർവത്രിക പുരോഗതിക്കായി സ്പോർട്സ്, സാംസ്കാരിക, വൈദഗ്ദ്ധ്യപരിശീലനം എന്നീ സേവനങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥ ചെയ്യുക.

10. **ആരോഗ്യം:** ആരോഗ്യരംഗത്തെ സർക്കാർ ചെലവഴിക്കൽ ജി.ഡി.പിയുടെ 5 ശതമാനമായെങ്കിലും ഉയർത്തുക. പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുക; സ്വകാര്യ ആരോഗ്യരക്ഷാ കേന്ദ്രങ്ങളെ ക്രമീകരിക്കുക; ഉൽപാദന ചെലവിനെ അടിസ്ഥാനമാക്കിയുള്ള വില നിർണയതത്വത്തിലൂടെ അവശ്യമരുന്നുകളുടെ വില നിയന്ത്രിക്കുക.

11. **പരിസ്ഥിതി:** ഹരിതഗൃഹ വാതകങ്ങളുടെ ഉൽസർജനം കുറയ്ക്കുന്നതിനായി, അവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക; എല്ലാ മേഖലകളിലെയും ഉൽപാദനത്തിലും ഉപഭോഗത്തിലും ഊർജക്ഷമത കൈവരിക്കുക; വീണ്ടും പുതുക്കാനുതകുന്ന ഊർജത്തിന് പ്രോൽസാഹനം നൽകുക; ഊർജ അസമത്വം കുറയ്ക്കുക; നദികളിലെയും മറ്റ് ജലാശയങ്ങളിലെയും മലിനീകരണം നിയന്ത്രിക്കുക, ജലസ്രോതസുകൾ സ്വകാര്യവൽക്കരിക്കാതിരിക്കുക.

12. **ജനക്ഷേമം:** ഭക്ഷ്യധാന്യങ്ങളെ കൂടാതെ മറ്റ് അവശ്യസാധനങ്ങളും സാർവത്രിക പൊതുവിതരണ സമ്പ്രദായം വഴി നൽകുക. സാർവത്രിക പെൻഷൻ ആനുകൂല്യം. സുരക്ഷിതമായ കുടിവെള്ളവും ശുചീകരണ സംവിധാനവും. ഗ്രാമീണ ദരിദ്രർക്ക് വീട്.

13. **സ്ത്രീകൾ:** പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റ് സംവരണം വ്യവസ്ഥ ചെയ്യുക. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ എല്ലാ തരത്തിലുമുള്ള അക്രമങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുക.

14. **ദളിതർ:** ജാതി വ്യവസ്ഥയും എല്ലാ തരത്തിലുമുള്ള ജാതീയമായ അടിച്ചമർത്തലുകളും ഇല്ലാതാക്കുക; പട്ടികജാതിക്കാർക്കെതിരെയുള്ള അയിത്താചരണവും മറ്റു അതിക്രമങ്ങൾക്കുമെതിരെ കർശനമായ ശിക്ഷാനടപടികൾ; സംവരണ തസ്തികകളിലും സ്ഥാനങ്ങളിലും പ്രമോഷനുകളിലും കുടിശ്ശികയായിട്ടുള്ള ഒഴിവുകൾ നികത്തുക; ദളിത് ക്രിസ്ത്യാനികൾക്ക് പട്ടികജാതി പദവി നൽകുക; സ്വകാര്യമേഖലയിൽ സംവരണം അനുവദിക്കുക.

15. **ആദിവാസികൾ:** ഭൂമിയിന്മേലുള്ള ആദിവാസികളുടെ അവകാശം സംരക്ഷിക്കുകയും അവരിൽ നിന്നും നിയമവിരുദ്ധമായി അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചുനൽകുകയും ചെയ്യുക; വനാവകാശനിയമം പൂർണമായും നടപ്പിലാക്കുക; ചെറുകിട വനഉൽപന്നങ്ങൾക്ക് താങ്ങുവില നൽകുക.

16. **ന്യൂനപക്ഷങ്ങൾ:** ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കുക. മുസ്ലീം വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യക്ഷേമം എന്നിവ പ്രത്യേകം വ്യവസ്ഥ ചെയ്യുക.

17. **കുട്ടികളുടെ അവകാശങ്ങൾ:** എല്ലാ തരത്തിലുമുള്ള ബാലവേലയും നിരോധിക്കുക; ഒരു വയസിനും 6 വയസിനും ഇടയ്ക്കുള്ള കുട്ടികൾക്ക് ഐ.സി.ഡി.എസ്/ശിശു സംരക്ഷണം സാർവത്രികമാക്കുക.

18. **അംഗവൈകല്യമുള്ള വ്യക്തികൾ:** അവകാശാധിഷ്ഠിത ചട്ടക്കൂട്, അംഗവൈകല്യത്തെ വിവേചനത്തിനുള്ള അടിസ്ഥാനമാക്കുന്ന തരത്തിലുള്ള ഭരണഘടനാ വ്യവസ്ഥ ഭേദഗതി ചെയ്യുക. തുല്യ അവസരങ്ങളും സമതുലിതമായ അവസ്ഥയും; എല്ലാ പൊതു ഇടങ്ങളിലും തടസ്സങ്ങളില്ലാതെ എത്തിച്ചേരൽ.

19. **ജനാധിപത്യാവകാശങ്ങളും തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളും:** ഭാഗിക പട്ടികസമ്പ്രദായത്തോടുകൂടിയ ആനുപാതിക പ്രാതിനിധ്യസമ്പ്രദായം നടപ്പിലാക്കുക; തിരഞ്ഞെടുപ്പുകൾക്കുള്ള ചെലവ് സർക്കാരിൽ നിന്നും നിർവഹിക്കുന്നതിനുള്ള വ്യവസ്ഥ; സായുധ സേനയുടെ പ്രത്യേകാധികാര നിയമം (എ.എഫ്.എസ്.പി.എ) പിൻവലിക്കുക; നിയമവിരുദ്ധ പ്രവർത്തനം തടയൽ നിയമം (യു.എ.പി.എ) പരിഷ്കരിക്കുക; ഇന്ത്യൻ ശിക്ഷാനിയമത്തിലെ (ഐ.പി.സി) രാജ്യദ്രോഹനിയമം റദ്ദു ചെയ്യുക; വധശിക്ഷ ഇല്ലാതാക്കുക.
20. **സംസ്കാരം, മാധ്യമം:** ജനാധിപത്യസംസ്കാരത്തിന്റെ വികാസം, വിപണിയധിഷ്ഠിതമൂല്യ സ്വാധീനത്താലുള്ള അഴിമതിയിൽനിന്നും മുക്തി. പിന്തിരിപ്പനും വർഗീയവും വിജ്ഞാന വിരോധപരവുമായ സ്വാധീനങ്ങളെ ചെറുക്കുന്നതിന് മതനിരപേക്ഷതയെയും സാംസ്കാരിക വൈവിധ്യത്തെയും വികസിപ്പിക്കുക; നാടൻ കലകളെയും പാരമ്പര്യത്തെയും പരിപോഷിപ്പിക്കുക. പൊതുപ്രക്ഷേപണ സേവനങ്ങളെ ശക്തിപ്പെടുത്തുക; മാധ്യമങ്ങളുടെ ക്രോസ് ഓണർഷിപ്പ് തടയുക; മാധ്യമങ്ങൾക്കായി സ്വതന്ത്രാധികാരമുള്ള നിയന്ത്രണ വ്യവസ്ഥ കൊണ്ടുവരിക.

2.90 **കടമകൾ**

1. വലതുപക്ഷ കടന്നാക്രമണങ്ങൾക്കെതിരെ യഥാർത്ഥ പോരാട്ടം ഉയർത്തിക്കൊണ്ടു വരണം. നവഉദാരവൽക്കരണത്തിലധിഷ്ഠിതമായ മോഡി ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെ ശക്തമായി എതിർക്കുക. അധ്വാനിക്കുന്ന ജനങ്ങൾക്കുമേലുള്ള നവലിബറൽ ആക്രമണങ്ങളെ ചെറുക്കുന്നതിന് വിവിധ വിഭാഗങ്ങളിലെ അധ്വാനിക്കുന്ന ജനങ്ങളെ സംഘടിപ്പിക്കുകയും അണിനിരത്തുകയും ചെയ്യുക.
2. പാർടിയും സാമൂഹ്യവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവും വിദ്യാഭ്യാസപരവുമായ മേഖലകളിലെ ബഹുജനസംഘടനകളും ബി.ജെ.പി–ആർ.എസ്.എസ് അച്ചുതണ്ടിന്റെ വർഗീയ അജൻഡയെ രാഷ്ട്രീയമായി ജനങ്ങൾക്കിടയിൽ തുറന്നു കാണിക്കുകയും വർഗീയ വിപത്തിനെതിരെയും മതനിരപേക്ഷ മൂല്യം സംരക്ഷിക്കുന്നതിനുവേണ്ടിയും മതനിരേപക്ഷ ജനാധിപത്യശക്തികളെ വിപുലമായി അണിനിരത്തുകയും ചെയ്യുക.
3. സാമ്രാജ്യത്വവിരുദ്ധ അജൻഡ പാർടി നിരന്തരം ഉയർത്തിക്കൊണ്ടു വരണം. അമേരിക്കയുമായി വർദ്ധിച്ചുവരുന്ന തന്ത്രപരമായ കൂട്ടുകെട്ടുകൾക്കും അമേരിക്കൻ സമ്മർദ്ദങ്ങൾക്ക് വഴങ്ങുന്ന ഭരണവർഗത്തിനുമെതിരെ ബഹുജനങ്ങളെ അണിനിരത്തണം. ലോകത്തൊട്ടാകെയുള്ള എല്ലാ സാമ്രാജ്യത്വവിരുദ്ധ പോരാട്ടങ്ങളെയും പിന്തുണച്ചുകൊണ്ട് അതിനെ വികസിപ്പിക്കുക.
4. സാമൂഹ്യമായി അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ, ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ തുടങ്ങിയവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ശ്രമങ്ങൾ പാർടി ശക്തിപ്പെടുത്തണം. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ പാർടി നേരിട്ട് ഇടപെടുകയും സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ പൊരുതുകയും വേണം.
5. ജനാധിപത്യാവകാശ സംരക്ഷണത്തിനും കലാപരമായ സ്വാതന്ത്ര്യത്തിനും പാർലമെന്ററി ജനാധിപത്യത്തിന് മേലുള്ള നിയന്ത്രണങ്ങളെ എതിർക്കുന്നതിനുംവേണ്ടി അതിവിപുലമായി ജനങ്ങളെ അണിനിരത്തിക്കൊണ്ട്, വലതുപക്ഷത്തേക്കുള്ള മാറ്റം ഉയർത്തുന്ന സ്വേച്ഛാധിപത്യവിപത്തിനെതിരെയുള്ള പോരാട്ടം.
6. പശ്ചിമബംഗാളിൽ ജനാധിപത്യത്തിനുനേരെ നടക്കുന്ന കടന്നാക്രമണങ്ങളെയും അതിക്രമങ്ങളെയും ചെറുക്കുന്നതിനായി പോരാടുന്ന പാർടിയെയും ഇടതുപക്ഷത്തെയും പിന്തുണച്ചുകൊണ്ട് അഖിലേന്ത്യാ ക്യാമ്പയിനുകളിലൂടെ ജനാധിപത്യത്തെയും ജനാധിപത്യാവകാശങ്ങളെയും സംരക്ഷിക്കുക. ത്രിപുരയിലെ ഇടതുമുന്നണി ഗവൺമെന്റിന് നേരെയുള്ള പിന്തിരിപ്പൻ ശക്തികളുടെ ആക്രമണങ്ങൾക്കും കേന്ദ്രഗവൺമെന്റിന്റെ ശത്രുതാപരമായ നിലപാടിനുമെതിരെ ഇടതുപക്ഷ ശക്തികൾ പോരാടണം.
7. പാർടി അതിന്റെ സ്വതന്ത്രമായ പങ്ക് വിപുലപ്പെടുത്തുന്നതിലും അതിന്റെ ശക്തിയും ബഹുജനാടിത്തറയും വർദ്ധിപ്പിക്കുന്നതിലും അങ്ങേയറ്റം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വർഗ–ബഹുജന പ്രശ്നങ്ങളിൽ യോജിച്ചുള്ള പ്രവർത്തനങ്ങൾക്ക് പാർടി ഊന്നൽ നൽകണം. വർഗ–ബഹുജനസംഘടനകൾ യോജിച്ചുള്ള പോരാട്ടങ്ങൾ നയിക്കുകയും ബൂർഷ്വാ പാർടികളെ അനുഗമിക്കുന്ന ബഹുജനങ്ങളെ പ്രസ്ഥാനത്തോട് വലിച്ചടുപ്പിക്കുകയും വേണം.
8. ഇടതു ജനാധിപത്യമുന്നണിയുടെ മുന്നോട്ടുള്ള പുരോഗതിക്കായി ഇടതുപക്ഷ ഐക്യം കെട്ടിപ്പടുക്കുകയും വിപുലമാക്കുകയും വിവിധ വർഗങ്ങളെയും അധ്വാനിക്കുന്ന ജനങ്ങളെയാകെയും ഇടതു ജനാധിപത്യ പരിപാടിക്ക് പിന്നിൽ അണിനിരത്തുകയും വേണം.

**ശക്തമായ പാർടി കെട്ടിപ്പടുക്കുന്നതിനുള്ള ആഹ്വാനം**

2.91 രാജ്യം നേരിടുന്ന നിർണ്ണായകമായ സാഹചര്യത്തിൽ സി.പി.ഐ (എം) കെട്ടിപ്പടുക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വമ്പിച്ച പ്രാധാന്യമുണ്ട്. അത്തരത്തിലൊരു കരുത്തുറ്റ പാർടി കെട്ടിപ്പടുക്കുന്നതിനായി നമുക്ക് മുന്നേറാം:

- എല്ലാ വിഭാഗങ്ങളിലും പെട്ട അധ്വാനിക്കുന്ന ജനങ്ങളുടെയും പോരാട്ടങ്ങളുമായി മുന്നോട്ടു പോകുന്നതിന് പാർടിയെ ചലനാത്മകവും സമരോത്സുകവുമായ വേദിയാക്കി മാറ്റുക.

- പാർടിയുടെ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് പ്രത്യയശാസ്ത്രാടിത്തറ ശക്തിപ്പെടുത്തുക.
- കടമകൾ നിർവഹിക്കുന്നതിന് സംഘടനയെ നവീകരിച്ച് ശക്തിപ്പെടുത്തുക.

ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും സാമൂഹ്യനീതിയുടേയും സോഷ്യലിസത്തിന്റെയും ലക്ഷ്യവുമായി മുന്നേറാം!

നവലിബറൽ മുതലാളിത്തവും ഭൂരിപക്ഷ വർഗീയതയും അടിച്ചേൽപ്പിക്കുന്ന നാശത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാൻ കഴിയുക ഇടതുപക്ഷ ബദലിന് മാത്രമാണ്.

ഒരു ശക്തമായ ഇടതുപക്ഷ ജനാധിപത്യമുന്നണി കെട്ടിപ്പടുക്കുന്നതിനായി നമുക്ക് മുന്നേറാം.

ഈ സന്ദേശവുമായി ജനങ്ങളോടൊപ്പം പാർടി ഒന്നടങ്കം മുന്നോട്ടുപോകാൻ 21–ാം പാർടി കോൺഗ്രസ് ആഹ്വാനം ചെയ്യുന്നു.

## കരട് രാഷ്ട്രീയ പ്രമേയത്തിനുള്ള ഭേദഗതികൾ അയയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ

''**കരട് രാഷ്ട്രീയ പ്രമേയ**''ത്തിനുള്ള ഭേദഗതികൾ അയയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ഭേദഗതികളിലും ബന്ധപ്പെട്ട ഖണ്ഡികയുടെയും വരിയുടെയും നമ്പർ രേഖപ്പെടുത്തണം.
2. ബന്ധപ്പെട്ട സഖാവിന്റെ പേരും ഘടകവും/ഭേദഗതി നിർദ്ദേശിക്കുന്ന ഘടകം ഏതെന്നും സൂചിപ്പിച്ചിരിക്കണം.
3. എല്ലാ ഭേദഗതികളും 2015 മാർച്ച് 25 ന് മുമ്പ് ലഭിച്ചിരിക്കണം.
4. ചുവടെ ചേർക്കുന്ന മേൽവിലാസത്തിലായിരിക്കണം തപാൽ/കൊറിയർ വഴി ഭേദഗതികൾ അയയ്ക്കേണ്ടത്.

**കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)**
**സെൻട്രൽ കമ്മിറ്റി, എ.കെ. ഗോപാലൻ ഭവൻ,**
**2729 ഭായി വീർസിംഗ് മാർഗ്, ന്യൂഡൽഹി**

5. കവറിന് പുറത്ത് 'കരട് രാഷ്ട്രീയ പ്രമേയം' എന്ന് രേഖപ്പെടുത്തിയിരിക്കണം.
6. ഫാക്സിൽ അയയ്ക്കുന്നത് വായിക്കാനാവാത്ത വിധം അവ്യക്തമാകാനിടയുള്ളതുകൊണ്ട് ഫാക്സ് ചെയ്യുന്നത് ഒഴിവാക്കുക.
7. ഇ–മെയിലായി ഭേദഗതികൾ അയയ്ക്കുന്നവർ ടെക്സ്റ്റായോ വേഡ് ഫയലായോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

8. **“Amendments to the Draft Political Resolution”** (കരട് രാഷ്ട്രീയ പ്രമേയത്തിനുള്ള ഭേദഗതികൾ) എന്ന് ഇ–മെയിലിന്റെ സബ്ജക്ടിൽ രേഖപ്പെടുത്തേണ്ടതാണ്; pol@cpim.org ലേക്ക് മെയിൽ ചെയ്യുക.
9. ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ ഭേദഗതികൾ അയയ്ക്കുകയാണെങ്കിൽ സഹായകമായിരിക്കും.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ലൈൻ നമ്പർ | ഭേദഗതി | നിർദ്ദേശിക്കുന്നത് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |